VOL NO: 07 | ISSUE 12
www.nerpatham.com
mail@nerpatham.com
2023 MARCH 25 | ₹10

# നേർപഥം

വാരിക



# നോമ്പ്; തിന്മകളെ പ്രതിരോധിക്കുന്ന പരിച

ആത്മാർഥതയില്ലെങ്കിൽ ആരാധനാകർമങ്ങളിൽ മായം കലരുന്നത് സ്വാഭാവികം. പൈശാചിക പ്രലോഭനങ്ങൾ അതിന് ആക്കം കൂട്ടുകയും ചെയ്യും. എന്നാൽ ദേഹേച്ഛയോടും ഭൗതിക തൃഷ്ണകളോടും ഒരുപോലെ യുദ്ധം ചെയ്ത് പൂർത്തീകരിക്കുന്ന ആരാധനയെന്ന നിലയ്ക്ക് നോമ്പിന് സവിശേഷതകൾ ഏറെയുണ്ട്. നന്മകളുടെ ഉറവ എന്നതിനൊപ്പം തിന്മകൾക്കെതിരെയുള്ള പരിച കൂടെയായി നോമ്പ് മാറുന്നത് അപ്പോഴാണ്.



## വ്രതം ആത്മീയതക്കും ആരോഗ്യത്തിനും

|| നോമ്പ്; ചില ഫത്‌വകൾ
|| സഹനത്തിന്റെ പവിത്രമാസം
|| വിശുദ്ധ ക്വുർആനും സത്യവിശ്വാസിയും



സി ബി എസ് ഇ പഠനത്തോടൊപ്പം
ധാർമികാന്തരീക്ഷത്തിൽ താമസിച്ച്
പഠിക്കാൻ സുരക്ഷിതമായ ക്യാമ്പസ്

Enrol Now!

# GreenHome
RESIDENTIAL CAMPUS

**സവിശേഷ പഠന മേഖലകൾ:**

- പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരുടെ മേൽനോട്ടവും മാർഗനിർദേശങ്ങളും.
- വിശ്വാസം, കർമശാസ്ത്രം, ഇസ്‌ലാമിക ചരിത്രം എന്നിവയിലധിഷ്ഠിതമായ കരിക്കുലം.
- CBSE സിലബസിൽ ഉന്നത നിലവാരത്തിലുള്ള അക്കാദമിക് സൗകര്യം.
- എക്സ്പീരിയൻസ്ഡ് ലേണിംഗ്.
- തജ്‌വീദോടുകൂടി നിശ്ചിതഭാഗം ക്വുർആൻ മനപാഠമാക്കാൻ അവസരം.
- അറബി, ഇംഗ്ലീഷ് ഭാഷകളിൽ പ്രത്യേക പരിശീലനം.

Registration Open

CONTACT US
+91 9605 146 000
+91 9061 716 600

**For Boys Grade 5 to 8**
**For Girls Grade 6 & 7**

GREEN VALLEY
PUBLIC SCHOOL

+91 9061 716 600
Green Valley Campus, P.O.Nellikkaparamba,
Mukkam, Kozhikode | www.greenvalleycampus.com

0322
# നേർപഥം
വാരിക
2023 മാർച്ച് 25
1444 റമദാൻ 2
പുസ്തകം 07 / ലക്കം 12




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി

10
## നോമ്പ്; തിന്മകളെ പ്രതിരോധിക്കുന്ന പരിച
ഉസ്മാൻ പാലക്കാഴി

മുഖമൊഴി
05 വിശുദ്ധ ക്വുർആനും അറബി ഭാഷയും

ലേഖനം
22 സഹനത്തിന്റെ പവിത്രമാസം
മെഹബൂബ് മദനി, ഒറ്റപ്പാലം

ലേഖനം
06 ഇസ്‌ലാമോഫോബിയ വിരുദ്ധദിനം; നാം ഓർക്കേണ്ട ചില വസ്തുതകൾ
ടി.കെ അശ്‌റഫ്

സംശയനിവാരണം
25 നോമ്പ്; ചില ഫത്‌വകൾ
ശൈഖ് അബ്ദുൽ അസീസ് ബിൻ അബ്ദുല്ലാഹ് ബിൻ ബാസ്(റഹി)

ക്വുർആൻ ദർശനം
08 സൂറ: അശ്ശൂറാ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
26 മൗലികാവകാശങ്ങളും നിയന്ത്രണങ്ങളും
സുഫ്‌യാൻ അബ്ദുസ്സലാം

ഹദീസ് പാഠം
17 വിശുദ്ധ ക്വുർആനും സത്യവിശ്വാസിയും
സഫ്‌വാൻ അൽഹികമി ആമയൂർ

ലേഖനം
31 വ്രതം ആത്മീയതക്കും ആരോഗ്യത്തിനും
ഡോ. ടി. കെ യൂസുഫ്

ലേഖനം
18 ഈസാ(അ)യുടെ 'മൂന്നാം വരവ്!'
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

കാഴ്ച
34 നടുറോഡിലെ മരണം
ഇബ്നു അലി എടത്തനാട്ടുകര



# വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
# ദക്ഷിണ മേഖലാ ഓറിയന്റേഷൻ ക്യാമ്പ് സമാപിച്ചു

എറണാകുളം: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ ഫെബ്രുവരി 12ന് കോഴിക്കോട്ടു വെച്ച് നടന്ന ഉത്തരമേഖല ഓറിയന്റേഷൻ ക്യാമ്പിന്റെ തുടർച്ചയായി, എറണാകുളം, ആലപ്പുഴ, ഇടുക്കി, കോട്ടയം, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ എക്സിക്യൂട്ടീവ് അംഗങ്ങളെയും; മണ്ഡലം, സെക്രട്ടറി - പ്രസിഡന്റുമാരെയും പങ്കെടുപ്പിച്ചു കൊണ്ട് മാർച്ച് 19 ഞായറാഴ്ച എറണാകുളം ഗ്രാന്റ് മസ്ജിദ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ ദക്ഷിണ മേഖല ഓറിയന്റേഷൻ ക്യാമ്പ് പ്രബോധന പ്രവർത്തന മേഖലയിൽ നവോന്മേഷം പകർന്നു നൽകി സമാപിച്ചു.

എറണാകുളം ജില്ലാ സെക്രട്ടറി ഫൈസൽ ഇബ്റാഹീം ആമുഖ സംസാരം നടത്തി. ക്യാമ്പിന്റെ പ്രാധാന്യവും പ്രസക്തിയും വിശദീകരിച്ചു കൊണ്ട് വിസ്ഡം സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ. അശ്റഫ് അധ്യക്ഷ ഭാഷണം നടത്തി. വിസ്ഡം സംസ്ഥാന വൈസ് പ്രസിഡൻറ് അബൂബക്കർ സലഫി ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു. യഥാർഥ മുവഹ്ഹിദുകൾക്കെതിരെ ശിർക്കാരോപിച്ചവർ ഇപ്പോൾ എത്തിയ ആശയ വൈരുധ്യങ്ങളെ അദ്ദേഹം തുറന്നു കാട്ടി.

സമുദായത്തിൽ നിലനിൽക്കുന്ന ആശയപരമായ വ്യത്യാസങ്ങളുടെ അടിത്തറയും അഹ് ലുസ്സുന്നത്തിന്റ വ്യതിരിക്തതയും വിശദീകരിച്ച് കൊണ്ട് ഹാരിസ് ഇബ്നു സലീം പ്രസംഗിച്ചു. ക്യാമ്പംഗങ്ങളുടെ സംശയങ്ങൾക്ക് ടി.കെ. അശ്റഫ്, അബൂബക്കർ സലഫി, ഹാരിസ് ഇബ്നു സലീം, ഷമീർ മദീനി, സി പി സലിം എന്നിവർ മറുപടി നൽകി.

ഭാരവാഹികളുടെ ദൗത്യവും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച് സി.പി സലീം ക്ലാസെടുത്തു. ഭാരവാഹിത്വം ഭാരമാകാതിരിക്കാനുള്ള കരുതൽ പ്രവർത്തനങ്ങളെക്കുറിച്ച് ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് സംസാരിച്ചു. ജില്ലകളിൽ നടക്കേണ്ട റമദാൻ കാല പ്രവർത്തനങ്ങളുടെ ആസൂത്രണത്തിന് വേണ്ടി ജില്ലയിലെ പ്രതിനിധികൾ ഒരുമിച്ചിരുന്നുള്ള ചർച്ചയ്ക്ക് ക്യാമ്പ് സഹായകമായി.

ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം പരലോകമോക്ഷമാകണമെന്ന് ഉദ്ബോധിപ്പിച്ചു കൊണ്ട് ഹാരിസ് മൗലവി സമാപന പ്രസംഗം നിർവഹിച്ചു. സംസ്ഥാന പ്രവർത്തക സമിതിയംഗങ്ങളായ അബ്ദുറഹ്മാൻ മദനി പുളിക്കൽ, അബ്ദുല്ല ഫാസിൽ, സുഹൈൽ പി.യു. എന്നിവർ സംബന്ധിച്ചു.

ദക്ഷിണ കേരളത്തിലെ പ്രബോധന പ്രവർത്തനങ്ങൾക്ക് ഊടും പാവും പകർന്നു നൽകി, റമദാനിലെ പുണ്യദിനങ്ങളിൽ ആരാധനകളിൽ മുഴുകുന്നതോടൊപ്പം ചിട്ടയായ പ്രവർത്തനങ്ങൾക്ക് കൂടി സമയം കണ്ടെത്തണമെന്ന നിശ്ചയദാർഢ്യവുമായി ക്യാമ്പിന് സമാപനം കുറിച്ചു. ഇതിന്റെ അടുത്ത ഘട്ടമായി ജില്ലാതലങ്ങളിൽ ഓറിയന്റേഷൻ ക്യാമ്പ് നടക്കും.

# വിശുദ്ധ ക്വുർആനും അറബി ഭാഷയും

"തീർച്ചയായും നാം ഇതിനെ അറബി ഭാഷയിലുള്ള ഒരു ക്വുർആൻ ആക്കിയിരിക്കുന്നത് നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുവാൻ വേണ്ടിയാകുന്നു" (ക്വുർആൻ 43:3).

വിശുദ്ധ ക്വുർആൻ അവതീർണമായിട്ട് 14 നൂറ്റാണ്ടുകൾ പിന്നിട്ടുകഴിഞ്ഞു. കഴിഞ്ഞുപോയ ഈ ദീർഘമായ കാലഘട്ടത്തിനിടയിൽ ഈ ഭാഷക്കുണ്ടായ വളർച്ചയും വികാസവും ചെറുതല്ല. ദുർമാർഗികളും കലഹപ്രിയരും ക്ഷിപ്രകോപികളുമായിരുന്ന അറേബ്യൻ ജനത പിന്നീട് മാതൃകായോഗ്യരായ ഉത്തമ സമൂഹമായി മാറുകയായിരുന്നു. അവർ ഈ ഉത്തുംഗസ്ഥാനത്തേക്ക് ഉയർത്തപ്പെടുവാനുള്ള കാരണം പരിശുദ്ധ ക്വുർആനും മുഹമ്മദ് നബി(സ്വ)യുടെ മാതൃകായോഗ്യമായ ജീവിതവുമായിരുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്‌റു അദ്ദേഹത്തിന്റെ 'വിശ്വചരിത്രാവലോകനം' എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'ഇസ്‌ലാമാണ് അറബികളെ ഉയർത്തുകയും അവരിൽ ഓജസ്സും ആത്മവിശ്വാസവും ഉളവാക്കുകയും ചെയ്ത ആ നവീന ശക്തി അഥവാ ആശയം.'


വിവിധ വിജ്ഞാനശാഖകളിലായി അറബിഭാഷ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് ശ്രദ്ധേയമായ നിരൂപണം നെഹ്‌റു നടത്തിയിട്ടുണ്ട്. അദ്ദേഹം എഴുതി: 'പ്രാചീനർക്കിടയിൽ ഈജിപ്തിലോ ഇന്ത്യയിലോ ചൈനയിലോ ശരിയായ ശാസ്ത്രീയ സമ്പ്രദായം നാം കാണുന്നില്ല. അതിന്റെ ചെറിയ ഒരു ശകലം പുരാതന ഗ്രീസിൽ ദൃശ്യമാണ്. റോമിൽ അതുണ്ടായിരുന്നതേയില്ല. എന്നാൽ അറബികളിൽ ഈ ശാസ്ത്രീയ ബുദ്ധി പ്രകടമായി കണ്ടിരുന്നു. അതിനാൽ ആധുനിക ഭൗതിക ശാസ്ത്രത്തിന്റെ പിതാക്കൾ അവരാണെന്നു പറയാം.'

ക്വുർആനിന്റെ ഭാഷാസാഹിത്യത്തെയും പ്രതിപാദന രീതിയെയും വെല്ലുവിളിക്കുന്ന രൂപത്തിൽ ഒരു രചന നടത്തുവാൻ ഇന്നുവരെ ആർക്കും കഴിഞ്ഞിട്ടില്ല. ഒരു ഭാഷയിൽ ആദ്യമായി ഒരു ഗ്രന്ഥമുണ്ടാകുകയും നൂറാണ്ടുകൾ പിന്നിട്ടതിനുശേഷം ആ ഭാഷയുടെ വളർച്ചയും പുരോഗതിയുമെല്ലാം ആദ്യത്തെ ഗ്രന്ഥത്തിനു താഴെ നിലകൊള്ളുകയും ചെയ്യുക എന്നത് സംഭവ്യമാകുന്നത് അതിന്റെ ദൈവികതയ്ക്കുള്ള തെളിവാണെന്നതിൽ സംശയമില്ല.

തിരുത്തപ്പെടേണ്ടതായി തോന്നുന്ന ഒരൊറ്റ വാക്ക് പോലും ക്വുർആനിൽ കാണുന്നില്ലെന്നതും അതിന്റെ ദൈവികത വിളിച്ചറിയിക്കുന്നു. ഒരു നൂറ്റാണ്ടുകാലം മുഴുവൻ തിരുത്ത് ആവശ്യമാകാത്തവിധം നിലനിന്നിട്ടുള്ള ഒരു ശാസ്ത്രിയ വിജ്ഞാന ഗ്രന്ഥമോ തത്ത്വചിന്തയോ ദർശനമോ ലോകത്ത് ഇന്നുവരെ ഉണ്ടായിട്ടില്ല. എന്നാൽ വ്യത്യസ്ത വിഷയങ്ങൾ പ്രതിപാദിക്കുന്ന ക്വുർആനിൽ ഏതെങ്കിലും വിഷയത്തിൽ തെറ്റു സംഭവിച്ചതായും തിരുത്തപ്പെടേണ്ടതായും ഒന്നും കാണുവാൻ സാധ്യമല്ല. ഒരു ഭാഷയിൽ രചിക്കപ്പെട്ട ഗ്രന്ഥം കേവലം അര നൂറ്റാണ്ടു കഴിഞ്ഞു പരിശോധിച്ചാൽ തന്നെ ഒട്ടേറെ വ്യത്യാസം കാണുവാൻ സാധിക്കും. പഴയ മലയാള ഗ്രന്ഥങ്ങളിലൂടെ ഒന്ന് കണ്ണോടിച്ച് നോക്കുക; വായിക്കുവാൻ വളരെ പ്രയാസകരമായിരിക്കുമത്. മലയാളമാണെങ്കിലും അതിലെ ഒട്ടുമിക്ക പദങ്ങളുടെയും അർഥമറിയാതെ നാം ബുദ്ധിമുട്ടും. എന്നാൽ ക്വുർആനിന് ഈ അവസ്ഥ കാണുവാൻ സാധ്യമല്ല. അത് എല്ലാവിധത്തിലും പൂർണതയുള്ള ഗ്രന്ഥമാണ്.

ക്വുർആൻ അവതരിച്ചു നൂറ്റാണ്ടുകൾ കഴിഞ്ഞശേഷമാണ് അറബി ഭാഷക്ക് വ്യാകരണമെഴുതാൻ ശ്രമമുണ്ടായത്. വ്യാകരണനിയമ ഗ്രന്ഥമെഴുതിയവർ ക്വുർആൻ അവതരിക്കുന്നതിനു മുമ്പുള്ള കാര്യങ്ങളാണ് വ്യാകരണ നിയമങ്ങൾക്ക് അടിസ്ഥാനമാക്കിയതെങ്കിലും ആ നിയമങ്ങൾക്ക് ഏറ്റവും നല്ല ഉദാഹരണങ്ങൾ ക്വുർആനാണെന്ന് അവരെല്ലാവരും വ്യക്തമാക്കിയിട്ടുണ്ട്.

അറബി സാഹിത്യകാരന്മാരുടെ കൃതികളിൽ പ്രാസത്തിനു സാഹസപ്പെട്ടിട്ടുള്ളവർ ആ സാഹസം നിമിത്തം ഭാഷയിൽ സർവസാധാരണമല്ലാത്ത പദപ്രയോഗം നടത്താൻ നിർബന്ധിക്കപ്പെടുകയും അതുമൂലം ആശയം വ്യക്തമാകാതെ പോകുകയും ചെയ്തതിന്ന് വളരെ ഉദാഹരണങ്ങളുണ്ട്. ക്വുർആനാകട്ടെ പ്രാസത്തിനുവേണ്ടി സാഹസപ്പെട്ടിട്ടില്ല. എന്നാൽ അതിൽ അതിന്റേതായ ഒരു പ്രാസമുണ്ട്. എത്ര തവണ ആവർത്തിച്ചാവർത്തിച്ച് പാരായണം ചെയ്താലും മതിവരാത്ത ആസ്വാദനമാണ് അത് പ്രദാനം ചെയ്യുന്നത്.



# ഇസ്‌ലാമോഫോബിയ വിരുദ്ധദിനം;
## നാം ഓർക്കേണ്ട ചില വസ്തുതകൾ

**ടി.കെ അശ്റഫ്**
: 81118 07199

**മാർച്ച് 15 ഇസ്‌ലാമോഫോബിയക്കെതിരെയുള്ള ആഗോളദിനമായി ലോകം മുഴുവൻ ആചരിക്കണമെന്ന ഐക്യരാഷ്ട്ര സഭയുടെ പ്രഖ്യാപനത്തിലൂടെ ലോകരാജ്യങ്ങളിലെല്ലാം ഔദ്യോഗിക സഭകളിലും സ്ഥാപനങ്ങളിലും മാധ്യമങ്ങളിലും പൊതുസമൂഹത്തിലാകമാനവും ഇസ്‌ലാം പോസിറ്റീവായി ചർച്ച ചെയ്യപ്പെടാൻ വേദിയൊരുങ്ങുകയാണ് ചെയ്തിട്ടുള്ളത്. ഈയിടെയായി ഇസ്‌ലാമിനെ ഉന്നംവച്ച് നടക്കുന്ന വിദ്വേഷപ്രചരണങ്ങളുടെ ആധിക്യം തന്നെയാണ് ഇങ്ങനെ ഒരു തീരുമാനത്തിലേക്ക് ഐക്യരാഷ്ട്രസഭയെ നയിച്ചിട്ടുള്ളത്.**

ലോകത്ത് ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ നിർത്തി ചില സ്ഥാപിത താൽപര്യക്കാർ വിദ്വേഷം വ്യാപിപ്പിക്കുന്നതിനിടെ, ഇതിനെതിരായി അന്താരാഷ്ട്രദിനം ആചരിക്കണമെന്ന പ്രമേയത്തിന് യു.എൻ പൊതുസഭയുടെ അംഗീകാരം ലഭിച്ചിരിക്കുകയാണ്. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ആരോപണത്തിൽ മുക്കിക്കൊല്ലാൻ ആസൂത്രിതമായ ശ്രമങ്ങൾ നടക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ ഈ പ്രഖ്യാപനം ഏറെ പ്രസക്തമാണ്. മാർച്ച് 15 ഇസ്‌ലാമോഫോബിയക്കെതിരെയുള്ള ആഗോളദിനമായി ലോകം മുഴുവൻ ആചരിക്കണമെന്ന ഐക്യരാഷ്ട്ര സഭയുടെ പ്രഖ്യാപനത്തിലൂടെ ലോകരാജ്യങ്ങളിലെല്ലാം ഔദ്യോഗിക സഭകളിലും സ്ഥാപനങ്ങളിലും മാധ്യമങ്ങളിലും പൊതുസമൂഹത്തിലാകമാനവും ഇസ്‌ലാം പോസിറ്റീവായി ചർച്ച ചെയ്യപ്പെടാൻ വേദിയൊരുങ്ങുകയാണ് ചെയ്തിട്ടുള്ളത്. ഈയിടെയായി ഇസ്‌ലാമിനെ ഉന്നംവച്ച് നടക്കുന്ന വിദ്വേഷപ്രചരണങ്ങളുടെ ആധിക്യം തന്നെയാണ് ഇങ്ങനെ ഒരു തീരുമാനത്തിലേക്ക് ഐക്യരാഷ്ട്രസഭയെ നയിച്ചിട്ടുള്ളത്.

ന്യൂസിലാൻഡിലെ ക്രൈസ്റ്റ് ചർച്ചിൽ രണ്ട് മുസ്‌ലിം പള്ളികളിലായി ഒരു തീവ്ര വലതുപക്ഷ തോക്കുധാരി നടത്തിയ

**ഇസ്‌ലാം മതം സമാധാനത്തിന്റെയും കാരുണ്യത്തിന്റെയും സന്ദേശമാണ് യുഎൻ സെക്രട്ടറി ജനറൽ ആന്റോണിയോ ഗുട്ടറെസ് പ്രസ്താവിക്കുകയുണ്ടായി. "ബഹുദൈവവിശ്വാസികളിൽ വല്ലവനും നിന്റെ അടുക്കൽ അഭയംതേടി വന്നാൽ അല്ലാഹുവിന്റെ വചനം അവൻ കേട്ടു ഗ്രഹിക്കാൻ വേണ്ടി അവന്ന് അഭയം നൽകുക. എന്നിട്ട് അവന്ന് സുരക്ഷിതത്വമുള്ള സ്ഥലത്ത് അവനെ എത്തിച്ചുകൊടുക്കുകയും ചെയ്യുക. അവർ അറിവില്ലാത്ത ഒരു ജനവിഭാഗമാണ് എന്നതു കൊണ്ടാണ ത്'' (ക്വുർആൻ 9:6). ഈ പ്രസ്താവനയിലെ മാനവികത ലോകം തിരിച്ചറി യേണ്ടതുണ്ട്. യുഎൻ പ്രഖ്യാപിക്കുന്ന പല ദിനാചരണങ്ങളെയും വൻ പ്രാധാന്യത്തോടെ വാർത്തയാക്കാറുള്ള പത്രങ്ങളും ചാനലുകളും പൊതു പ്രവർത്തകരും രാഷ്ട്രീയ നേതാക്കളും ജനപ്രതിനിധികളും ഈ ദിനം അറിയാതെ പോയത് ഏത് ഫോബിയ മൂലമാണന്ന് നാം ചിന്തിക്കേണ്ടതുണ്ട്.**

വെടിവയ്പ്പിൽ 51 പേർ കൊല്ലപ്പെട്ട സംഭവമുണ്ടായത് 2019 മാർച്ച് 15ന് ആയതിനാലാണ് ഈ ദിവസത്തെ ദിനാചരണത്തിന് തെരഞ്ഞെടുത്തിരിക്കുന്നത്. വെടിവയ്പ്പുണ്ടായ ശേഷം ന്യൂസിലാൻഡ് പ്രധാനമന്ത്രി ജസീന്ത ആന്റോൺ മുസ്‌ലിം പണ്ഡിതന്മാരെ പാർലമെന്റ് ഹാളിലേക്ക് ക്ഷണിച്ചുകൊണ്ട് ഇസ്‌ലാമിന്റെ സമാധാന സന്ദേശം ലോകത്തോട് പ്രഖ്യാപിക്കാൻ അവസരമൊരുക്കിയത് അന്ന് നാം കണ്ടതാണ്. അന്ന് ആ രാജ്യത്തെ ഔദ്യോഗിക റേഡിയോയിൽ ബാങ്ക് വിളിക്കാൻ ഉത്തരവ് നൽകിയതിലൂടെ ശഹാദത്ത് കലിമയുടെ ശബ്ദം രാജ്യത്തെ മുഴുവൻ വീടുകളിലും എത്തുകയുണ്ടായി. ലക്ഷങ്ങൾ പങ്കെടുത്ത പൊതുവേദികളിൽ ഇസ്‌ലാമിക സന്ദേശങ്ങളെ ബഹുമാനപൂർവം അവതരിപ്പിക്കാൻ സർക്കാർ തന്നെ അവസരം നൽകിയതും നാം ഓർക്കണം. ഈ സംഭവങ്ങളെയെല്ലാം മുൻനിർത്തിയാണ് ലോകത്തുള്ള മുഴുവൻ രാജ്യങ്ങളിലും ഇസ്‌ലാം ചർച്ചയാകുംവിധമുള്ള ഒരു പ്രഖ്യാപനം ഐക്യരാഷ്ട്രസഭയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്.

ഒരു പ്രവാചക പ്രവചനം ഈ സന്ദർഭത്തിൽ നാം ഓർക്കേണ്ടതുണ്ട്. അത് ഇപ്രകാരമാണ്: "രാവും പകലും എത്തുന്നിടത്തെല്ലാം ഈ കാര്യം-അഥവാ ഇസ്‌ലാം-തീർച്ചയായും എത്തിച്ചേരും. കുടിലോ കൊട്ടാരമോ ഈ മതം കടന്നു ചെല്ലാതെ അല്ലാഹു വിട്ടുകളയുകയില്ല. പ്രതാപശാലിയുടെ പ്രതാപത്തെ അവലംബമാക്കിയോ (ശതുവിനെ) നിന്ദ്യനാക്കിക്കൊണ്ടോ, ഇസ്‌ലാമിന് ഔന്നത്യംകൊണ്ട് കരുത്ത് പകർന്നോ ശത്രുവിന്ന് നിന്ദ്യത നൽകിക്കൊണ്ടോ ആയിരിക്കുമത്.''

എല്ലാവരും ഇസ്‌ലാം അംഗീകരിച്ചുകൊള്ളണമെന്നില്ല. എന്നാൽ ഇസ്‌ലാമിനെ ഞാനറിഞ്ഞില്ല എന്ന് പറയാൻ ഒരാൾക്കും സാധ്യമാകാത്ത വിധം ഇസ്‌ലാം എല്ലായിടത്തും എത്തുമെന്ന കാര്യം ഉറപ്പാണ്. മൂസാ നബി(അ)യെ പരാജയപ്പെടുത്താൻ ഫിർഔനും സംഘവും ഒരുക്കിയ ജാലവിദ്യ പ്രകടനത്തിൽ ആദ്യം മൂസാനബി ഒറ്റപ്പെട്ടെങ്കിലും അദ്ദേഹത്തെ പരാജയപ്പെടുത്താൻ ഒരുങ്ങിവന്ന ജാലവിദ്യക്കാർ അദ്ദേഹത്തിൽ വിശ്വസിക്കുന്ന വിസ്മയകരമായ കാഴ്ചയാണ് പിന്നീട് കണ്ടത്. വർത്തമാനകാല ഇന്ത്യൻ സാഹചര്യത്തിൽ സമുദായത്തിന് ഈ ചരിത്രത്തിൽ ഏറെ പാഠങ്ങളുണ്ട്. ഫിർഔനിന്റെ ചെലവിൽ മൂസാ നബി(അ) വിജയിച്ചെങ്കിൽ ഇസ്‌ലാംവിരുദ്ധ ശക്തികളുടെ വിദ്വേഷ പ്രചാരണം അവർക്ക് പരാജയവും ഇസ്‌ലാമിന് വിജയവുമായിരിക്കും പ്രദാനം ചെയ്യുക.




ഇസ്‌ലാം മതം സമാധാനത്തിന്റെയും കാരുണ്യത്തിന്റെയും സന്ദേശമാണ് യുഎൻ സെക്രട്ടറി ജനറൽ ആന്റോണിയോ ഗുട്ടറെസ് പ്രസ്താവിക്കുകയുണ്ടായി. "ബഹുദൈവവിശ്വാസികളിൽ വല്ലവനും നിന്റെ അടുക്കൽ അഭയംതേടി വന്നാൽ അല്ലാഹുവിന്റെ വചനം അവൻ കേട്ടു ഗ്രഹിക്കാൻ വേണ്ടി അവന്ന് അഭയം നൽകുക. എന്നിട്ട് അവന്ന് സുരക്ഷിതത്വമുള്ള സ്ഥലത്ത് അവനെ എത്തിച്ചുകൊടുക്കുകയും ചെയ്യുക. അവർ അറിവില്ലാത്ത ഒരു ജനവിഭാഗമാണ് എന്നതു കൊണ്ടാണത്" (ക്വുർആൻ 9:6).

ഈ പ്രസ്താവനയിലെ മാനവികത ലോകം തിരിച്ചറിയേണ്ടതുണ്ട്. യുഎൻ പ്രഖ്യാപിക്കുന്ന പല ദിനാചരണങ്ങളെയും വൻ പ്രാധാന്യത്തോടെ വാർത്തയാക്കാറുള്ള പത്രങ്ങളും ചാനലുകളും പൊതുപ്രവർത്തകരും രാഷ്ട്രീയ നേതാക്കളും ജനപ്രതിനിധികളും ഈ ദിനം അറിയാതെ പോയത് ഏത് ഫോബിയ മൂലമാണന്ന് നാം ചിന്തിക്കേണ്ടതുണ്ട്.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം 42

# സൂറ: അശ്ശൂറാ

## (കൂടിയാലോചന)

(മക്കയിൽ അവതരിച്ചത്)

وَتَرَىٰهُمْ يُعْرَضُونَ عَلَيْهَا خَـٰشِعِينَ مِنَ
ٱلذُّلِّ يَنظُرُونَ مِن طَرْفٍ خَفِىٍّ ۗ وَقَالَ ٱلَّذِينَ
ءَامَنُوٓا۟ إِنَّ ٱلْخَـٰسِرِينَ ٱلَّذِينَ خَسِرُوٓا۟
أَنفُسَهُمْ وَأَهْلِيهِمْ يَوْمَ ٱلْقِيَـٰمَةِ ۗ أَلَآ إِنَّ
ٱلظَّـٰلِمِينَ فِى عَذَابٍ مُّقِيمٍ ﴿٤٥﴾

وَمَا كَانَ لَهُم مِّنْ أَوْلِيَآءَ يَنصُرُونَهُم مِّن
دُونِ ٱللَّهِ ۗ وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِن سَبِيلٍ ﴿٤٦﴾

ٱسْتَجِيبُوا۟ لِرَبِّكُم مِّن قَبْلِ أَن يَأْتِىَ يَوْمٌ لَّا
مَرَدَّ لَهُۥ مِنَ ٱللَّهِ ۚ مَا لَكُم مِّن مَّلْجَإٍ يَوْمَئِذٍ
وَمَا لَكُم مِّن نَّكِيرٍ ﴿٤٧﴾

فَإِنْ أَعْرَضُوا۟ فَمَآ أَرْسَلْنَـٰكَ عَلَيْهِمْ حَفِيظًا ۖ إِنْ
عَلَيْكَ إِلَّا ٱلْبَلَـٰغُ ۗ وَإِنَّآ إِذَآ أَذَقْنَا ٱلْإِنسَـٰنَ
مِنَّا رَحْمَةً فَرِحَ بِهَا ۖ وَإِن تُصِبْهُمْ سَيِّئَةٌۢ
بِمَا قَدَّمَتْ أَيْدِيهِمْ فَإِنَّ ٱلْإِنسَـٰنَ كَفُورٌ
﴿٤٨﴾

45. നിന്ദ്യതയാൽ കീഴൊതുങ്ങിയവരായിക്കൊണ്ട് അവർ അതിന് (നരകത്തിന്) മുമ്പിൽ പ്രദർശിപ്പിക്കപ്പെടുന്നത് നിനക്ക് കാണാം. ഒളികണ്ണിട്ടായിരിക്കും അവർ നോക്കുന്നത്. വിശ്വസിച്ചവർ പറയും: ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ സ്വദേഹങ്ങളും തങ്ങളുടെ സ്വന്തക്കാരും നഷ്ടപ്പെട്ടവരാരോ, അവർ തന്നെയാകുന്നു തീർച്ചയായും നഷ്ടക്കാർ. ശ്രദ്ധിക്കുക; തീർച്ചയായും അക്രമികൾ നിരന്തരമായ ശിക്ഷയിലാകുന്നു.

46. അല്ലാഹുവിന് പുറമെ തങ്ങളെ സഹായിക്കുന്ന രക്ഷാധികാരികളാരും അവർക്ക് ഉണ്ടായിരിക്കുകയുമില്ല. ഏതൊരുവനെ അല്ലാഹു വഴിപിഴവിലാക്കിയോ അവന്ന് (ലക്ഷ്യപ്രാപ്തിക്ക്) യാതൊരു മാർഗവുമില്ല.

47. ഒരു ദിവസം വന്നെത്തുന്നതിന് മുമ്പായി നിങ്ങളുടെ രക്ഷിതാവിന്റെ ആഹ്വാനം നിങ്ങൾ സ്വീകരിക്കുക. അല്ലാഹുവിങ്കൽനിന്നുള്ള ആ ദിവസത്തെ തടുക്കുക സാധ്യമല്ല. അന്ന് നിങ്ങൾക്ക് യാതൊരു അഭയസ്ഥാനവുമുണ്ടാവില്ല. നിങ്ങൾക്ക് (കുറ്റങ്ങൾ) നിഷേധിക്കാനുമാവില്ല.

48. ഇനി അവർ തിരിഞ്ഞുകളയുകയാണെങ്കിൽ (നബിയേ,) നിന്നെ നാം അവരുടെമേൽ കാവൽക്കാരനായി അയച്ചിട്ടില്ല. നിന്റെമേൽ പ്രബോധന ബാധ്യത മാത്രമേയുള്ളൂ. തീർച്ചയായും നാം മനുഷ്യന് നമ്മുടെ പക്കൽനിന്നുള്ള ഒരു അനുഗ്രഹം ആസ്വദിപ്പിച്ചാൽ അതിന്റെ പേരിൽ അവൻ ആഹ്ലാദം കൊള്ളുന്നു. അവരുടെ കൈകൾ മുമ്പ് ചെയ് തുവെച്ചതിന്റെ ഫലമായി അവർക്ക് വല്ല തിൻമയും ബാധിക്കുന്നുവെങ്കിലോ അപ്പോഴതാ മനുഷ്യൻ നന്ദികെട്ടവൻ തന്നെയാകുന്നു.

45). (അവർ അതിന് മുമ്പിൽ പ്രദർശിപ്പിക്കപ്പെടുന്നത് നിനക്ക് കാണാം) അതായത് നരകത്തിന് മുമ്പിൽ. (നിന്ദ്യതയാൽ കീഴൊതുങ്ങിയവരായിക്കൊണ്ട്) അവരുടെ ഹൃദയങ്ങളിൽ നിന്ദ്യതയും ശരീരം കീഴൊതുങ്ങിയതുമായും കാണാം. (ഒളികണ്ണിട്ടായിരിക്കും അവർ നോക്കുന്നത്) നരകത്തിലേക്ക് അവർ കട്ടുനോക്കും. അതിനെക്കുറിച്ചുള്ള ഭയവും ആശങ്കയും നിമിത്തം.

(വിശ്വസിച്ചവർ പറയും) ആളുകളുടെ ശിക്ഷ വെളിപ്പെടുകയും സത്യവാന്മാർ മറ്റുള്ളവരിൽനിന്ന് വ്യക്തമാവുകയും ചെയ്താൽ. (തീർച്ചയായും നഷ്ടക്കാർ) യഥാർഥത്തിൽ (ഉയിർത്തെഴുന്നേൽപിന്റെ നാളിൽ സ്വദേഹങ്ങളും തങ്ങളുടെ സ്വന്തക്കാരും നഷ്ടപ്പെട്ടവരാരോ അവർ തന്നെയാകുന്നു നഷ്ടക്കാർ) മഹത്തായ പ്രതിഫലങ്ങളെ അവർ അവർക്ക് നഷ്ടപ്പെടുത്തി കഠിനമായ ശിക്ഷ കരസ്ഥമാക്കുകയും സ്വന്തം ബന്ധുക്കളെ വേർപെടുകയും ചെയ്തു. അവർ അവരെ കൂടെ കൂട്ടിയില്ല. (ശ്രദ്ധിക്കുക തീർച്ചയായും അക്രമികൾ) പാപങ്ങളും അവിശ്വാസവുംകൊണ്ട് സ്വന്തങ്ങളോട് അക്രമം ചെയ്തവർ. (നിരന്തരമായ ശിക്ഷയിലാകുന്നു) അതിന്റെ മധ്യത്തിലും ദുരിതത്തിലും ഒരിക്കും പുറത്തുവരാത്തവിധം അതിൽ മുങ്ങിയവർ. അതിൽ അവർക്കൊരു ഇടവേളയില്ല. അതിലവർ നിരാശപ്പെട്ടവരായിരിക്കും.

46). (അല്ലാഹുവിന് പുറമെ തങ്ങളെ സഹായിക്കുന്ന രക്ഷാധികാരികളാരും അവർക്ക് ഉണ്ടായിരിക്കുകയുമില്ല) ഇഹലോകത്ത് അവർക്ക് അവരെക്കുറിച്ചുണ്ടായിരുന്ന മോഹങ്ങളെപ്പോലെ. എന്നാൽ ഉയിർത്തെഴുന്നേൽപുനാളിൽ അവർക്കും മറ്റുള്ളവർക്കും വ്യക്തമാകും അവരുടെ പ്രതീക്ഷയുടെ കാരണങ്ങൾ നഷ്ടമായെന്ന്. അല്ലാഹുവിന്റെ ശിക്ഷ വന്നെത്തുമ്പോൾ അതിനെ അവരിൽനിന്നും തടയപ്പെട്ടില്ല. (ഏതൊരുവനെ അല്ലാഹു വഴിപിഴവിലാക്കിയോ അവന് യാതൊരു മാർഗവുമില്ല) സന്മാർഗം കരസ്ഥമാക്കാൻ. അവരുടെ പങ്കാളികൾ ഉപകാരം വരുത്തുകയും ഉപദ്രവം തടുക്കുകയും ചെയ്യുമെന്നവർ വാദിച്ചപ്പോൾ അവർ പിഴച്ചുപോയി. ശിക്ഷ വന്നപ്പോൾ അവരുടെ വഴികേട് അവർക്ക് വ്യക്തമായി.

47). തന്റെ ആഹ്വാനങ്ങൾ സ്വീകരിക്കണമെന്നാണ് അല്ലാഹു ദാസന്മാരോട് നിർദേശിക്കുന്നത്; അവന്റെ കൽപനകൾ അനുഷ്ഠിച്ചും വിരോധങ്ങൾ ഉപേക്ഷിച്ചുംകൊണ്ട്. പിന്നീട് ചെയ്യാമെന്ന് വെക്കാതെ താൽപര്യപൂർവം അത്നിർവഹിക്കണമെന്നും നിർദേശിക്കുന്നു. നഷ്ടപ്പെട്ടത് വീണ്ടെടുക്കാൻ കഴിയാത്ത, തടുക്കാൻ സാധിക്കാത്ത അന്ത്യദിനം വരുന്നതിനു മുമ്പായിരിക്കുമതെന്നും നിർദേശിക്കുന്നു.

അന്നേദിവസം ദാസന് അഭയം നൽകുന്ന ഒരു അഭയ കേന്ദ്രവുമില്ല. അന്നവൻ ഓടിപ്പോകാൻ ശ്രമിക്കും. എന്നാൽ മലക്കുകൾ അവരെ വലയം ചെയ്യും. അന്ന് വിളിച്ചുപറയപ്പെടും:

يَٰمَعْشَرَ ٱلْجِنِّ وَٱلْإِنسِ إِنِ ٱسْتَطَعْتُمْ أَن تَنفُذُوا۟
مِنْ أَقْطَارِ ٱلسَّمَٰوَٰتِ وَٱلْأَرْضِ فَٱنفُذُوا۟ ۚ لَا
تَنفُذُونَ إِلَّا بِسُلْطَٰنٍ ﴿٣٣﴾

“ജിന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ, ആകാശങ്ങളുടെയും ഭൂമിയുടെയും മേഖലകളിൽ നിന്ന് പുറത്തുകടന്നുപോകാൻ നിങ്ങൾക്ക് സാധിക്കുന്നപക്ഷം നിങ്ങൾ കടന്നുപോയ്ക്കൊള്ളുക. ഒരു അധികാരം ലഭിച്ചിട്ടല്ലാതെ നിങ്ങൾ കടന്നുപോവുകയില്ല” (55:33).

താൻ ചെയ്ത കുറ്റങ്ങളും പാപങ്ങളും അന്നൊരാൾക്കും നിഷേധിക്കാനാവില്ല. ഇനി നിഷേധിക്കുകയാണെങ്കിൽ അവന്റെ സ്വന്തം അവയവങ്ങൾതന്നെ അവനെതിരെ സാക്ഷി പറയും.

ഈ വചനവും ഇതുപോലുള്ള വചനങ്ങളും തെറ്റായ പ്രതീക്ഷകളെ വിമർശിക്കുന്നു. തനിക്ക് ലഭിക്കുന്ന എല്ലാ അവസരങ്ങളും പരമാവധി പ്രയോജനപ്പെടുത്താൻ നിർദേശിക്കുകയും ചെയ്യുന്നു. വൈകിപ്പിക്കുന്നതിൽ ധാരാളം അപകടങ്ങളുണ്ട്.

48). (ഇനി അവർ തിരിഞ്ഞുകളയുകയാണെങ്കിൽ) താങ്കൾ അവർക്ക് കൊണ്ടുവന്നതിന്റെ വ്യക്തമായ വിശദീകരണം കിട്ടിയശേഷവും. (നിന്നെ നാം അവരുടെമേൽ കാവൽക്കാരനായി അയച്ചിട്ടില്ല) അവരുടെ പ്രവർത്തനങ്ങൾക്ക് കാവൽ നിൽക്കാനും അതിനെക്കുറിച്ച് നീ അവരോട് ചോദിക്കാനും. (നിന്റെമേൽ പ്രബോധനബാധ്യത മാത്രമേയുള്ളൂ) നിന്നെ ഏൽപിച്ചത് നീ എത്തിച്ചാൽ നിന്റെ പ്രതിഫലം നിനക്കുറപ്പായി. അവർ സ്വീകരിച്ചാലും അവഗണിച്ചാലും ശരി. അവരുടെ ചെറുതും വലുതും പ്രത്യക്ഷവും പരോക്ഷവുമായ പ്രവർത്തനങ്ങളെ വിചാരണ ചെയ്യാനും സൂക്ഷിക്കാനുമുള്ള ബാധ്യത അല്ലാഹുവിനാണ്.

മനുഷ്യന്റെ ഒരവസ്ഥയെക്കുറിച്ചാണ് തുടർന്ന് അല്ലാഹു പറയുന്നത്. പ്രശസ്തിയായോ ആരോഗ്യമായോ വല്ല കാരുണ്യവും അല്ലാഹു അവനെ അനുഭവിപ്പിച്ചാൽ: (അതിന്റെ പേരിൽ അവൻ ആഹ്ലാദം കൊള്ളുന്നു) അവന്റെ സന്തോഷം അതിൽ പരിമിതമാകുന്നു. അതുമൂലം മാത്രമാകുന്നു അവന്റെ സമാധാനം. അനുഗ്രഹം ചെയ്തവനെ അവഗണിക്കുകയും ചെയ്യുന്നു. (അവർക്ക് വല്ല തിന്മയും ബാധിക്കുന്നുവെങ്കിലോ) ദാരിദ്ര്യം, രോഗം പോലുള്ളവ. (അവരുടെ കൈകൾ മുമ്പ് ചെയ്തുവെച്ചതിന്റെ ഫലമായി, മനുഷ്യൻ നന്ദികെട്ടവൻ തന്നെയാകുന്നു) ലഭിച്ച അനുഗ്രഹത്തിന് നന്ദികേട് കാണിക്കുന്നതാണ് അവന്റെ പ്രകൃതം; ബാധിക്കുന്ന തിന്മയിൽ അനിഷ്ടം കാണിക്കലും.




# നോമ്പ്: തിന്മകളെ പ്രതിരോധിക്കുന്ന പരിച

**ഉസ്മാൻ പാലക്കാഴി**
: 9656 292 244

**ആത്മാർഥതയില്ലെങ്കിൽ ആരാധനാകർമങ്ങളിൽ മായം കലരുന്നത് സ്വാഭാവികം. പൈശാചിക പ്രലോഭനങ്ങൾ അതിന് ആക്കം കൂട്ടുകയും ചെയ്യും. എന്നാൽ ദേഹേച്ഛയോടും ഭൗതിക തൃഷ്ണകളോടും ഒരുപോലെ യുദ്ധം ചെയ്ത് പൂർത്തീകരിക്കുന്ന ആരാധനയെന്ന നിലയ്ക്ക് നോമ്പിന് സവിശേഷതകൾ ഏറെയുണ്ട്. നന്മകളുടെ ഉറവ എന്നതിനൊപ്പം തിന്മകൾക്കെതിരെയുള്ള പരിച കൂടെയായി നോമ്പ് മാറുന്നത് അപ്പോഴാണ്.**

അതിപുരാതനകാലം മുതൽക്കേ ലോകത്തെങ്ങുമുള്ള ജനവിഭാഗങ്ങളിൽ ഏതെങ്കിലുമൊരു വിധത്തിലുള്ള വ്രതാനുഷ്ഠാനം നിലനിന്നുപോന്നതായി കരുതപ്പെടുന്നു. വിവിധ മതക്കാർക്കിടയിൽ വ്യത്യസ്ത രൂപങ്ങളിൽ ഇന്നും വ്രതാനുഷ്ഠാനം നിലവിലുണ്ട്. എന്നാൽ ഇസ്‌ലാം അനുശാസിക്കുന്ന വിധത്തിലുള്ള കണിശതയും ഉദ്ദേശ്യലക്ഷ്യങ്ങളും ഫലങ്ങളുമുള്ള ഒരു നിർബന്ധ കർമമായി വ്രതാനുഷ്ഠാനത്തെ മറ്റൊരു മതവും കാണുന്നില്ല. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നായ നോമ്പ് ഇസ്‌ലാമിക ശരീഅത്തിലെ നിർബന്ധ ശാസനകളിൽ പെട്ട ഒന്നാണ്. ഇസ്‌ലാം വരച്ചുകാണിക്കുന്ന വ്രതത്തിന്റെ രൂപം തികച്ചും സമ്പൂർണമാണ്; ഏത് നിലയ്ക്കും.

ഇബ്നു ഉമർ(റ) നിവേദനം. നബി(സ്വ)പറഞ്ഞു: "ഇസ്‌ലാം സ്ഥാപിതമായിരിക്കുന്നത് അഞ്ചു കാര്യങ്ങളിന്മേലാണ്: 'അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, മുഹമ്മദ് നബി(സ്വ) അല്ലാഹുവിന്റെ ദൂതനാകുന്നു' എന്ന സത്യസാക്ഷ്യ വചനം, നമസ്കാരം മുറപോലെ നിർവഹിക്കൽ, സകാത്ത് നൽകൽ, ഹജ്ജ് നിർവഹിക്കൽ, നോമ്പ് നോൽക്കൽ എന്നിവയാണവ" (ബുഖാരി, മുസ്‌ലിം).

നോമ്പ് മുഹമ്മദ് നബി(സ്വ)യുടെ സമൂഹത്തിന് മാത്രം നിർബന്ധമാക്കപ്പെട്ട ഒരു ആരാധനയല്ലെന്നും അത് മുൻഗാമികൾക്കും നിർബന്ധമാക്കപ്പെട്ടിരുന്നുവെന്നും അല്ലാഹു അറിയിക്കുന്നുണ്ട്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾക്കു മുമ്പുള്ളവർക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്" (2:183).






വ്രതാനുഷ്ഠാനം ദോഷബാധയെ സൂക്ഷിക്കുന്നതിന്ന് വിശ്വാസികളെ സജ്ജമാക്കുന്നു. ദൈവഹിതത്തെ മാത്രം മാനിച്ചുകൊണ്ട് ആഹാരപാനീയങ്ങൾ വെടിയുകയും വികാരങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്ന ഒരാളിൽ ദൈവബോധവും സൂക്ഷ്മതയും വർധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. സദാസമയവും താൻ ദൈവത്താൽ നിരീക്ഷിക്കപ്പെടുന്നുണ്ടെന്ന ബോധം മാത്രമാണല്ലോ രഹസ്യവും പരസ്യവുമായി ഭക്ഷണപാനീയങ്ങൾ ഉപയോഗിക്കുന്നതിൽനിന്നും ലൈംഗികബന്ധത്തിൽനിന്നും ഒഴിഞ്ഞുനിൽക്കാൻ അവനെ പ്രേരിപ്പിക്കുന്നത്. പരലോകബോധമില്ലായിരുന്നുവെങ്കിൽ രഹസ്യമായെങ്കിലും അവൻ തിന്നുകയും കുടിക്കുകയും വികാരപൂർത്തീകരണം സാധിക്കുകയും ചെയ്യുമായിരുന്നു. ഇതു ചെയ്യാതെ ഒരു മാസക്കാലം തുടർച്ചയായി ഉപവസിക്കുന്ന ഒരാളിൽ ദൈവബോധവും സൂക്ഷ്മതയും വളർന്നുവരികയും ജീവിതത്തിൽ ഉടനീളം ദോഷബാധയെ സൂക്ഷിക്കുവാൻ അയാൾ സന്നദ്ധനാവുകയും ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടാണ് വ്രതാനുഷ്ഠാനം നിർബന്ധമാക്കിക്കൊണ്ടുള്ള കൽപനയിൽ 'നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്' എന്ന് വിശുദ്ധ ക്വുർആൻ പറഞ്ഞിരിക്കുന്നത്.

അല്ലാഹുവിന്റെ മതത്തിന്റെ നിയമനിർദേശങ്ങൾ പാലിച്ചുകൊണ്ടും നരകത്തെ ഭയന്നും സ്വർഗത്തിൽ പ്രതീക്ഷയർപ്പിച്ചുമുള്ള, സൂക്ഷ്മത പുലർത്തിക്കൊണ്ടുള്ള ജീവിതം നയിക്കുവാൻ നോമ്പ് മനുഷ്യനെ സഹായിക്കുന്നു എന്നർഥം.

നോമ്പനുഷ്ഠിക്കുവാൻ സാധിക്കാത്തവർക്ക് കാരുണ്യവാനായ സ്രഷ്ടാവ് ഇളവു നൽകിയിട്ടുമുണ്ട്. അല്ലാഹു പറയുന്നു:

"
**ദൈവഹിതത്തെ മാത്രം മാനിച്ചുകൊണ്ട് ആഹാരപാനീയങ്ങൾ വെടിയുകയും വികാരങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്ന ഒരാളിൽ ദൈവബോധവും സൂക്ഷ്മതയും വർധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. സദാസമയവും താൻ ദൈവത്താൽ നിരീക്ഷിക്കപ്പെടുന്നുണ്ടെന്ന ബോധം മാത്രമാണല്ലോ രഹസ്യവും പരസ്യവുമായി ഭക്ഷണ പാനീയങ്ങൾ ഉപയോഗിക്കുന്നതിൽനിന്നും ലൈംഗിക ബന്ധത്തിൽനിന്നും ഒഴിഞ്ഞുനിൽക്കാൻ അവനെ പ്രേരിപ്പിക്കുന്നത്. പരലോക ബോധമില്ലായിരുന്നുവെങ്കിൽ രഹസ്യമായെങ്കിലും അവൻ തിന്നുകയും കുടിക്കുകയും വികാരപൂർത്തീകരണം സാധിക്കുകയും ചെയ്യുമായിരുന്നു. ഇതു ചെയ്യാതെ ഒരു മാസക്കാലം തുടർച്ചയായി ഉപവസിക്കുന്ന ഒരാളിൽ ദൈവബോധവും സൂക്ഷ്മതയും വളർന്നുവരികയും ജീവിതത്തിൽ ഉടനീളം ദോഷബാധയെ സൂക്ഷിക്കുവാൻ അയാൾ സന്നദ്ധനാവുകയും ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല.**

“എണ്ണപ്പെട്ട ഏതാനും ദിവസങ്ങളിൽ മാത്രം. നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ അത്രയും എണ്ണം നോമ്പുകൾ വീട്ടേണ്ടതാണ്. ഞെരുക്കത്തോടെയല്ലാതെ നോമ്പെടുക്കാൻ സാധിക്കാത്തവർ ഒരു ദരിദ്രനുള്ള ഭക്ഷണം പ്രായച്ഛിത്തമായി നൽകേണ്ടതാണ്. എന്നാൽ ആരെങ്കിലും സ്വയം താൽപര്യമെടുത്ത് കൂടുതൽ നന്മ ചെയ്യുന്നുവെങ്കിൽ അതു ഗുണകരം തന്നെ, നിങ്ങൾ നോമ്പനുഷ്ഠിക്കുന്നതാകുന്നു കാര്യം നന്നായി മനസ്സിലാക്കുന്നുവെങ്കിൽ നിങ്ങൾക്കു നല്ലത്” (2:184).

### റമദാനിലെ നോമ്പിന്റെ ശ്രേഷ്ഠത

ഐച്ഛികമായ നോമ്പും നിർബന്ധ നോമ്പുമുണ്ട്. റമദാനിലെ നോമ്പ് നിർബന്ധമായതാണ്. നോമ്പുകൊണ്ട് ആരോഗ്യപരമായ പല നേട്ടങ്ങളുമുണ്ട്. എന്നാൽ ഒരാൾ നോമ്പനുഷ്ഠിക്കുന്നതിന്റെ ലക്ഷ്യം അതായിക്കൂടാ. അത് സ്വാഭാവികമായും ലഭിച്ചേക്കാവുന്ന ഒരു നേട്ടമാണ്. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസത്തോടെയും അവൻ വാഗ്ദാനം ചെയ്തിട്ടുള്ള പ്രതിഫലം ആഗ്രഹിച്ചുകൊണ്ടുമായിരിക്കണം നോമ്പനുഷ്ഠിക്കുന്നത്. അങ്ങനെയുള്ള നോമ്പുകാരന്റെ മുൻകാല പാപങ്ങൾ പൊറുക്കപ്പെടുമെന്ന സന്തോഷവാർത്ത നബി(സ്വ) നൽകിയിട്ടുണ്ട്.

അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: “വിശ്വാസത്തോടെയും പ്രതിഫലേഛയോടെയും ആരെങ്കിലും റമദാനിലെ നോമ്പ് അനുഷ്ഠിച്ചാൽ അവന്റെ മുൻകാല പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്...'' (ബുഖാരി, മുസ്‌ലിം).

നോമ്പ് തിന്മകളെ തടുക്കുന്ന ഒരു പരിചയാണ്; അങ്ങനെയായിരിക്കണം. നോമ്പിന്റെ പ്രതിഫലം നഷ്ടപ്പെടുത്തിക്കളയുന്ന തരത്തിലുള്ള ഒരു പ്രവൃത്തിയും സംസാരവും ഉണ്ടായിക്കൂടാ.

**നോമ്പ് തിന്മകളെ തടുക്കുന്ന ഒരു പരിചയാണ്; അങ്ങനെയായിരിക്കണം. നോമ്പിന്റെ പ്രതിഫലം നഷ്ടപ്പെടുത്തിക്കളയുന്ന തരത്തിലുള്ള ഒരു പ്രവൃത്തിയും സംസാരവും ഉണ്ടായിക്കൂടാ. വിവാഹം കഴിക്കാനുള്ള ആഗ്രഹമുണ്ടായിട്ടും വിവിധകാരണങ്ങളാൽ അതിന് സാധിക്കാത്തവരോട് നോമ്പനുഷ്ഠിക്കാൻ നിർദേശിച്ചതിലൂടെ നോമ്പ് നല്ലൊരു ലൈംഗികവികാര ശമനിയാണെന്ന് പ്രവാചകൻ(സ്വ) പഠിപ്പിക്കുകയാണ് ചെയ്യുന്നത്.**

നബി(സ്വ) പറഞ്ഞു: “യുവസമൂഹമേ, നിങ്ങളിൽ ആർക്കെങ്കിലും വിവാഹത്തിന് സൗകര്യപ്പെട്ടാൽ വൈകാതെ അവൻ വിവാഹിതനാകട്ടെ. കാരണം വിവാഹം (വിലക്കപ്പെട്ട നോട്ടങ്ങളിൽനിന്ന്) കണ്ണിനെ താഴ്ത്തിക്കുന്നതും ഗുഹ്യാവയവത്തെ ഏറ്റവും നന്നായി സംരക്ഷിക്കുന്നതുമാണ്. എന്നാൽ ആർക്കെങ്കിലും വിവാഹം ചെയ്യാൻ സാധിക്കാതെ വന്നാൽ അവൻ നോമ്പ് മുറുകെ പിടിക്കട്ടെ. കാരണം നോമ്പ് അവന് ഒരു വികാരശമനിയാകുന്നു'(ബുഖാരി, മുസ്‌ലിം).

വിവാഹം കഴിക്കാനുള്ള ആഗ്രഹമുണ്ടായിട്ടും വിവിധകാരണങ്ങളാൽ അതിന് സാധിക്കാത്തവരോട് നോമ്പനുഷ്ഠിക്കാൻ നിർദേശിച്ചതിലൂടെ നോമ്പ് നല്ലൊരു ലൈംഗികവികാര ശമനിയാണെന്ന് പ്രവാചകൻ(സ്വ) പഠിപ്പിക്കുകയാണ് ചെയ്യുന്നത്.

നബി(സ്വ) പറഞ്ഞു: “അല്ലാഹുവിന്റെ മാർഗത്തിലായിരിക്കെ ആരെങ്കിലും ഒരു ദിവസം നോമ്പനുഷ്ഠിച്ചാൽ അവനും നരകത്തിനുമിടയിൽ ആകാശ ഭൂമികൾക്കിടയിലെ അകലത്തോളം വിശാലമായ ഒരു കിടങ്ങ് അല്ലാഹു തീർക്കുന്നതാണ്” (തിർമിദി).

നബി(സ്വ) പറഞ്ഞു: “നോമ്പ് ഒരു പരിചയാണ്. നോമ്പുകാരൻ അതുപയോഗിച്ച് നരകത്തിൽനിന്ന് പരിരക്ഷ നേടുന്നു” (അഹ്മദ്).

അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: “അല്ലാഹു ഇപ്രകാരം പറഞ്ഞിരിക്കുന്നു: ‘മനുഷ്യന്റെ മുഴുവൻ കർമങ്ങളും അവനുള്ളതാകുന്നു. നോമ്പൊഴികെ. അത് എനിക്കുള്ളതാണ്. ഞാൻ അതിന് പ്രതിഫലം നൽകുകയും ചെയ്യും. നോമ്പ് ഒരു പരിചയാണ്. അതിനാൽ നിങ്ങളിലൊരാളും നോമ്പിന്റെ ദിനത്തിൽ അസഭ്യം പറയുകയോ കലഹിക്കുകയോ ചെയ്യരുത്. ആരെങ്കിലും തന്നോട് ചീത്ത പറയുകയോ കലഹിക്കുകയോ ചെയ്താൽ ‘ഞാൻ നോമ്പുകാരനാണെ’ന്ന് അവൻ പറയട്ടെ. മുഹമ്മദിന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെ സത്യം, നോമ്പെടുക്കുക വഴി നോമ്പുകാരന്റെ വായിൽ നിന്നുന്ന ഗന്ധം അന്ത്യനാളിൽ അല്ലാഹുവിന്റെയടുക്കൽ കസ്തൂരിയെക്കാൾ സുഗന്ധമുള്ളതായിരിക്കും. നോമ്പുകാരന് രണ്ട് സന്തോഷങ്ങളുണ്ട്. ഒന്ന് നോമ്പ് തുറക്കുമ്പോഴും മറ്റൊന്ന് അല്ലാഹുവിനെ കണ്ടുമുട്ടുമ്പോഴും'' (ബുഖാരി, മുസ്‌ലിം).

### നോമ്പും ക്വുർആനും ശുപാർശ ചെയ്യും

നബി(സ്വ) പറഞ്ഞു: “നോമ്പും ക്വുർആനും അന്ത്യനാളിൽ അതിന്റെയാളുകൾക്ക് ശുപാർശകരായി വരുന്നതാണ്. നോമ്പ് പറയും: ‘നാഥാ, ഞാൻ ഇയാളെ അന്നപാനീയങ്ങളിൽനിന്നും തടഞ്ഞുനിർത്തി. അതിനാൽ ഇയാളുടെ കാര്യത്തിൽ എന്റെ ശുപാർശ സ്വീകരിച്ചാലും!' ക്വുർആൻ പറയും: ‘നാഥാ, ഇയാളെ രാത്രികാല നിദ്രകളിൽ നിന്നും ഞാൻ തടഞ്ഞു. അതിനാൽ ഇയാളുടെ കാര്യത്തിൽ എന്റെ ശുപാർശ സ്വീകരിച്ചാലും.' തുടർന്ന് അവയുടെ

ശുപാർശകൾ സ്വീകരിക്കപ്പെടുന്നതാണ്.

### 'റയ്യാൻ,' നോമ്പുകർക്ക് മാത്രമുള്ള സ്വർഗ കവാടം

സഅ്ലുബ്നു സഅ്ദ്(റ) നിവേദനം. നബി(സ്വ) അരുളി: "റയ്യാൻ എന്നു പേരുള്ള ഒരു കവാടം സ്വർഗത്തിലുണ്ട്. അത് നോമ്പുകാർക്കുള്ളതാണ്. അന്ത്യനാളിൽ നോമ്പുകാർ അതിലൂടെ പ്രവേശിക്കുന്നതാണ്. നോമ്പുകാരല്ലാതെ അവരോടൊപ്പം (അതിലൂടെ) ആരും പ്രവേശിക്കുന്നതല്ല. (ആ കവാടത്തിന്റെയടുത്ത് നിന്നും) ഇപ്രകാരം വിളിച്ചുപറയപ്പെടും: 'എവിടെ നോമ്പുകാർ?' അങ്ങനെ അവർ മാത്രം പ്രവേശിക്കും. അവർ പ്രവേശിച്ചുകഴിഞ്ഞാൽ ആ കവാടം അടക്കപ്പെടും. പിന്നീട് ഒരാളെയും അതിലൂടെ കടത്തിവിടുകയില്ല"(ബുഖാരി, മുസ്‌ലിം).

### നോമ്പും മാസപ്പിറവിയും

റമദാൻ മാസത്തിന്റെ വരവറിയിച്ചുകൊണ്ടുള്ള ചന്ദ്രോദയത്തോടെയാണ് നോമ്പ് ആരംഭിക്കുന്നത്. അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: "മാസപ്പിറവി കാണുന്നതു പ്രകാരം നിങ്ങൾ നോമ്പ് അനുഷ്ഠിക്കുകയും മാസം കണ്ടാൽ നിങ്ങൾ നോമ്പ് മുറിക്കുകയും ചെയ്യുക. മേഘംമൂലമോ മറ്റോ കാണാൻ കഴിയാതെ പോയാൽ നിങ്ങൾ മാസം മുപ്പതായി ഗണിക്കുക" (ബുഖാരി, മുസ്‌ലിം).

**നോമ്പും ക്വുർആനും അന്ത്യനാളിൽ അതിന്റെയാളുകൾക്ക് ശുപാർശകരായി വരുന്നതാണ്. നോമ്പ് പറയും: 'നാഥാ, ഞാൻ ഇയാളെ അന്നപാനീയങ്ങളിൽനിന്നും തടഞ്ഞുനിർത്തി. അതിനാൽ ഇയാളുടെ കാര്യത്തിൽ എന്റെ ശുപാർശ സ്വീകരിച്ചാലും!' ക്വുർആൻ പറയും: 'നാഥാ, ഇയാളെ രാത്രികാല നിദ്രകളിൽ നിന്നും ഞാൻ തടഞ്ഞു. അതിനാൽ ഇയാളുടെ കാര്യത്തിൽ എന്റെ ശുപാർശ സ്വീകരിച്ചാലും.' തുടർന്ന് അവയുടെ ശുപാർശകൾ സ്വീകരിക്കപ്പെടുന്നതാണ്.**

നീതിമാനായ ഒരാളെങ്കിലും മാസപ്പിറവി കണ്ടുവെന്ന് സാക്ഷ്യപ്പെടുത്തുകവഴിയോ ശഅ്ബാൻ മുപ്പതു പൂർത്തിയാക്കൽ വഴിയോ ആണ് റമദാൻ സ്ഥിരപ്പെടുന്നത്.

ഇബ്നു ഉമർ(റ) നിവേദനം: "ജനങ്ങൾ മാസപ്പിറവി കാണാൻ ഒരുമിച്ചുകൂടുകയും അങ്ങനെ ഞാൻ പിറവി ദർശിക്കുകയും നബി(സ്വ)യെ അറിയിക്കുകയും ചെയ്തു. അതനുസരിച്ച് നബി(സ്വ) നോമ്പ് എടുക്കുകയും നോമ്പ് പിടിക്കാൻ ആളുകളോട് നിർദേശിക്കുകയും ചെയ്തു" (അബൂദാവൂദ്).

ആകാശം മേഘാവൃതമായതിനാലോ മറ്റോ പിറവി ദർശിക്കാതിരിക്കുകയാണെങ്കിൽ ശഅ്ബാൻ മുപ്പതായി ഗണിക്കുകയും പിന്നീട് നോമ്പ് തുടങ്ങുകയുമാണ് വേണ്ടത്.


### ആർക്കെല്ലാമാണ് റമദാനിലെ നോമ്പ് നിർബന്ധം?

പ്രായപൂർത്തിയായ, ബുദ്ധിയും ആരോഗ്യവുമുള്ള ഓരോ വിശ്വാസിക്കും നോമ്പ് നിർബന്ധമാണ്. ആർത്തവകാരികളും പ്രസവാനന്തരം രക്തസ്രാവമുള്ളവരും നോമ്പെടുക്കേണ്ടതില്ലെന്നതിന് താഴെ പറയുന്ന ഹദീസ് രേഖയാണ്:

അബൂസഈദുൽ ഖുദ്രി(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "സ്ത്രീകൾ ആർത്തവ-പ്രസവ സമയങ്ങളിൽ നമസ്കാരവും നോമ്പും പിടിക്കാൻ പാടില്ലല്ലോ, അതാണ് അവർക്ക് മതത്തിലുള്ള കുറവ്" (മുസ്‌ലിം).

അവർ അത്തരം സമയങ്ങളിൽ നോമ്പ് അനുഷ്ഠിച്ചാൽ അത് മതിയാവുകയില്ല. കാരണം ആർത്തവ-പ്രസവരക്ത സ്രാവങ്ങളിൽനിന്നു ശുദ്ധിയായിരിക്കുക എന്നത് നോമ്പിന്റെ നിബന്ധനകളിൽ പെട്ടതാണ്.

ആഇശ(റ) പറഞ്ഞു: "ഞങ്ങൾക്ക് നബി(സ്വ)യുടെ കാലത്ത് ആർത്തവമുണ്ടായാൽ നോമ്പ് പിന്നീട് നോറ്റുവീട്ടുവാൻ ഞങ്ങളോട് കൽപിക്കുമായിരുന്നു.



നമസ്കാരം വീട്ടാൻ കൽപിക്കാറുണ്ടായിരുന്നില്ല''(ബുഖാരി).

### നിയ്യത്ത്

'കർമങ്ങൾക്കെല്ലാം പ്രതിഫലം നിൽകപ്പെടുക ഉദ്ദേശ്യശുദ്ധിക്കനുസരിച്ചു മാത്രമാണ്' എന്ന് നബി(സ്വ) ഓർമപ്പെടുത്തിയിട്ടുണ്ട്.

റമദാനിലെ നോമ്പിന് ഓരോ ദിവസവും പ്രഭാതോദയത്തിനു മുമ്പു തന്നെ നിയ്യത്ത് ചെയ്യേണ്ടതാണ്. ഹഫ്സ(റ) നിവേദനം. നബി(സ്വ) പറഞ്ഞു: "പ്രഭാതോദയത്തിന് മുമ്പായി നിയ്യത്ത് ചെയ്യാത്തവരുടെ നോമ്പ് സാധുവല്ല'' (അബൂദാവൂദ്, തിർമിദി). എന്നാൽ നിയ്യത്ത് ചൊല്ലിക്കൊടുക്കലും ഏറ്റുപറയലുമൊന്നും നബിചര്യയിൽ പെട്ടതല്ല.

### അത്താഴം

അനസ്(റ) നിവേദനം. നബി (സ്വ) പറഞ്ഞു: "നിങ്ങൾ അത്താഴം കഴിക്കുക, നിശ്ചയമായും അതിൽ അനുഗ്രഹമുണ്ട്'' (ബുഖാരി, മുസ്‌ലിം).

അൽപം വെള്ളം മാത്രമെ കുടിക്കുന്നുള്ളൂ എങ്കിൽ പോലും അത്താഴം കഴിച്ചവനായി മാറുന്നതാണ്.

ഇബ്നു ഉമർ(റ) നിവേദനം: "നിങ്ങൾ അൽപം വെള്ളം കുടിച്ചുകൊണ്ടെങ്കിലും അത്താഴം കഴിക്കുക'' (അൽജാമിഅ്, ഇബ്നു ഹിബ്ബാൻ).

### അത്താഴം പരമാവധി പിന്തിപ്പിക്കുന്നതാണ് സുന്നത്ത്.

സൈദ് ബിൻ സാബിത്(റ) നിവേദനം: "ഞങ്ങൾ നബി(സ്വ)യോടൊന്നിച്ച് അത്താഴം കഴിക്കുകയും സുബ്ഹി നമസ്കരിക്കുകയും ചെയ്തു. അപ്പോൾ അനസ്(റ) ചോദിച്ചു: 'അത്താഴത്തിനും ബാങ്കിനുമിടയിൽ എത്ര സമയം ഉണ്ടായിരുന്നു?' സൈദ്(റ) പറഞ്ഞു: 'അമ്പത് ആയത്തുകൾ പാരായണം ചെയ്യുവാനുള്ളത്ര സമയം'' (ബുഖാരി, മുസ്‌ലിം).

### നോമ്പ് തുറക്കേണ്ടതെപ്പോൾ?

അല്ലാഹു പറയുന്നു: '...പിന്നെ

> **പ്രായപൂർത്തിയായ, ബുദ്ധിയും ആരോഗ്യവുമുള്ള ഓരോ വിശ്വാസിക്കും നോമ്പ് നിർബന്ധമാണ്. ആർത്തവകാരികളും പ്രസവാനന്തരം രക്തസ്രാവമുള്ളവരും നോമ്പെടുക്കേണ്ടതില്ലെന്നതിന് താഴെ പറയുന്ന ഹദീസ് രേഖയാണ്: അബൂസഈദുൽ ഖുദ്‌രി(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "സ്ത്രീകൾ ആർത്തവ-പ്രസവ സമയങ്ങളിൽ നമസ്കാരവും നോമ്പും പിടിക്കാൻ പാടില്ലല്ലോ, അതാണ് അവർക്ക് മതത്തിലുള്ള കുറവ്'' (മുസ്‌ലിം). അവർ അത്തരം സമയങ്ങളിൽ നോമ്പ് അനുഷ്ഠിച്ചാൽ അത് മതിയാവുകയില്ല. കാരണം ആർത്തവ-പ്രസവരക്ത സ്രാവങ്ങളിൽനിന്നു ശുദ്ധിയായിരിക്കുക എന്നത് നോമ്പിന്റെ നിബന്ധനകളിൽ പെട്ടതാണ്.**

നിങ്ങൾ രാത്രിവരെ നോമ്പ് പൂർത്തിയാക്കുക...' (2:187). ഇതിന്റെ താൽപര്യം രാത്രിയുടെ ആഗമനവും പകലിന്റെ പിൻവാങ്ങലും സൂര്യന്റെ അസ്തമയവുമാണ്. സൂര്യൻ അസ്തമിച്ചാലുടൻ നോമ്പ് അവസാനിപ്പിക്കേണ്ടതാണ്.

### നോമ്പ് തുറക്കുവാൻ തിടുക്കം കാണിക്കൽ

സഹ്ൽ ബിൻ സഅ്ദ്(റ) നിവേദനം; നബി(സ്വ) പറഞ്ഞു: "നോമ്പ് തുറക്കാൻ തിടുക്കം കാണിക്കുന്ന കാലമത്രയും ജനങ്ങൾ നന്മയിൽ തന്നെയായിരിക്കും'' (ബുഖാരി, മുസ്‌ലിം).

സലീമുൽ ഹിലാലി അലിഹസൻ അൽഹലബി തന്റെ 'സ്വിഫതു സൗമിന്നബി' എന്ന ഗ്രന്ഥത്തിൽ എഴുതുന്നു:

"മുസ്‌ലിം സമുദായം നോമ്പു തുറക്കുന്നത് വേഗത്തിലാക്കുന്ന കാലമത്രയും അവർ റസൂലിന്റെ സുന്നത്തിലും സച്ചരിതരായ മുൻഗാമികളുടെ മാർഗത്തിലുമായിരിക്കുന്നതാണ്. അതിനെ അണപ്പല്ലുകൾകൊണ്ട് അവർ കടിച്ചുപിടിച്ചിരിക്കുന്ന കാലമത്രയും അല്ലാഹുവിന്റെ അനുമതിയാൽ അവർ വഴിപിഴക്കുകയില്ല.''

"സത്യവിശ്വാസിയായ സുഹൃത്തേ, സൂര്യാസ്തമയം നിനക്ക് ബോധ്യമായാൽ വൈകാതെ നീ നോമ്പ് തുറക്കേണ്ടതാണ്. ആ സമയത്ത് ചക്രവാളത്തിൽ ബാക്കിയുള്ള ചുവപ്പുനിറത്തെ നീ പരിഗണിക്കേണ്ടതില്ല. ഇപ്രകാരം നീ പ്രവർത്തുക്കുന്നതിൽ നിന്റെ പ്രവാചകനെ പിന്തുടരലും ജൂതരോടും ക്രൈസ്തവരോടും എതിരാകലമുണ്ട്. അവർ സൂര്യനസ്തമിക്കുന്ന നേരത്ത് നോമ്പുതുറക്കാതെ നക്ഷത്രങ്ങൾ തെളിഞ്ഞു കാണപ്പെടുന്ന നേരത്തേക്ക് അതിനെ പിന്തിക്കാറാണ് പതിവ്. റസൂലിന്റെ മാർഗം പിൻപറ്റുന്നതിൽ മതത്തിന്റെ അടയാളങ്ങളെ പ്രകടമാക്കലുണ്ട്. മാത്രമല്ല ഇരുവർഗവും (ജിന്നുകളും മനുഷ്യരും) ഒന്നടങ്കം സ്വീകരിക്കണമെന്ന് നാം ആഗ്രഹിക്കുന്ന സന്മാർഗസരണി ലഭിച്ചതിലുള്ള അഭിമാനപകടനവും കൂടി അതിലുണ്ട്.''

"ഉൾക്കാഴ്ചയോടെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്ന മുസ്‌ലിമേ, സൂര്യൻ അസ്തമിച്ചെന്ന് ഉറപ്പായാൽ നോമ്പ് തുറക്കാൻ തിടുക്കം കാണിക്കുന്നതിലാണ് പരിശുദ്ധ ഇസ്‌ലാമിന്റെ യശസ്സ് നിലകൊള്ളുന്നതെന്ന് താങ്കൾക്ക് മനസ്സിലായിരിക്കുമല്ലോ. എന്നാൽ ചിലയാളുകൾ പറഞ്ഞുനടക്കുന്നത് സൂര്യൻ അസ്തമിച്ചയുടൻ നോമ്പു തുറക്കുന്നത് കുഴപ്പത്തി(ഫിത്)ന് കാരണമാണെന്നും ഈ തിരുസുന്നത്തിനെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമവും അതിലേക്ക് ജനങ്ങളെ ക്ഷണിക്കലും വഴികേടിലേക്കും അജ്ഞതയിലേക്കുമുള്ള ക്ഷണമാണെന്നും മുസ്‌ലിംകളെ അവരുടെ മതത്തിൽനിന്ന് അകറ്റുന്നതുമാണ് എന്നുമൊക്കെയാണ്. അല്ലെങ്കിൽ അത് യാതൊരു വിലയുമില്ലാത്ത പ്രബോധനമാണെ

ന്നും അവ കേവലം തർക്കപരവും ശാഖാപരവുമായ കാര്യങ്ങളായതിനാൽ അവകൊണ്ട് മുസ്‌ലിംകളെ ഏകോപിപ്പിക്കാൻ സാധ്യമല്ലെന്നുമാണ്.''

അബൂഹുറയ്‌റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: "നോമ്പുതുറക്കുന്ന വിഷയത്തിൽ (സമയമായാലുടൻ) ധൃതികാണിക്കുന്ന കാലത്തോളം ഇസ്‌ലാം പ്രകടമായി (അജയ്യമായി). കാരണം യഹൂദരും ക്രൈസ്തവരും അത് പിന്തിക്കുന്നവരാണ്'' (അബൂദാവൂദ്, ഇബ്‌നുഹിബ്ബാൻ).

### നോമ്പുതുറക്കൽ

അനസുബ്‌നു മാലിക്(റ) നിവേദനം: "നബി(സ്വ) നമസ്‌കരിക്കുന്നതിന് മുമ്പു തന്നെ ഏതാനും ഈന്തപ്പഴങ്ങൾ കൊണ്ട് നോമ്പ് തുറക്കുമായിരുന്നു. അതില്ലെങ്കിൽ കാരക്കകൊണ്ടും അതുമില്ലെങ്കിൽ അൽപം വെള്ളം കുടിച്ചുകൊണ്ടുമായിരുന്നു നോമ്പു തുറക്കാറുണ്ടായിരുന്നത്'' (സ്വഹീഹുൽ ജാമിഅ്, അബൂദാവൂദ്).

കാരക്ക കഴിച്ചുകൊണ്ട് നോമ്പുതുറക്കാനും കാരക്ക ലഭിച്ചില്ലെങ്കിൽ വെള്ളംകുടിച്ച് നോമ്പു തുറക്കാനും നബി(സ്വ) പ്രേരിപ്പിക്കാറുണ്ടായിരുന്നു. പ്രവാചകന് സമുദായത്തോടുണ്ടായിരുന്ന ഗുണകാംക്ഷയും അവരുടെ നന്മയിലുണ്ടായിരുന്ന അത്യാർത്തിയും അനന്യമായ കൃപയുമാണ് ഈ നിർദേശത്തിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്.

ലോകർക്കാകമാനം അനുഗ്രഹമായി മുഹമ്മദ്‌നബി(സ്വ)യെ നിയോഗിച്ച ലോകരക്ഷിതാവ് പറയുന്നു: "തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽനിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും നിങ്ങടെ കാര്യത്തിൽ അതീവതാൽപര്യമുള്ളവനും സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാന് അദ്ദേഹം'' (ക്വുർആൻ 9:128)

> **ആമാശയം കാലിയായിരിക്കുന്ന വേളയിൽ ശരീരത്തിന് മധുരമുള്ള എന്തെങ്കിലും (ആദ്യമായി) നൽകുന്നത് ശരീരം അത് സ്വീകരിക്കുന്നതിനും അവയവങ്ങൾ അത് പ്രയോജനപ്പെടുത്തുന്നതിനും സഹായകരമാണ്. വിശിഷ്യാ ശരീരം ആരോഗ്യപൂർണമാണെങ്കിൽ അതിലൂടെ ഊർജസമ്പാദനം നടത്തി ശരീരം ശക്തി സംഭരിക്കുന്നതാണ്. വെള്ളത്തെക്കുറിച്ചാണെങ്കിൽ, നോമ്പുകാരണം ശരീരത്തിന് ചെറിയരൂപത്തിൽ വരൾച്ച അനുഭവപ്പെടുന്നു. അതിനാൽ തുടക്കത്തിൽ അൽപം വെള്ളം നൽകി ശരീരത്തെ തണുപ്പിച്ചാൽ പിന്നീട് കഴിക്കുന്ന ആഹാരങ്ങളോട് ശരീരം ആരോഗ്യകരമായി പ്രതികരിക്കാൻ അത് സഹായകമാണ്.**

"ആമാശയം കാലിയായിരിക്കുന്ന വേളയിൽ ശരീരത്തിന് മധുരമുള്ള എന്തെങ്കിലും (ആദ്യമായി) നൽകുന്നത് ശരീരം അത് സ്വീകരിക്കുന്നതിനും അവയവങ്ങൾ അത് പ്രയോജനപ്പെടുത്തുന്നതിനും സഹായകരമാണ്. വിശിഷ്യാ ശരീരം ആരോഗ്യപൂർണമാണെങ്കിൽ അതിലൂടെ ഊർജസമ്പാദനം നടത്തി ശരീരം ശക്തിസംഭരിക്കുന്നതാണ്. വെള്ളത്തെക്കുറിച്ചാണെങ്കിൽ, നോമ്പുകാരണം ശരീരത്തിന് ചെറിയരൂപത്തിൽ വരൾച്ച അനുഭവപ്പെടുന്നു. അതിനാൽ തുടക്കത്തിൽ അൽപം വെള്ളം നൽകി ശരീരത്തെ തണുപ്പിച്ചാൽ പിന്നീട് കഴിക്കുന്ന ആഹാരങ്ങളോട് ശരീരം ആരോഗ്യകരമായി പ്രതികരിക്കാൻ അത് സഹായകമാണ്.

അറിയുക; ഇതിലുപരി വെള്ളത്തിനും കാരക്കക്കും മനഃസംസ്‌ക്കരണ കാര്യത്തിൽ സ്വാധീനം ചെലുത്താനാതുകുന്ന ചില കഴിവുകളും സവിശേഷതകളുമുണ്ടെന്നത് ഒരു യാഥാർഥ്യമാണ്. പക്ഷേ, നബിചര്യ മുറുകെപിടിക്കുന്നവർക്ക് മാത്രമെ ഇത് മനസ്സിലാക്കാൻ സാധിക്കൂ എന്നുമാത്രം'' (സലീമുൽ ഹിലാലി അൽഹലബി; 'സ്വിഫതു സൗമിന്നബി').

അനസി(റ)ൽനിന്ന് നിവേദനം: "പകുതി പാകമായ ഈത്തപ്പഴം കഴിച്ച് നമസ്‌കാരത്തിന് മുമ്പേ



നോമ്പു തുറക്കുകയായിരുന്നു നബി(സ്വ)യുടെ പതിവ്. അതില്ലെങ്കിൽ കാരക്കകൊണ്ടും. അതുമില്ലെങ്കിൽ ഏതാനും ഇറക്കു വെള്ളം കുടിക്കും” (അഹ്മദ്, അബൂദാവൂദ്, തുർമുദി).

### നോമ്പ് തുറക്കുന്ന സമയത്തുള്ള പ്രാർഥന

നബി(സ്വ)യിൽ നിന്നും ശരിയായ പരമ്പരയിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കാണുന്ന പ്രാർഥനയാണ് അന്നേരത്തെ പ്രാർഥനകളിൽ ഏറ്റവും ശ്രേഷ്ഠമായത്. നോമ്പുതുറക്കുന്ന വേളയിൽ നബി(സ്വ) ഇപകാരം പറയാറുണ്ടായിരുന്നു:

“നബി(സ്വ) നോമ്പു തുറക്കുമ്പോൾ ‘ധമനികൾ നനഞ്ഞു, ദാഹം മാറുകയും ചെയ്തു, അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ (ഈ നോമ്പിന്റെ) പ്രതിഫലം സ്ഥിരപ്പെട്ടുകഴിഞ്ഞു’ എന്ന് പ്രാർഥിക്കാറുണ്ടായിരുന്നു” (സ്വഹീഹുൽ ജാമിഅ്, അബൂദാവൂദ്).

### നോമ്പുകാരന്റെ പ്രാർഥനക്ക് അല്ലാഹു പ്രത്യേക പരിഗണന നൽകുന്നതാണ്.

അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു; നബി(സ്വ) പറഞ്ഞു: “ഉറപ്പായും ഉത്തരം നൽകപ്പെടുന്ന മൂന്ന് പ്രാർഥനകളുണ്ട്. നോമ്പുകാരന്റെ പ്രാർഥന, മർദിതന്റെ പ്രാർഥന, പിന്നെ യാത്രക്കാരന്റെ പ്രാർഥനയും”(ഉക്വൈലി, അബൂ മുസ്‌ലിം).

തിരസ്കരിക്കപ്പെടാത്ത ഈ പ്രാർഥന നോമ്പുതുറക്കുന്ന വേളയിലുള്ള പ്രാർഥനയാണെന്ന് അബൂഹുറയ്റ(റ)യിൽ നിന്നും നിവേദനം ചെയ്യപ്പെട്ട മറ്റൊരു ഹദീസ് സൂചന നൽകുന്നു.

നബി(സ്വ) പറഞ്ഞു: “മൂന്നുകൂട്ടരുടെ പ്രാർഥനകൾ തള്ളപ്പെടുന്നതല്ല. നോമ്പുതുറക്കുന്ന നേരത്ത് നോമ്പുകാരൻ നടത്തുന്ന പ്രാർഥനയും നീതിമാനായ ഭരണാധികാരിയുടെ പ്രാർഥനയും മർദിതന്റെ പ്രാർഥനയും” (തിർമിദി, ഇബ്നു മാജ, ഇബ്നു ഹിബ്ബാൻ).



**മുസ്‌ലിമായ ഒരു നോമ്പുകാരനെ മറ്റൊരാൾ നോമ്പുതുറക്കാൻ ക്ഷണിച്ചാൽ ആ ക്ഷണം സ്വീകരിക്കേണ്ടതുണ്ട്. ക്ഷണം സ്വീകരിച്ച് മറ്റൊരാളുടെ ഭക്ഷണം കഴിച്ച് നോമ്പുതുറക്കുന്നത് അവന്റെ പ്രതിഫലത്തിന് കോട്ടംവരുത്തുകയോ പുണ്യങ്ങളെ പാഴാക്കുകയോ ഇല്ല. ഭക്ഷണ ശേഷം ക്ഷണിക്കപ്പെട്ട അതിഥി ആതിഥേയനു വേണ്ടി, ഹദീഥുകളിൽ വന്ന ഏതെങ്കിലും ഒരു പ്രാർഥന നടത്തുന്നത് പുണ്യകരമാണ്.**

അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്വി(റ)ൽനിന്നും നിവേദനം: “അല്ലാഹുവിന്റെ ദൂതൻ(സ്വ) പറഞ്ഞു: ‘തീർച്ചയായും നോമ്പുകാരന് നോമ്പുതുറക്കുന്ന വേളയിൽ തടയപ്പെടാത്ത ഒരു പ്രാർഥനയുണ്ട്”(ഇബ്നുമാജ, ഹാകിം).

### നോമ്പുകാരന് ആഹാരം നൽകൽ

നോമ്പുകാരനെ നോമ്പ് തുറപ്പിക്കുന്നത് വലിയ പ്രതിഫലം ലഭിക്കുന്ന മഹത്തായ പുണ്യകർമമാണ്.

നബി(സ്വ) പറഞ്ഞു: “ആരെങ്കിലും നോമ്പുള്ളവന് നോമ്പുതുറക്കാനുള്ള ഭക്ഷണം നൽകിയാൽ നോമ്പുകാരന് ലഭിക്കുന്നതിന് തുല്യമായ പ്രതിഫലം നോമ്പുതുറപ്പിച്ചവനും ലഭിക്കുന്നതാണ്. എന്നാൽ ഇത് നോമ്പുകാരന്റെ പ്രതിഫലത്തിൽ കുറവൊട്ടും വരുത്തുന്നതുമല്ല” (അഹ്മദ്, തുർമുദി, ഇബ്നുമാജ, ഇബ്നുഹിബ്ബാൻ).

മുസ്‌ലിമായ ഒരു നോമ്പുകാരനെ മറ്റൊരാൾ നോമ്പുതുറക്കാൻ ക്ഷണിച്ചാൽ ആ ക്ഷണം സ്വീകരിക്കേണ്ടതുണ്ട്. ക്ഷണം സ്വീകരിച്ച് മറ്റൊരാളുടെ ഭക്ഷണം കഴിച്ച് നോമ്പുതുറക്കുന്നത് അവന്റെ പ്രതിഫലത്തിന് കോട്ടംവരുത്തുകയോ പുണ്യങ്ങളെ പാഴാക്കുകയോ ഇല്ല. ഭക്ഷണ ശേഷം ക്ഷണിക്കപ്പെട്ട അതിഥി ആതിഥേയനു വേണ്ടി, ഹദീഥുകളിൽ വന്ന ഏതെങ്കിലും ഒരു പ്രാർഥന നടത്തുന്നത് പുണ്യകരമാണ്. അത്തരം പ്രാർഥനകളിൽ ചിലത് താഴെ കൊടുക്കുന്നു:

1) “നോമ്പുകാർ നിങ്ങളുടെ അടുക്കൽവെച്ച് നോമ്പുതുറന്നിരിക്കുന്നു, പുണ്യവാന്മാർ നിങ്ങളുടെ ഭക്ഷണം കഴിക്കുകയും മലക്കുകൾ നിങ്ങൾക്കായി പ്രാർഥിക്കുകയും ചെയ്തിരിക്കുന്നു” (ഇബ്നു അബീശൈബ, അഹ്മദ്, നസാഈ).

2) “അല്ലാഹുവേ, എന്നെ ആഹരിപ്പിച്ചവന് നീയും അന്നം നൽകേണമേ, എനിക്ക് കുടിനീര് നൽകിയവർക്ക് നീയും കുടിനീരു നൽകേണമേ” (മുസ്‌ലിം).

3) അല്ലാഹുവേ, അവർക്ക് നൽകിയതിൽ നീ അനുഗ്രഹം ചൊരിയുകയും അവർക്ക് നീ പൊറുത്തുകൊടുക്കുകയും അവരോടു നീ കരുണകാണിക്കുകയും ചെയ്യേണമേ” (മുസ്‌ലിം).



# വിശുദ്ധ ക്വുർആനും സത്യവിശ്വാസിയും

സഫ്‌വാൻ അൽഹികമി ആമയൂർ

അബൂ മൂസൽഅശ്അരി(റ) ഉദ്ധരിക്കുന്നു;"നബി(സ്വ) പറഞ്ഞു: "ക്വുർആൻ പാരായണം ചെയ്യുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു സത്യവിശ്വാസിയുടെ ഉദാഹരണം നാരകപ്പഴം പോലെയാണ്. അതിന്റെ ഗന്ധം നല്ലതാണ്, രുചിയും നല്ലതാണ്. ക്വുർആൻ പാരായണം ചെയ്യാത്ത ഒരു വിശ്വാസിയുടെ ഉദാഹരണം ഈത്തപ്പഴം പോലെയാണ്. അതിന് ഗന്ധമില്ല, രുചിയാകട്ടെ മധുരമുള്ളതുമാണ്. ക്വുർആൻ പാരായണം ചെയ്യുന്ന ഒരു കപടവിശ്വാസിയുടെ ഉദാഹരണം, റൈഹാന ചെടി പോലെയാണ്. അതിന്റെ ഗന്ധം നല്ലതും രുചി കൈപ്പുള്ളതുമാണ്. ക്വുർആൻ പാരായണം ചെയ്യാത്ത ഒരു കപടവിശ്വാസിയുടെ ഉദാഹരണം ആട്ടക്കായ പോലെയാണ്. അതിന് ഗന്ധമില്ല; രുചിയാകട്ടെ കൈപ്പേറിയതുമാണ്" (ബുഖാരി, മുസ്‌ലിം).

അന്തിമദൂതൻ മുഹമ്മദ്(സ്വ) തന്റെ അധ്യാപനങ്ങൾ ശിഷ്യന്മാരിലേക്ക് പകർന്നുനൽകുവാൻ വ്യത്യസ്തമായതും മനഃശാസ്ത്രപരവുമായ രീതികൾ സ്വീകരിച്ചിരുന്നു എന്നത് ഹദീസുകളിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഉദാഹരണങ്ങളിലൂടെ അനുചരന്മാരെ കാര്യങ്ങൾ പഠിപ്പിക്കുക എന്നതും അതിൽപെടുന്നു. ക്വുർആൻ പാരായണത്തിന്റെ പ്രാധാന്യത്തെയും അതിൽ ഒരു മുസ്‌ലിം കാണിക്കേണ്ട താൽപര്യത്തെയും മുകളിൽ കൊടുത്ത ഹദീസിൽ ഒരു ഉദാഹരണ ശൈലിയിലൂടെ പഠിപ്പിക്കുകയാണ് നബി(സ്വ) ചെയ്തിരിക്കുന്നത്. മാലോകർക്കാകമാനം മാർഗദർശനമായി പ്രവാചകനിലൂടെ അല്ലാഹു അവതരിപ്പിച്ച വേദഗ്രന്ഥമാണല്ലോ വിശുദ്ധ ക്വുർആൻ. അതിന്റെ മഹത്ത്വം തിരിച്ചറിയുകയും അത് പാരായണം ചെയ്യുന്നതിൽ താൽപര്യം കാണിക്കുകയും അതിന്റെ ആശയങ്ങൾ ഉൾക്കൊണ്ട് ജീവിക്കുകയും ചെയ്യുക എന്നത് ഒരു വിശ്വാസിയുടെ കടമയാണ്.

നല്ല ഗന്ധവും നല്ല രുചിയുമുള്ള നാരകപ്പഴമാണ്, ക്വുർആൻ പാരായണം ചെയ്യുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വിശ്വാസിക്ക് പ്രവാചകൻ(സ്വ) നൽകിയ ഉപമ. ക്വുർആനിക വചനങ്ങൾ ഒരു വിശ്വാസിയുടെ ഹൃദയത്തിന് ജീവൻ നൽകുന്നതാണ്. അത് പാരായണം ചെയ്യുകയും അതിന്റെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുകയും ചെയ്യുന്ന ഒരാളുടെ ചിന്തകളും പ്രവർത്തനങ്ങളും സ്വഭാവവും ഉത്തമമായിത്തീരും. ഐച്ഛികമായ വ്രതാനുഷ്ഠാനം കുറയ്ക്കുകയും ക്വുർആൻ പാരായണം അധികരിപ്പിക്കുകയും ചെയ്തിരുന്ന ഇബ്നു മസ്ഊദ്(റ) അതിനെപ്പറ്റി ഒരിക്കൽ ചോദിക്കപ്പെടുകയുണ്ടായി. അതിന് അദ്ദേഹം കൊടുത്ത മറുപടി 'വ്രതമനുഷ്ഠിക്കുന്നതിലൂടെ ക്വുർആൻ പാരായണം ചെയ്യുന്നതിന് ഞാൻ അശക്തനായിത്തീരുന്നു, അതുകൊണ്ട് എനിക്ക് ക്വുർആൻ പാരായണം ചെയ്യലാണ് കൂടുതൽ ഇഷ്ടം' എന്നായിരുന്നു.

ക്വുർആൻ പാരായണം ചെയ്യാനും പഠനവിധേയമാക്കാനും ദിവസവും ഒരു നിശ്ചിത സമയം നീക്കിവയ്ക്കുക എന്നത് ഓരോ മുസ്‌ലിമിന്റെയും സ്വഭാവമായിത്തീരണം. റമദാൻ മാസത്തിൽ മാത്രം ക്വുർആൻ പാരായണം ചെയ്യുന്നതിൽ ഉൽസാഹം കാണിക്കുകയും മറ്റു മാസങ്ങളിൽ അത് അവഗണിക്കുകയും ചെയ്യുന്ന രീതി ഉണ്ടായിക്കൂടാ. ആഴ്ചയിലും മാസത്തിലും നാൽപതു ദിവസം കൂടുമ്പോഴുമെല്ലാം ക്വുർആൻ പൂർണമായും പാരായണം ചെയ്തു തീർത്തിരുന്ന ശീലം നമ്മുടെ മുൻഗാമികളായ പലരിലും ഉണ്ടായിരുന്നു. ക്വുർആൻ പാരായണം ചെയ്യാത്ത വിശ്വാസിയെ ഈത്തപ്പഴത്തോടാണ് ഉപമിച്ചിരിക്കുന്നത്. ഈത്തപ്പഴത്തിന് രുചിയും ഗുണങ്ങളുമുണ്ടെങ്കിലും സുഗന്ധമില്ലല്ലോ. ക്വുർആൻ പാരായണം ചെയ്യുന്ന കപടവിശ്വാസി റൈഹാന ചെടി പോലെയാണ്. അതിന്റെ ഗന്ധം നല്ലതും രുചി കൈപ്പുള്ളതുമാണ്. ക്വുർആൻ പാരായണം ചെയ്യുന്നു എന്ന ഗുണം അവനിലുണ്ടെങ്കിലും അത് ആത്മാർഥത നിറഞ്ഞതല്ല. അവന്റെയുള്ളിൽ സത്യനിഷേധമാണുള്ളത്. ക്വുർആൻ പാരായണം ചെയ്യാത്ത ഒരു കപടവിശ്വാസിയാകട്ടെ ഗന്ധമില്ലാത്ത, കൈപ്പേറിയ ആട്ടക്കായ പോലെയാണ്. അവനിൽനിന്നും യാതൊരു ഉപകാരവും ആർക്കും ലഭിക്കുകയില്ല.



ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 9

# ഈസാ(അ)യുടെ 'മൂന്നാം വരവ്!'

പി പി അബ്ദുർറഹ്മാൻ
കൊടിയത്തൂർ
: 9447 701 741

**വാതിൽപ്പടിയിൽ ശിപായി!**

ഈസാ നബി(അ)യെക്കുറിച്ചുള്ള വിവരണത്തിൽ 'അവതാരം' ഒട്ടും വിനയമോ ബഹുമാനമോ ഇല്ലാതെയാണ് എഴുതിയിട്ടുള്ളത്. അടുത്ത വാചകം കാണുക: "ഒരിക്കൽ 'അവൻ' എന്റെ വാതിൽപടിയിൽ നിൽക്കുന്നത് കണ്ടു. കത്ത് പോലെ ഒരു കടലാസ് കയ്യിലുണ്ട്. അല്ലാഹുവിന്റെ സുഹൃത്തുക്കളുടെ പേരെഴുതിയ കടലാസാണെന്ന് എന്റെ മനസ്സിലേക്ക് ഇട്ടുതന്നു. അതിൽ ദൈവസാമീപ്യത്തിനും പദവിക്കുമനുസരിച്ചാണ് ലിസ്റ്റ് ചെയ്തത്. എന്റെ പദവിയെക്കുറിച്ച് എഴുതിയത് ഇങ്ങനെ: 'എന്റെ അടുത്ത് അവന്റെ പദവി എന്റെ ഏകത്വവും അദ്വൈതവും പോലെയാകുന്നു. ഏറെ വൈകാതെ അവൻ ജനങ്ങളിൽ പുകൾ പെറ്റവനായിത്തീരും" (പേജ്: 206).

വേദഗ്രന്ഥം ലഭിച്ച 'ഉലുൽ അസ്മ്' ആയ ഒരു പ്രവാചകനെയാണ് വാതിൽപ്പടിയിൽ കാത്തുനിൽക്കുന്ന ശിപായിയുടെ പദവിയിൽ ഇകഴ്ത്തിക്കാണിച്ചുകൊണ്ട് സ്വന്തം മഹത്ത്വം പ്രഖ്യാപിക്കുന്നത്. ഈ അൽപത്തമാണ് അദ്ദേഹത്തിന്റെ മുഖമുദ്ര.

മറ്റൊരു 'ദർശനം' ഇങ്ങനെയാണ്: "ഞാൻ ഇന്ന് സ്വപ്നത്തിൽ കണ്ടു,

**ഈസാ(അ)യുടെ മാതാമഹികളും പിതാമഹികളും വേശ്യകൾ ആയിരുന്നു എന്നും ആ രക്തത്തിലാണ് അദ്ദേഹം പിറന്നത് എന്നും അക്കാരണത്താൽ അദ്ദേഹം തേവിടിശ്ശികളുമായി സഹവസിച്ചിരുന്നു എന്നും മിർസാ ഖാദിയാനി എഴുതിവച്ചിട്ടുണ്ട്. നഊദു ബില്ലാഹ്. വിശ്വാസികൾക്ക് മാതൃകയായി വിശുദ്ധ ഖുർആൻ പറഞ്ഞ മസീഹിന്റെ മാതാവിനെപ്പറ്റിയും കേട്ടാൽ അറയ്ക്കുന്ന വാക്കുകളാണ് അദ്ദേഹം എഴുതിവച്ചിട്ടുള്ളത്. മറ്റൊരു കൃതിയിൽ അക്കാര്യം പരാമർശിച്ചതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.**

ഹസ്റത്ത് ഈസ എന്റെ വീട്ടിൽ വന്നിരിക്കുന്നു. എന്താണ് അദ്ദേഹത്തിന് തിന്നാനായി കൊടുക്കുക എന്ന ചിന്തയിൽ ഞാൻ എല്ലായിടത്തും തിരഞ്ഞുനോക്കി. മാങ്ങയുള്ളത് കേടായി കണ്ടു. അപ്പോഴാണ് ഗൈബിൽനിന്ന് ഒരു മാങ്ങ വന്നത്. അല്ലാഹുവിനേ അറിയൂ എന്താണ് ഇതിന്റെ വ്യാഖ്യാനം എന്ന്'' (പേജ്: 119).

1902 ആഗസ്റ്റിലെ ഒരു കശ്ഫിനെപ്പറ്റി എഴുതി: "ഞാൻ അദ്ദേഹത്തെ നിരവധി തവണ കണ്ടിട്ടുണ്ട്. ഒരിക്കൽ ഞങ്ങൾ രണ്ടുപേരും ഒരേ പാത്രത്തിൽനിന്ന് പശുവിന്റെ മാംസം കഴിച്ചിട്ടുണ്ട്'' (പേജ്: 349).

അങ്ങോട്ട് ചെന്നപ്പോൾ ഇറച്ചിയും പത്തിരിയും തിന്നപോലെ ഇപ്പോൾ മാങ്ങ സൽക്കരിച്ചത് നല്ല ബന്ധത്തിന്റെ ലക്ഷണമാണ്. പക്ഷേ, ഈസാ നബിയോട് കടുത്ത വിദ്വേഷവും അനിഷ്ടവും തുടങ്ങിയത് എന്നാണെന്നറിയില്ല. ആരും പറയാത്ത തെറികളാണ് ഈസാ നബി(അ)യെപ്പറ്റി അദ്ദേഹം എഴുതിക്കൂട്ടിയിട്ടുള്ളത്.

ഈസാ(അ)യുടെ മാതാമഹികളും പിതാമഹികളും വേശ്യകൾ ആയിരുന്നു എന്നും ആ രക്തത്തിലാണ് അദ്ദേഹം പിറന്നത് എന്നും അക്കാരണത്താൽ അദ്ദേഹം തേവിടിശ്ശികളുമായി സഹവസിച്ചിരുന്നു എന്നും മിർസാ ഖാദിയാനി എഴുതിവച്ചിട്ടുണ്ട്. നഊദു ബില്ലാഹ്. വിശ്വാസികൾക്ക് മാതൃകയായി വിശുദ്ധ ഖുർആൻ പറഞ്ഞ മസീഹിന്റെ മാതാവിനെപ്പറ്റിയും കേട്ടാൽ അറയ്ക്കുന്ന വാക്കുകളാണ് അദ്ദേഹം എഴുതിവച്ചിട്ടുള്ളത്. മറ്റൊരു കൃതിയിൽ അക്കാര്യം പരാമർശിച്ചതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

ഈസാ നബി(അ) മരിച്ചു പോയി എന്ന് തെളിയിക്കാനായി മിർസാ ഖാദിയാനി "ഇസാലയെ ഔഹാം' എന്ന കൃതിയിൽ 30 ഖുർആൻ സൂക്തങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അതിൽ ചില ആയത്തുകളുടെ പ്രമേയം, അദ്ദേഹം ഭക്ഷണം കഴിക്കാറുണ്ടായിരുന്നു എന്നാണ്. ഭക്ഷണം ലഭിക്കാതെ അദ്ദേഹം മരിച്ചു പോവില്ലേ എന്നാണ് മിർസയുടെ 'ഉത്തരം മുട്ടിക്കുന്ന' ചോദ്യം! ഒരേ പാത്രത്തിൽ ആഹാരം കഴിച്ച ഒന്നിലേറെ ദർശനങ്ങൾ നാം കണ്ടു. എങ്കിൽ പിന്നെ ഈസാനബി(അ)യുടെ ആഹാരത്തിന്റെ പ്രശ്നവും പരിഹരിച്ചല്ലോ. അത്തരം ആയത്തുകൾ ഇനി ഇവർക്ക് തെളിവായി സമർപ്പിക്കാതിരിക്കാം.

**'ഇന്നീ മുതവഫ്ഫീക'**

"1883 നവംബർ 20ന് രാത്രി അത്ഭുതകരമായ ഒരു വഹ്യ് വന്നു: പറയുക, നിന്റെ ഉദാരത കൊണ്ട്, ഞാൻ നിനക്ക് പൂർണമായ അനുഗ്രഹങ്ങൾ നൽകും. നിന്റെ സഹോദരനോട് പറയുക, നിന്നെ ഞാൻ മരിപ്പിക്കും. ഇത് ആരെപ്പറ്റിയാണെന്ന് അറിയില്ല. കൂട്ടുകാരെക്കുറിച്ചും ചില സംഭവങ്ങളെക്കുറിച്ചുമൊക്കെ ഇങ്ങനെ പല തവണ അവതരിച്ചിട്ടുണ്ട്'' (പേജ് 89-90).

'തദ്കിറ'യിൽ 'മുതവഫ്ഫീക്ക്' എന്ന പദം ഒന്നിലേറെ തവണ ആവർത്തിച്ചപ്പോൾ എപ്പോഴും ഒന്നിലേറെ അർഥങ്ങൾ നൽകിയതായി കാണാം. ഇവിടെ അനുഗ്രഹങ്ങൾ നൽകുക, മരിപ്പിക്കുക എന്നീ അർഥങ്ങളാണ് കൽപിക്കപ്പെട്ടിട്ടുള്ളത്. 1883ൽ മസീഹ് വാദമോ പ്രവാചകത്വമോ സമർപ്പിക്കുന്നതിന് മുമ്പാണ് ഈ 'വഹ്യ്' അവതരിച്ചിട്ടുള്ളത്. ഏഴു വർഷങ്ങൾക്ക് ശേഷം ഈസാ നബിക്ക് പകരമാണ് തന്റെ നിയോഗം എന്ന് വാദിക്കുമ്പോൾ ഖുർആനിലും



> **അക്ഷരജ്ഞാനം ഇല്ലാത്ത മുഹമ്മദ് നബി(സ്വ)ക്ക് അവതരിച്ച വിശുദ്ധ ക്വുർആനിലെ മുപ്പത്തിരണ്ട് ലക്ഷത്തിലധികം അക്ഷരങ്ങൾ പതിനാല് നൂറ്റാണ്ടിനു ശേഷവും കോടിക്കണക്കായ കോപ്പികളിൽ ഒരക്ഷരം പോലും മാറുകയോ മായുകയോ ചെയ്യാതിരിക്കുമ്പോൾ, 'ആധുനികകാലത്തെ പ്രവാചകന്റെ വഹ്‌യ്' രണ്ടു പുസ്തകങ്ങളിൽ അർഥവ്യത്യാസമുള്ള രണ്ടു പദങ്ങളായി മാറിപ്പോ യെങ്കിൽ എന്തോ എവിടെയോ പന്തികേട് തോന്നുന്നില്ലേ?**

ഹദീസുകളിലും ഉപയോഗിച്ച അറബി പദങ്ങളുടെ അർഥം മാറുമെന്ന് പറയാനാവില്ലല്ലോ. .

ഇവിടെ 'ലിഫൈഫദിക്ക' എന്നാണ് പറഞ്ഞതെങ്കിൽ ശൈഖ് യാക്കൂബ് അലി ഇർഫാനി ക്രോഡീകരിച്ച 'ഹയാത്തെ അഹ്മദി'ൽ 'ലിദൈഫിക്ക' എന്നാണ് 'ഇതേ വഹ്‌യിൽ' കാണുന്നത്. അർഥവ്യത്യാസമുള്ള ഈ പദങ്ങൾ അറബി ലിപിയിൽ കൂട്ടി എഴുതുമ്പോൾ പരസ്പരം മാറിപ്പോയതാകാൻ സാധ്യതയുണ്ട്. 'നിന്റെ ഉദാരതയാൽ' എന്ന അർഥം 'നിന്റെ അതിഥിക്കായി' എന്നായി മാറുന്നത് ചെറിയ കാര്യമല്ലല്ലോ. രണ്ടിനും ഒരേ അർഥമാണെന്നാണ് മൗലവി മുഹമ്മദ് ഇസ്മാഈലിന്റെ ന്യായം.

അക്ഷരജ്ഞാനം ഇല്ലാത്ത മുഹമ്മദ് നബി(സ്വ)ക്ക് അവതരിച്ച വിശുദ്ധ ക്വുർആനിലെ മുപ്പത്തിരണ്ട് ലക്ഷത്തിലധികം അക്ഷരങ്ങൾ പതിനാല് നൂറ്റാണ്ടിനു ശേഷവും കോടിക്കണക്കായ കോപ്പികളിൽ ഒരക്ഷരം പോലും മാറുകയോ മായുകയോ ചെയ്യാതിരിക്കുമ്പോൾ, 'ആധുനികകാലത്തെ പ്രവാചകന്റെ വഹ്‌യ്' രണ്ടു പുസ്തകങ്ങളിൽ അർഥവ്യത്യാസമുള്ള രണ്ടു പദങ്ങളായി മാറിപ്പോയെങ്കിൽ എന്തോ എവിടെയോ പന്തികേട് തോന്നുന്നില്ലേ?

**'ഞാൻ ഈശോയുടെ കൂടെ'**

'അച്ചടിച്ച ഒരു കടലാസിൽ ഇംഗ്ലീഷിലുള്ള വഹ്‌യ് കാണിച്ചുതന്നു. '"I am by Isa.' ഞാൻ ഇംഗ്ലീഷ് അറിയുന്ന ആളെ തേടി പുറപ്പെട്ടു. രണ്ടു ഹിന്ദു ആര്യന്മാരോട് ചോദിച്ചു. അവരിൽ ആരോ ഒരാൾ പറഞ്ഞു: 'ക്രിസ്ത്യാനികളെപ്പോലെ ഇസ്‌ലാമിനെതിരെ ആരോപണങ്ങൾ അച്ചടിച്ച് അയക്കും എന്നാണ് ഇതിന്റെ പൊരുൾ'' (പേജ് 51).

വഹ്‌യ് നൽകിയവനെക്കാളും ലഭിച്ചവനെക്കാളും മഹാവിദ്വാൻ തന്നെ ഈ ആര്യൻ! ഇതിന്റെ പൊരുൾ വളരെ ഭംഗിയായി പറയാൻ കഴിഞ്ഞല്ലോ! മിർസാ ഖാദിയാനി കൊടുത്ത അർഥം 'ഞാൻ ഈസായുടെ കൂടെയാണ്' എന്നത്രെ!

ഈസായുടെ സദൃശ്യൻ, പകരക്കാരൻ, വാഗ്ദത്തം ചെയ്യപ്പെട്ട മസീഹ് തുടങ്ങി ഈസായുമായി ബന്ധപ്പെട്ട നിരവധി വാദങ്ങളാണ് മിർസാ ഖാദിയാനി മുമ്പോട്ടു വെച്ചിട്ടുള്ളത്. ഇവിടെ അതിൽ നിന്നൊക്കെ വ്യത്യസ്തമായി ഈസായോടൊപ്പം എന്നാണത്രെ വഹ്‌യ് നൽകപ്പെട്ടിട്ടുള്ളത്!

1883ലോ അതിനുമുമ്പോ ഈസായുമായി ബന്ധപ്പെട്ട ഒരു വാദവും ഇല്ലാത്ത കാലത്താണ് ഇത് പറയുന്നത്. മിർസക്ക് നേരത്തെ ലഭിച്ച ഒരു 'വഹ്‌യ്' God is coming by his army എന്നായിരുന്നു. withന്റെ പ്രയോഗം അറിയാത്തത് കൊണ്ടായിരിക്കാം!

**മസീഹ് വായുവിൽ പറക്കുന്നു!**

ഈസാനബി (അ) യുമായി ബന്ധപ്പെട്ട 'തദ്കിറ' യിലെ ഒരു സ്വപ്നം ഇങ്ങനെയാണ്: "1902 ഡിസംബർ 8, ഞാൻ ഒരിടത്തുനിന്ന് വുദൂഅ് ചെയ്യുകയാണ്. നിന്നിടം ചതുപ്പായതിനാൽ വലിയൊരു ഗർത്തം രൂപപ്പെടുകയും ഞാൻ അതിലേക്ക് വീഴുകയും ചെയ്തു. താഴേക്ക് പോകവേ സർവശക്തിയുമുപയോഗിച്ച് ഞാൻ മേലോട്ട് തുള്ളി. തറനിരപ്പിൽനിന്ന് വീണ്ടും മേൽപ്പോട്ട് പറന്നു. ഇവിടെനിന്ന് നവാബ് സാഹിബിന്റെ വീടിനടുത്തുവരെ വിസ്തൃതിയിൽ ഞാൻ ഗോളാകാരത്തിൽ പറന്നുകൊണ്ടിരുന്നു. അപ്പോൾ ഒരു അറ്റത്തായി സയ്യിദ് മുഹമ്മദ് അഹ്സൻ നിൽക്കുന്നത് കണ്ടു. നോക്കൂ, ഈസാ വെള്ളത്തിന് മുകളിലൂടെയാണല്ലോ നടന്നത്. 'ഞാനിതാ വായുവിൽ പറക്കുന്നു. അല്ലാഹുവിന്റെ ഔദാര്യം അയാളെക്കാൾ എനിക്കാണല്ലോ ലഭിക്കുന്നത്' എന്ന് പറഞ്ഞുകൊണ്ട് കൈയും കാലും ഇളക്കുക പോലും ചെയ്യാതെ അനായാസേന ഞാൻ പറന്നു. ഒരുമണിക്ക് 20 മിനിറ്റ് ഉള്ളപ്പോഴാണ് ഞാൻ ഈ സ്വപ്നം കണ്ടത്'' (പേജ് 365).

സ്വപ്നത്തിൽ ആകാശത്തു പറക്കുകയും സമുദ്രത്തിൽ നീന്തുകയും ചെയ്യാത്തവർ വിരളമായിരിക്കും. അതൊന്നും പക്ഷേ, മുഅ്ജിസത്തുകളെയും കറാമത്തുകളെയും ഇകഴ്ത്താൻ മാത്രം മഹത്തരമായി ആരും പറയില്ല. ഈസാ നബി(അ)യുടെ അമാനുഷിക പ്രവർത്തനങ്ങൾ വിശുദ്ധ ക്വുർആൻ വിവരിച്ചിട്ടുണ്ട്. അവ സ്വപ്നമായിരുന്നില്ല സാധാരണക്കാർക്ക് വ്യക്തമായി അനുഭവവേദ്യമായ ദൃശ്യങ്ങളായിരുന്നു. ഖാദിയാനി പ്രവാചകന് പക്ഷേ, ഏതുകാര്യത്തിലും ഈസാനബിയെ ഒന്ന് ഞോണ്ടിയാൽ മാത്രമെ തൃപ്തി വരികയുള്ളൂ.

**ഈസാ(അ)യുടെ മൂന്നാം വരവ്**

തനിക്ക് ജാഗ്രദ് ദർശനങ്ങളിലൂടെ ലഭിച്ച കുറെ വിവരങ്ങൾ ഗുലാം അഹ്മദ് പങ്കുവച്ചിട്ടുണ്ട്. സുദീർഘമായി ഉപന്യസിച്ച ഒന്നിന്റെ രത്നച്ചുരുക്കം ഇങ്ങനെ വായിക്കാം:

"ക്രിസ്ത്യൻ സമൂഹത്തിന്റെ വിഷക്കാറ്റ് ലോകത്ത് വ്യാപിച്ചു.

ഈസാക്ക് ആ വിവരം ലഭിച്ചപ്പോൾ അദ്ദേഹത്തിന്റെ ആത്മാവ് ഒരു ആത്മീയ അവരോഹണത്തിനായി സ്പന്ദിച്ചു. ഭൂമിയിൽ തന്റെ പ്രതിനിധിയും സദൃശനുമായ ഒരാൾ ചെന്ന് സമുദായത്തിന്റെ ദുശ്ചിന്തകളെ നിഷ്ഫലമാക്കണമെന്ന് ആശിച്ചു. അല്ലാഹു ഒരാളെ നിയോഗിച്ചു; മസീഹിന്റെ ധൈര്യവും ആത്മീയതയും ചര്യയും സന്നിവേശിപ്പിച്ച ഒരേ മുത്തിന്റെ രണ്ട് കഷ്ണങ്ങൾ പോലെ തന്റെ ചൈതന്യവുമായി ഒരാൾ ഇറങ്ങി..."

"മസീഹി(അ)ന്റെ ആത്മീയത രണ്ടുതവണ സ്വന്തം പകരക്കാരന്റെ നിയോഗം ആവശ്യപ്പെട്ടിരുന്നു. തന്റെ മരണത്തിന് ആറു നൂറ്റാണ്ടായപ്പോഴാണ് ആദ്യത്തെ സംഭവം. ജൂതന്മാർ അദ്ദേഹത്തിൽ കളവും ചതിയും മാത്രമായിരുന്നില്ല ദുഷിച്ച ജന്മവും ആരോപിച്ചു, അദ്ദേഹത്തെ ക്രൂശിച്ചു. സ്വന്തം അനുയായികളാകട്ടെ, ദൈവവും ദൈവപുത്രനുമാക്കി, മാനവരാശിയുടെ പാപപരിഹാരാർഥം എന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ കുരിശുമരണം ആഘോഷിക്കുകയും ചെയ്തു. ഈ ആരോപണങ്ങളിൽ നിന്നൊക്കെ മോചനത്തിനു വേണ്ടിയാണ് അദ്ദേഹം തന്റെ പകരക്കാരനെ ആവശ്യപ്പെട്ടത്. അങ്ങനെയാണ് നമ്മുടെ സയ്യിദ് മസീഹ് ഖാത്തമുൽ അമ്പിയാഅ് (സ്വ) നിയുക്തനായത്.

തുടർന്നു മസീഹിന്റെ സമുദായത്തിൽ ദജ്ജാലിയത്ത് ശക്തിപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ആത്മാവ് വീണ്ടും തുടിച്ചു. രണ്ടാമതും തന്റെ സദൃശ്യന്റെ അവരോഹണം അദ്ദേഹം ആഗ്രഹിച്ചു. ഈ കലുഷിതാവസ്ഥയിൽ അതിശക്തമായ ആഗ്രഹപ്രകാരം ദജ്ജാലിനെ നശിപ്പിക്കാനായി സ്വന്തം ആത്മീയതയുടെ പ്രതിരൂപമായി ഒരാളെ നിയോഗിച്ചു. അദ്ദേഹം വാഗ്ദത്ത മസീഹ് എന്ന് വിളിക്കപ്പെട്ടു.

ഈ വിനീതന് ലഭിച്ച അതിസൂക്ഷ്മമായ ഒരു വിവരമനുസരിച്ച് ലോകത്ത് വീണ്ടും അക്രമവും ശിർക്കും കലാപവും നടമാടും. ചിലർ ചിലരെ കീടങ്ങളെയെന്നപോലെ തിന്നും. സൃഷ്ടിപൂജയിൽ അധിഷ്ഠിതമായ ജാഹിലിയ്യത്ത് അതിജയിക്കുകയും മസീഹ് വീണ്ടും ആരാധിക്കപ്പെടുകയും ചെയ്യും. അങ്ങനെ ക്രിസ്ത്യാനിറ്റിയുടെ എല്ലാ കലാപങ്ങളും അവസാനകാലത്ത് ലോകത്ത് വ്യാപിക്കും. അപ്പോൾ മസീഹിന്റെ ആത്മീയ ഭാവം ശക്തമായി പ്രകോപിതമാവുകയും തന്റെ അവരോഹണം ആഗ്രഹിക്കുകയും ചെയ്യും. അന്ന് വളരെ ഗുരുതരമായ രൂപത്തിലാവും അവരോഹണം. അതോടെ ലോകം ചുരുട്ടിവയ്ക്കപ്പെടും. മസീഹിന്റെ സമുദായത്തിന്റെ ദുഷ്ചെയ്തികളുടെ കാരണമായി ആത്മീയ ഭാവം മൂന്നുതവണ ഭൂമിയിലേക്ക് ഇറങ്ങുക എന്നാണ് വിധിക്കപ്പെട്ടത്" (പേജ്: 170,171).

ഇസ്രായേൽ സമുദായത്തിലേക്ക് നിയുക്തനായ ഈസാ നബി(അ)യും ലോകാവസാനം വരെയുള്ള ജനങ്ങളിലേക്ക് നിയുക്തനായ മുഹമ്മദ് നബി(സ്വ)യും തമ്മിൽ 'അവതാര ബന്ധ'മുള്ളതായി ഇസ്‌ലാം പഠിപ്പിക്കുന്നില്ല. മിർസാ ഖാദിയാനിയാവട്ടെ മൂന്നുപ്രാവശ്യം ഈസാനബി(അ) ലോകത്തേക്ക് വരുമെന്ന പുതിയ സിദ്ധാന്തമാണ് അല്ലാഹു അറിയിച്ചു എന്ന വാദത്തോടെ മുന്നോട്ടുവയ്ക്കുന്നത്. എങ്കിൽ പിന്നെ ലോകാവസാനത്തോടടുത്ത് ഈസാ നബി(അ) ഭൂമിയിലേക്ക് ഇറങ്ങുമെന്ന മുസ്‌ലിംകളുടെ വിശ്വാസത്തെ നിരാകരിക്കേണ്ട കാര്യമുണ്ടോ?

**സ്വപ്നത്തിൽ ആകാശത്തു പറക്കുകയും സമുദ്രത്തിൽ നീന്തുകയും ചെയ്യാത്തവർ വിരളമായിരിക്കും. അതൊന്നും പക്ഷേ, മുഅ്ജിസത്തുകളെയും കറാമത്തുകളെയും ഇകഴ്ത്താൻ മാത്രം മഹത്തരമായി ആരും പറയില്ല. ഈസാ നബി(അ)യുടെ അമാനുഷിക പ്രവർത്തനങ്ങൾ വിശുദ്ധ ഖുർആൻ വിവരിച്ചിട്ടുണ്ട്. അവ സ്വപ്നമായിരുന്നില്ല സാധാരണക്കാർക്ക് വ്യക്തമായി അനുഭവവേദ്യമായ ദൃശ്യങ്ങളായിരുന്നു. ഖാദിയാനി പ്രവാചകന് പക്ഷേ, ഏതുകാര്യത്തിലും ഈസാ നബിയെ ഒന്ന് ഞോണ്ടിയാൽ മാത്രമെ തൃപ്തി വരികയുള്ളൂ.**

### ഈസയുടെ പ്രശ്നം പരിഹരിച്ചു

1901 സെപ്തംബർ 30ന് രാത്രി 12 മണിക്ക്, മിർസയുടെ ഭാര്യ 'ഉമ്മുൽ മുഅ്മിനീൻ' ഒരു സ്വപ്നം കണ്ടു. ഈസായുടെ പ്രശ്നം പരിഹരിച്ചു. അല്ലാഹു പറഞ്ഞു: 'എല്ലാ പ്രശ്നവും പരിഹരിച്ചു ഞാൻ ഈസായെ ഇറക്കുകയാണ്.' അതിന്റെ ആശയം അവരുടെ മനസ്സിലേക്ക് ഇട്ടു കൊടുത്തത് ഇങ്ങനെ: 'ഈസായുടെ ജനനത്തിലും മരണത്തിലും മനുഷ്യന്റെ ഒരു കൈയും ഇല്ല.' സ്വപ്നത്തെക്കുറിച്ച് അവർ അപ്പോൾ തന്നെ മസീഹിനോട് പറഞ്ഞു. അപ്പോൾ അല്ലാഹു തോന്നിപ്പിച്ചു: 'യഥാർഥത്തിൽ മരിച്ച് ആയിരം വർഷങ്ങൾക്ക് ശേഷം ഇപ്പോഴാണ് ജീവിപ്പിച്ചത്. അതിലും മനുഷ്യകരങ്ങൾക്ക് ഒരു പങ്കുമില്ല.'

"പിതാവില്ലാതെ ജനിച്ചപോലെ മസീഹ് മൗഊദിന് ഏതെങ്കിലും മുർഷിദോ ഉസ്താദോ ഇല്ലാതെ ആത്മീയജീവിതം നൽകുകയാണുണ്ടായത്. ഉസ്താദ് എന്നാൽ യഥാർഥത്തിൽ പിതാവ് തന്നെ ആണല്ലോ എന്നല്ല, യഥാർഥ പിതാവ് ഉസ്താദ് തന്നെയായിരിക്കും" (പേജ്: 424).

മിർസാ ഖാദിയാനിയെ വിദ്യാഭ്യാസം ചെയ്യിച്ചത് മൂന്ന് അധ്യാപകരായിരുന്നു എന്ന് അദ്ദേഹവും ചരിത്രകാരന്മാരും സമ്മതിക്കുന്നു. അവരൊന്നും ഉസ്താദുമാരായിരുന്നില്ലേ? ആരോട് ചോദിക്കാൻ!

**(തുടരും)**



# സഹനത്തിന്റെ പവിത്രമാസം

**വിശുദ്ധ മാസത്തിലെ ഉദയാസ്തമയങ്ങൾക്കിടയിൽ അല്ലാഹുവിന്റെ സംപ്രീതിക്കായി അന്നപാനീയങ്ങളും ലൈംഗിക വികാരങ്ങളും അടക്കിനിർത്തിയാണ് വിശ്വാസികൾ വ്രതമാചരിക്കാൻ കൽപിക്കപ്പെട്ടിട്ടുള്ളത്. മറ്റു സമയങ്ങളിൽ അനുവദനീയമായതും അത്യന്താപേക്ഷിതമായതും നിർണിത സമയത്തേക്ക് റബ്ബിന്റെ കൽപന പ്രകാരം വിശ്വാസികൾ വേണ്ടെന്ന് വെക്കുന്നു. അതിലൂടെ റബ്ബിന്റെ സ്നേഹവും ജീവിത വിശുദ്ധിയും നേടാൻ അസുലഭമായ അവസരമൊരുങ്ങുകയും ചെയ്യുന്നു.**

മെഹബൂബ് മദനി, ഒറ്റപ്പാലം

വ്രതമാസം വിശ്വാസികളെയെല്ലാം സന്തോഷിപ്പിക്കുന്നു എന്നതിൽ സംശയമില്ല. പരലോക വിജയം ആഗ്രഹിക്കുന്നവർക്ക് ജീവിതത്തെ വിമലീകരിക്കാനും ചിട്ടപ്പെടുത്താനുമുള്ള സുവർണാവസരങ്ങളാണ് റമദാൻ നൽകുന്നത്. എന്നാൽ പലരും റമദാനിന്റെ ആത്മചൈതന്യമറിയാതെ വ്രതത്തെ വെറുമൊരു പട്ടിണിയാക്കി മാറ്റുന്നുവെന്നത് ഏറെ ഖേദകരമാണ്. വിശുദ്ധ മാസത്തിലെ ഉദയാസ്തമയങ്ങൾക്കിടയിൽ അല്ലാഹുവിന്റെ സംപ്രീതിക്കായി അന്നപാനീയങ്ങളും ലൈംഗിക വികാരങ്ങളും അടക്കിനിർത്തിയാണ് വിശ്വാസികൾ വ്രതമാചരിക്കാൻ കൽപിക്കപ്പെട്ടിട്ടുള്ളത്. മറ്റു സമയങ്ങളിൽ അനുവദനീയമായതും അത്യന്താപേക്ഷിതമായതും നിർണിത സമയത്തേക്ക് റബ്ബിന്റെ കൽപന പ്രകാരം വിശ്വാസികൾ വേണ്ടെന്ന് വെക്കുന്നു. അതിലൂടെ റബ്ബിന്റെ സ്നേഹവും ജീവിത വിശുദ്ധിയും നേടാൻ അസുലഭമായ അവസരമൊരുങ്ങുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരിക്കുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷ

ബാധയെ സൂക്ഷിക്കാൻ വേണ്ടിയത്രെ അത്" (2:183).

റമദാനിലൂടെ ഉണ്ടാക്കിയെടുക്കണമെന്ന് റബ്ബ് നമ്മോട് ആവശ്യപ്പെട്ട 'തക്‌വ' അഥവാ സൂക്ഷ്മത വ്രതമാസത്തിൽ സ്വീകരിച്ച് ഈദുൽ ഫിത്റിൽ മൊഴിചൊല്ലി പറഞ്ഞയക്കേണ്ട ഒന്നല്ല. വിശ്വാസികളുടെ ജീവിതത്തിന്റെ വഴിവെളിച്ചമാണ് തക്‌വ. വ്രതമാസത്തിന്റെ ദിനരാത്രങ്ങളിലൂടെ ഈ സൂക്ഷ്മതാ ബോധത്തെ സ്ഫുടംചെയ്തെടുക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. തിന്മയിലേക്കെത്തിപ്പെടാൻ വെമ്പൽകൊള്ളുന്ന മനുഷ്യമനസ്സിനെ നന്മയുടെ കൂടാരത്തിൽ തളച്ചിടുകയാണ് റമദാൻ ചെയ്യുന്നത്. അന്നപാനീയങ്ങളും ലൈംഗിക വികാരങ്ങളും ഒഴിവാക്കുന്നതിലൂടെ ആത്മസംസ്കരണം സാധ്യമാകുന്നില്ലെങ്കിൽ അത്തരം നോമ്പുകാർക്ക് വലിയ പാകപ്പിഴവുകൾ സംഭവിച്ചിരിക്കുന്നുവെന്നത് തിരിച്ചറിയേണ്ടതുണ്ട്. എല്ലാ പുണ്യകർമങ്ങളുടെയും സ്വീകാര്യത ഉദ്ദേശശുദ്ധിയും പ്രതിഫലേച്ഛയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന പൊതുതത്ത്വത്തിൽ നിന്ന് നോമ്പ് ഒഴിവല്ലെന്നത് നാം മനസ്സിലാക്കണം.

സമൂഹധാരയിൽ ലയിച്ചുകൊണ്ട് ഒരു കേവല പട്ടിണിയല്ല വ്രതത്തിലൂടെ ഇസ്‌ലാം ആവശ്യപ്പെടുന്നത്. ഈ കർമംകൊണ്ട് എന്നെ സൃഷ്ടിച്ച നാഥൻ എനിക്ക് പ്രതിഫലം തരണമെന്ന നിഷ്കളങ്ക ബോധമാണ് വ്രതത്തെ വിജയത്തിലേക്കെത്തിക്കുക. ഈ ബോധം മനസ്സിൽ സന്നിവേശിപ്പിക്കാൻ കഴിഞ്ഞാൽ സ്വാഭാവികമായും അവൻ വ്രതത്തിന്റെ മറ്റു വിധിവിലക്കുകൾ പാലിക്കാൻ തയ്യാറാകും. പുണ്യപ്രവാചകൻ(സ്വ) വ്രതത്തിലുണ്ടാവേണ്ട അടിസ്ഥാന ഘടകമായാണ് ഇഖ്‌ലാസിനെ(ആത്മാർഥതയെ) പഠിപ്പിച്ചത്. 'ആരെങ്കിലും റമദാനിൽ വിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും നോമ്പനുഷ്ഠിച്ചാൽ അവന്റെ മുൻ പാപങ്ങൾ (ചെറിയ തെറ്റുകൾ)

> **പാപക്കറ പുരളാത്ത പരിശുദ്ധ ജീവിതമാണ് നബി (സ്വ) നമുക്ക് കാണിച്ചുതന്നത്. അതിനെ മാതൃകയാക്കേണ്ടവരാണ് വിശ്വാസികളെല്ലാവരും. ചെറുതും വലുതുമായ മുഴുവൻ തിന്മകളെയും ഗൗരവത്തോടെ നോക്കിക്കണ്ടാൽ മാത്രമെ അതിന് നമുക്ക് സാധിക്കുകയുള്ളൂ. വ്രതത്തിലൂടെ ഇതിനുള്ള പരിശീലനം നേടുന്ന വിശ്വാസികൾ മരണംവരെ ആ ജീവിതവിശുദ്ധി നിലനിർത്തേണ്ടതുണ്ട്. ഇതിനൊന്നും ശ്രമിക്കാതിരുന്നാൽ അവന്റെ നോമ്പ് കേവലമൊരു ചടങ്ങായി മാറും. 'ആരെങ്കിലും ചീത്തവാക്കും പ്രവൃത്തിയും ഒഴിവാക്കുന്നില്ലെങ്കിൽ അവന്റെ നോമ്പുകൊണ്ട് അല്ലാഹുവിന് യാതൊരാവശ്യവുമില്ലെ'ന്ന തിരുവചനം ഇത്തരുണത്തിൽ സ്മരണീയമാണ്.**

പൊറുക്കപ്പെടും' എന്ന തിരുവചനം ഏറെ സുവിദിതമാണല്ലോ.

ജീവിതവിശുദ്ധിയുടെ പാരമ്യതയിലേക്കെത്താൻ വ്രതദിനങ്ങളിലൂടെ വിശ്വാസികൾക്ക് സാധിക്കണം. പാപക്കറ പുരളാത്ത പരിശുദ്ധ ജീവിതമാണ് നബി (സ്വ) നമുക്ക് കാണിച്ചുതന്നത്. അതിനെ മാതൃകയാക്കേണ്ടവരാണ് വിശ്വാസികളെല്ലാവരും. ചെറുതും വലുതുമായ മുഴുവൻ തിന്മകളെയും ഗൗരവത്തോടെ നോക്കിക്കണ്ടാൽ മാത്രമെ അതിന് നമുക്ക് സാധിക്കുകയുള്ളൂ. വ്രതത്തിലൂടെ ഇതിനുള്ള പരിശീലനം നേടുന്ന വിശ്വാസികൾ മരണംവരെ ആ ജീവിതവിശുദ്ധി നിലനിർത്തേണ്ടതുണ്ട്. ഇതിനൊന്നും ശ്രമിക്കാതിരുന്നാൽ അവന്റെ നോമ്പ് കേവലമൊരു ചടങ്ങായി മാറും. 'ആരെങ്കിലും ചീത്തവാക്കും പ്രവൃത്തിയും ഒഴിവാക്കുന്നില്ലെങ്കിൽ അവന്റെ നോമ്പുകൊണ്ട് അല്ലാഹുവിന് യാതൊരാവാശ്യവുമില്ലെ'ന്ന തിരുവചനം ഇത്തരുണത്തിൽ സ്മരണീയമാണ്.

വിശുദ്ധ ദിനരാത്രങ്ങളിലൂടെ വിശ്വാസി വളർത്തിയെടുക്കേണ്ട മറ്റു രണ്ട് ഗുണങ്ങളാണ് സഹനവും സ്വഭാവ മഹിമയും. അല്ലാഹുവിന്റെ അടുക്കൽ ഉന്നതമായ പ്രതിഫലം ഈ ഗുണങ്ങൾ ഉൾക്കൊണ്ടവർക്കുണ്ടെന്ന് തിരുനബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്. സഹനവും സ്വഭാവ മഹിമയും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. സഹനമില്ലാത്തവനൊരിക്കലും നല്ല പെരുമാറ്റമുള്ളവനായി മാറാനാവില്ല. എന്നാൽ ഒരുത്തൻ ക്ഷമയുള്ളവനായാലോ ശത്രുവിനെപ്പോലും ആ ആയുധം കൊണ്ട് മിത്രമാക്കാമെന്ന് റബ്ബ് പഠിപ്പിച്ചിട്ടുണ്ട്.

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധുവെന്നോണം ആയിത്തീരുന്നു. ക്ഷമ (സഹനം) കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവനല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല" (41:33,34).

'ആരെങ്കിലും നോമ്പുകാരനോട് ചീത്ത പറയാനോ കലഹിക്കാനോ വന്നാൽ അവൻ, ഞാൻ നോമ്പുകാരനാണ് എന്ന് പറഞ്ഞുകൊള്ളട്ടെ'യെന്ന പ്രവാചകാധ്യാപനം നോമ്പിലൂടെ നേടേണ്ടുന്ന ഈ ഗുണങ്ങളിലേക്കാണ് വിരൽ ചൂണ്ടുന്നത്. തന്നോടുള്ള ആളുകളുടെ പെരുമാറ്റത്തിന് അതേ

നാണയത്തിൽ തിരിച്ചടിക്കുകയല്ല വിശ്വാസികളുടെ സംസ്കാരമെന്ന വലിയ പാഠമാണ് ഇതിൽ നിന്ന് നാം ഉൾക്കൊള്ളേണ്ടത്. സ്നേഹവും കാരുണ്യവും ഹൃദയവിശാലതയും ദയയുമെല്ലാം വിശ്വാസികളുടെ ജീവിതത്തിൽ നിഴലിച്ചു കാണുന്ന സ്വഭാവങ്ങളായി മാറേണ്ടതാണ്.

അകന്നുകിടക്കുന്ന മനുഷ്യമനസ്സുകളെ തമ്മിലടുപ്പിക്കാൻ റമദാൻ കാരണമാവണം. ഒരൽപം പോലും താഴ്ന്നുകൊടുക്കാൻ എനിക്കാവില്ലെന്ന മനോഭാവത്തോടെ നാം ഉണ്ടാക്കിയെടുത്ത ബന്ധനങ്ങളെ തകർത്തെറിയാൻ നോമ്പുകൊണ്ട് സാധിക്കണം. കുടുംബ രംഗത്തും സുഹൃദ്വലയങ്ങളിലുമെല്ലാമുള്ള പിണക്കങ്ങൾ നമ്മുടെ ജീവിതത്തിലെ സ്വാസ്ഥ്യം കെടുത്തുമെന്നു മാത്രമല്ല, നമ്മുടെ കർമങ്ങൾ റബ്ബ് സ്വീകരിക്കാൻവരെ അത് തടസ്സമാകുമെന്ന വസ്തുതയും നാം തിരിച്ചറിയേണ്ടതുണ്ട്. ബന്ധങ്ങൾ ഇണക്കിച്ചേർക്കുന്നതുകൊണ്ട് പരലോകത്തും ഇഹലോകത്തും ഗുണങ്ങളുണ്ടെന്ന് നബി (സ്വ) പഠിപ്പിച്ചിട്ടുണ്ട്. 'ആരെങ്കിലും ദീർഘായുസ്സും ഉപജീവനത്തിലെ വിശാലതയും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ കുടുംബബന്ധം ചേർക്കട്ടെ' എന്നാണ് പ്രവാചകാധ്യാപനം.

വ്രതവിശുദ്ധിയിൽ അലിഞ്ഞ മനസ്സുകൾ എളുപ്പത്തിൽ ഇണങ്ങിച്ചേരും. എത്രയെത്ര കുടുംബങ്ങളും സുഹൃത്തുക്കളുമാണ് നിസ്സാര പ്രശ്നങ്ങളുടെ പേരിൽ അകന്നു കഴിയുന്നത്! ഒരാളും അൽപമൊന്ന് താഴാൻ തയ്യാറല്ല. ചിന്തിക്കുക! ഈ വിദ്വേഷംകൊണ്ട് നമുക്കെന്ത് നേട്ടം? മരണത്തിനപ്പുറമുള്ള ജീവിതത്തിൽ ഇത് നമുക്ക് എന്താണ് നേടിത്തരുക?

കുടുംബബന്ധം മുറിച്ചവൻ സ്വർഗപ്രവേശനത്തിനർഹനല്ലെന്ന് നബി(സ്വ) പഠിപ്പിച്ചു. അതിനാൽ മുറിഞ്ഞുപോയ ബന്ധങ്ങളെ വിളക്കിച്ചേർക്കുക. നാം താഴ്ന്നുകൊടുക്കുക. ക്ഷമിക്കുവാൻ സന്മനസ്സു കാണിക്കുക. എങ്കിൽ അല്ലാഹു നമ്മെ ഇഷ്ടപ്പെടും. "...തീർച്ചയായും ക്ഷമിക്കുന്നവരോടൊപ്പമാകുന്നു അല്ലാഹു" (2:153).

**അകന്നുകിടക്കുന്ന മനുഷ്യമനസ്സുകളെ തമ്മിലടുപ്പിക്കാൻ റമദാൻ കാരണമാവണം. ഒരൽപം പോലും താഴ്ന്നുകൊടുക്കാൻ എനിക്കാവില്ലെന്ന മനോഭാവത്തോടെ നാം ഉണ്ടാക്കിയെടുത്ത ബന്ധനങ്ങളെ തകർത്തെറിയാൻ നോമ്പുകൊണ്ട് സാധിക്കണം. കുടുംബ രംഗത്തും സുഹൃദ്വലയങ്ങളിലുമെല്ലാമുള്ള പിണക്കങ്ങൾ നമ്മുടെ ജീവിതത്തിലെ സ്വാസ്ഥ്യം കെടുത്തുമെന്നു മാത്രമല്ല, നമ്മുടെ കർമങ്ങൾ റബ്ബ് സ്വീകരിക്കാൻവരെ അത് തടസ്സമാകുമെന്ന വസ്തുതയും നാം തിരിച്ചറിയേണ്ടതുണ്ട്. ബന്ധങ്ങൾ ഇണക്കിച്ചേർക്കുന്നതുകൊണ്ട് പരലോകത്തും ഇഹലോകത്തും ഗുണങ്ങളുണ്ടെന്ന് നബി (സ്വ) പഠിപ്പിച്ചിട്ടുണ്ട്. 'ആരെങ്കിലും ദീർഘായുസ്സും ഉപജീവനത്തിലെ വിശാലതയും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ കുടുംബ ബന്ധം ചേർക്കട്ടെ' എന്നാണ് പ്രവാചകാധ്യാപനം.**

പാപക്കറകളെല്ലാം കഴുകിക്കളഞ്ഞ് ശുദ്ധമായ മനസ്സിനുടമകളാകാനുള്ള അവസരവും ഈ ദിനരാത്രങ്ങൾ നമുക്ക് നൽകുന്നുണ്ട്. അല്ലാഹുവിലേക്ക് കൂടുതൽ അടുക്കുന്ന സന്ദർഭങ്ങളിലുള്ള നമ്മുടെ പാപമോചന പ്രാർഥനക്ക് ഏറെ പ്രാധാന്യമുണ്ട്. തെറ്റുകളേറെ സംഭവിച്ചെങ്കിലും ആത്മാർഥമായ തൗബക്ക് നാം തയ്യാറാണെങ്കിൽ റബ്ബ് ഏറെ പൊറുക്കുന്നവനാണ്. അല്ലാഹു പറയുന്നു. "പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ചുപോയ എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും. നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിനു മുമ്പായി നിങ്ങൾ നിങ്ങളുടെ രക്ഷിതാവിലേക്ക് താഴ്മയോടെ മടങ്ങുകയും അവന് കീഴ്പ്പെടുകയും ചെയ്യുവിൻ. പിന്നെ (അത് വന്നതിനു ശേഷം) നിങ്ങൾ സഹായിക്കപ്പെടുന്നതല്ല" (39:53,54).

വിശുദ്ധ ഗ്രന്ഥത്തിന്റെ അവതരണത്തിന് നാന്ദികുറിച്ച മാസമാണല്ലോ റമദാൻ. അതുകൊണ്ട് ഈ മാസത്തിൽ ക്വുർആൻ പാരായണത്തിനും പഠനത്തിനും കൂടുതൽ സമയം നാം കണ്ടെത്തണം. ഒരു വർഷത്തിലെ ഏറ്റവും ശ്രേഷ്ഠമായ രാവും ഈ മാസത്തിലാണെന്നത് വിശ്വാസികൾക്ക് ഏറെ ആനന്ദം പകരുന്നതാണ്. ക്വുർആനിനെയും പവിത്ര രാവിനെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ആ സുവിശേഷ വാർത്ത നമുക്കിപ്രകാരം വായിക്കാം:

"തീർച്ചയായും നാം ഇതിനെ (ക്വുർആനിനെ) നിർണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണയത്തിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ? നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു. മലക്കുകളും ആത്മാവും അവരുടെ രക്ഷിതാവിന്റെ എല്ലാ കാര്യത്തെ സംബന്ധിച്ചുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങി വരുന്നു. പ്രഭാതോദയം വരെ അത് സമാധാനമത്രെ" (97:1-5).



# നോമ്പ്: ചില ഫത്‌വകൾ

ശൈഖ് അബ്ദുൽ അസീസ് ബിൻ അബ്ദുല്ലാഹ് ബിൻ ബാസ്(റഹ്)

*? : ആർത്തവകാരികളും പ്രസവിച്ചുകിടക്കുന്നവരും നോമ്പനുഷ്ഠിക്കേണ്ടതുണ്ടോ? അടുത്ത റമദാൻവരെ നോമ്പ് നോറ്റുവീട്ടാതിരുന്നാലുള്ള പ്രായച്ഛിത്തമെന്താണ്?*

!: ആർത്തവകാലത്തും പ്രസവാനന്തരവും നോമ്പും നമസ്കാരവും നിഷിദ്ധവും സാധുതയില്ലാത്തതുമാണ്. നോമ്പ് പിന്നീട് നോറ്റുവീട്ടണം. എന്നാൽ നമസ്കാരം വീട്ടേണ്ടതില്ല. ആർത്തവകാരികൾ നമസ്കാരവും നോമ്പും മറ്റു സമയങ്ങളിൽ വീട്ടേണ്ടതുണ്ടോ എന്ന് ആഇശ(റ)യോട് ചോദിച്ചു. അവർ പറഞ്ഞു: 'നോമ്പ് നോറ്റുവീട്ടാൻ ഞങ്ങളോട് നബി (സ) കൽപിച്ചിരുന്നു. എന്നാൽ നമസ്കാരം വീട്ടുന്നതിനു കൽപിച്ചിരുന്നില്ല.'

ആയിശ(റ)യുടെ ഈ പ്രസ്താവനയെ സംബന്ധിച്ച് പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്. ദിനേന അഞ്ച് തവണ ആവർത്തിക്കപ്പെടുന്ന നമസ്കാരം പിന്നീട് നിർവഹിക്കുക പ്രയാസകരമാണ്. എന്നാൽ വർഷത്തിൽ ഒരിക്കൽ മാത്രമുള്ള നോമ്പ് നോറ്റുവീട്ടുക താരതമ്യേന എളുപ്പമാണ്. അല്ലാഹു സ്ത്രീകൾക്കു നൽകിയ ഈ ഇളവ് അവന്റെ അപാരമായ ഒരനുഗ്രഹമാണ്. ന്യായമായ കാരണം കൂടാതെ അടുത്ത റമദാൻ വരെ നോമ്പ് നോറ്റുവീട്ടുന്നതിൽ വീഴ്ച വരുത്തുന്നവർ പശ്ചാത്തപിക്കുകയും ഓരോ നോമ്പിനും ഒരഗതിക്ക് എന്ന കണക്കിൽ ആഹാരം നൽകുകയും നോറ്റുവീട്ടുകയും വേണം. യാത്രക്കാരനും രോഗിക്കും ഈ വിധി ബാധകമാണ്. യാത്ര അടുത്ത റമദാൻവരെ നീണ്ടുപോവുകയോ രോഗം തുടരുകയോ ചെയ്താൽ നഷ്ടപ്പെട്ട നോമ്പ് നോറ്റുവീട്ടിയാൽ മതി. പ്രായശ്ചിത്തം ആവശ്യമില്ല.

*? : രോഗം മൂലം റമദാനിൽ നോമ്പനുഷ്ഠിക്കാൻ കഴിയാതെ വരികയും റമദാൻ മാസം കഴിഞ്ഞു മരണപ്പെടുകയും ചെയ്ത വ്യക്തിക്കു വേണ്ടി മറ്റുള്ളവർ നോമ്പ് നോറ്റുവീട്ടുകയോ, അഗതികൾക്ക് ആഹാരം നൽകുകയോ എന്താണ് വേണ്ടത്?*

! : റമദാൻ കഴിഞ്ഞു രോഗാവസ്ഥയിൽതന്നെ മരണപ്പെട്ടയാൾക്കു വേണ്ടി മറ്റാരും നോമ്പ് നോറ്റുവീട്ടുകയോ അല്ലെങ്കിൽ അഗതികൾക്ക് ആഹാരം നൽകുകയോ ചെയ്യേണ്ടതില്ല. ന്യായമായ കാരണത്താലാണല്ലോ അയാൾ നോമ്പുപേക്ഷിച്ചത്. യാത്രയിലോ യാത്ര അവസാനിച്ചയുടനെയോ മരണപ്പെട്ട യാത്രക്കാരന്റെ വിധിയും ഇതുതന്നെ. രോഗശമനം ലഭിച്ചിട്ടും നോറ്റുവീട്ടുന്നതിൽ ഉദാസീനത കാട്ടിയവനും യാത്ര കഴിഞ്ഞിട്ടും അശ്രദ്ധമായി നീട്ടിക്കൊണ്ടു പോയവനും മരണപ്പെട്ടാൽ അവർക്കുവേണ്ടി അവരുടെ അടുത്ത ബന്ധുക്കൾ നോമ്പെടുക്കണം.

നബി(സ) പറയുന്നു: "നോമ്പ് നോറ്റുവീട്ടാനുള്ളവൻ മരണപ്പെട്ടാൽ അവന്റെ ഏറ്റവും അടുത്ത ബന്ധു അവനുവേണ്ടി നോമ്പനുഷ്ഠിക്കണം."

ഇനി അടുത്ത ബന്ധുവിനു നോമ്പനുഷ്ഠിക്കാൻ കഴിയില്ലെങ്കിൽ മരണപ്പെട്ടവരുടെ അനന്തരസ്വത്തുപയോഗിച്ച് ഓരോ നോമ്പിനും ഏകദേശം ഒന്നര കിലോഗ്രാം ഒരഗതിക്ക് എന്ന കണക്കിൽ ആഹാരം നൽകേണ്ടതാണ്. രോഗശമനത്തിനു സാധ്യതയില്ലാത്ത രോഗികളും പ്രായം ചെന്നവരും പ്രായച്ഛിത്തം നൽകണം.എന്നാൽ മരണപ്പെട്ടയാൾക്കു സ്വന്തമായ സ്വത്തില്ലെങ്കിൽ പ്രായച്ഛിത്തം ആവശ്യമില്ല.

"അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല" (ക്വുർആൻ 2: 286).

"അതിനാൽ നിങ്ങൾക്ക് സാധ്യമായവിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക" (ക്വുർആൻ 64:16).



# മൗലികാവകാശങ്ങളും നിയന്ത്രണങ്ങളും

**സുഫ്‌യാൻ അബ്ദുസ്സലാം**
: 81296 17676

**ശിരോവസ്ത്രം സ്കൂളുകൾക്ക് പുറത്തോ, സ്കൂൾ വാഹനങ്ങളിലോ ഒന്നും നിരോധിച്ചിട്ടില്ലെന്നും ക്ലാസ്സ്മുറികളിൽ മാത്രമാണ് നിരോധിച്ചതെന്നും അത് മൗലികാവകാശ നിഷേധമാവില്ലെന്നുമാണ് എ.ജിയുടെ വാദം. എന്നാൽ സ്കൂൾ പരിസരങ്ങളിൽ പോലും മുസ്‌ലിം വിദ്യാർഥിനികളെ ശിരോവസ്ത്രം ധരിക്കുന്നതിൽ നിന്നും സ്കൂൾ അധികൃതർ വിലക്കിയ ചിത്രങ്ങൾ മാധ്യമങ്ങൾ പുറത്തുവിട്ടിരുന്നു. അവർക്കെതിരെ സംഘടിതമായ അക്രമങ്ങൾ ഉണ്ടാവുകയും ചെയ്തു. ഇതിനെല്ലാം കാരണം കർണാടക സർക്കാറിന്റെ വികലമായ നിരോധന സർക്കുലറായിരുന്നു.**

ട്രാൻസ്ജെൻഡർ (നൽസ), വധശിക്ഷ (ബച്ചൻസിംഗ്) തുടങ്ങിയ കേസുകളെ തനിക്കനുകൂലമായി സമർഥിക്കാൻ ശ്രമിച്ച കർണാടക അറ്റോർണി ജനറലിന് രണ്ടംഗ ബെഞ്ചിന്റെ ചോദ്യങ്ങൾക്ക് മുമ്പിൽ ഉത്തരം മുട്ടുകയായിരുന്നു. ഭരണഘടനക്ക് പുതിയ വ്യാഖ്യാനങ്ങൾ ചമയ്ക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾ വിലപ്പോയില്ല. അഭിപ്രായ, ഭാവപ്രകടന സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന പത്തൊമ്പതാം അനുച്ഛേദം ഒരാൾക്ക് മതപരമായ അടയാളങ്ങൾ പ്രകടിപ്പിക്കാനും അവകാശം നൽകുന്നുണ്ട് എന്ന കാര്യം നിഷേധിക്കാൻ പലവിധത്തിൽ ശ്രമിച്ച എ.ജിയുടെ വാദങ്ങൾ ജഡ്ജിമാരുടെ ചോദ്യങ്ങൾക്ക് മുമ്പിൽ ഭസ്മമായിത്തീരുകയാ യിരുന്നു.

### ഇരുട്ടുകൊണ്ട് ഓട്ടയടക്കുന്ന എ.ജി.

ശിരോവസ്ത്രം സ്കൂളുകൾക്ക് പുറത്തോ, സ്കൂൾ വാഹനങ്ങളിലോ ഒന്നും നിരോധിച്ചിട്ടില്ലെന്നും ക്ലാസ്സ്മുറികളിൽ മാത്രമാണ് നിരോധിച്ചതെന്നും അത് മൗലികാവകാശ നിഷേധമാവി

**സ്കൂൾ പരിസരങ്ങളിൽ പോലും മുസ്‌ലിം വിദ്യാർഥിനികളെ ശിരോവസ്ത്രം ധരിക്കുന്നതിൽ നിന്നും സ്കൂൾ അധികൃതർ വിലക്കിയ ചിത്രങ്ങൾ മാധ്യമങ്ങൾ പുറത്തുവിട്ടിരുന്നു. അവർക്കെതിരെ സംഘടിതമായ അക്രമങ്ങൾ ഉണ്ടാവുകയും ചെയ്തു. ഇതിനെല്ലാം കാരണം കർണാടക സർക്കാറിന്റെ വികലമായ നിരോധന സർക്കുലറായിരുന്നു. ബലപ്രയോഗത്തിലൂടെ ഒരു വിഭാഗം ഹിജാബ് ധരിച്ചെത്തിയപ്പോൾ മറുവിഭാഗം പ്രകോപിതരായി എന്നും അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഒരു 'Public Order' പ്രശ്നമുണ്ട് എന്നുമാണ് എ.ജി വാദിച്ചത്. ക്ലാസ്സ്മുറികൾക്ക് പുറത്ത് ശിരോവസ്ത്രം ധരിക്കാൻ അനുമതിയുണ്ടെങ്കിൽ മറുവിഭാഗം എന്തിനാണ് പ്രകോപിതരായത് എന്ന് എ.ജി വിശദീകരിച്ചുകണ്ടില്ല. 'Public Order' പ്രശ്നം ഉണ്ടാക്കിയത് ശിരോവസ്ത്രം ധരിച്ചവരല്ല, മറിച്ച് അതിനെതിരെ പ്രതിഷേധിച്ചവരാണ് എന്ന യാഥാർഥ്യം മൂടിവയ്ക്കുകയാണ് എ.ജി ചെയ്തത്.**

ല്ലെന്നുമാണ് എ.ജിയുടെ വാദം. എന്നാൽ സ്കൂൾ പരിസരങ്ങളിൽ പോലും മുസ്‌ലിം വിദ്യാർഥിനികളെ ശിരോവസ്ത്രം ധരിക്കുന്നതിൽ നിന്നും സ്കൂൾ അധികൃതർ വിലക്കിയ ചിത്രങ്ങൾ മാധ്യമങ്ങൾ പുറത്തുവിട്ടിരുന്നു. അവർക്കെതിരെ സംഘടിതമായ അക്രമങ്ങൾ ഉണ്ടാവുകയും ചെയ്തു. ഇതിനെല്ലാം കാരണം കർണാടക സർക്കാറിന്റെ വികലമായ നിരോധന സർക്കുലറായിരുന്നു. ബലപ്രയോഗത്തിലൂടെ ഒരു വിഭാഗം ഹിജാബ് ധരിച്ചെത്തിയപ്പോൾ മറുവിഭാഗം പ്രകോപിതരായി എന്നും അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ ഒരു 'Public Order' പ്രശ്നമുണ്ട് എന്നുമാണ് എ.ജി തുടർന്നു വാദിച്ചത്. ക്ലാസ്സ്മുറികൾക്ക് പുറത്ത് ശിരോവസ്ത്രം ധരിക്കാൻ അനുമതിയുണ്ടെങ്കിൽ മറുവിഭാഗം എന്തിനാണ് പ്രകോപിതരായത് എന്ന് എ.ജി വിശദീകരിച്ചുകണ്ടില്ല. 'Public Order' പ്രശ്നം ഉണ്ടാക്കിയത് ശിരോവസ്ത്രം ധരിച്ചവരല്ല, മറിച്ച് അതിനെതിരെ പ്രതിഷേധിച്ചവരാണ് എന്ന യാഥാർഥ്യം മൂടിവയ്ക്കുകയാണ് എ.ജി ചെയ്തത്.

എ.ജി തുടരുന്നു: 'ഒരു കുട്ടിയുടെ പ്രതിഷേധമല്ല, മറിച്ച് വിദ്യാലയ കവാടങ്ങളിൽ കുറെ പെൺകുട്ടികൾ കൂട്ടംകൂടി പ്രശ്നങ്ങൾ സൃഷ്ടിക്കുകയായിരുന്നു. മതം അടിച്ചേൽപിക്കുന്ന വിധത്തിലായിരുന്നു അവരുടെ പ്രകടനങ്ങൾ.' ഏതെങ്കിലും സംഘടനകൾ കുഴപ്പങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പകരം ഒരു വിദ്യാർഥിയുടെ മൗലികാവകാശം ധ്വംസിക്കാൻ പാടില്ല എന്ന യാഥാർഥ്യത്തിന് നേരെ കണ്ണടക്കുകയാണ് എ.ജി ചെയ്തത്.

### സ്വകാര്യത അവകാശവും എ.ജിയുടെ വാദങ്ങളും

19ാം അനുഛേദത്തെ കുറിച്ചുള്ള വാദങ്ങൾ പൂർത്തിയാക്കിയ ശേഷം എ.ജി 21ാം അനുച്ഛേദത്തിലേക്കാണ് കടന്നത്. അദ്ദേഹം പറയുന്നു: 'സ്വകാര്യതയുമായി ബന്ധപ്പെട്ട പുട്ടസ്വാമി കേസാണ് ഇവിടെ അഭിഭാഷകർ കൊണ്ടുവന്നത്. സ്വകാര്യത ഇല്ലെങ്കിൽ അന്തസ്സില്ല, അന്തസ്സില്ലെങ്കിൽ സ്വാതന്ത്ര്യമില്ല എന്ന ജസ്റ്റിസ് ചന്ദ്രചൂഡിന്റെ നിരീക്ഷണങ്ങളാണ് ഇവിടെ ഉദ്ധരിക്കപ്പെട്ടത്. വസ്ത്രം ധരിക്കുന്നത് എങ്ങനെയാണ് അന്തസ്സിന്റെ ഭാഗമാകുന്നത്? അങ്ങനെയൊരു വിശദീകരണം ഇക്കാലംവരെ കോടതികൾ നൽകിയതായി എനിക്കറിയില്ല. ഇങ്ങനെ എല്ലാ കാര്യത്തിലും ഓപ്പൺ ചെക്ക് (Carte Blanche) കൊടുക്കുന്നതിനോട് ഞാൻ യോജിക്കുന്നില്ല. വസ്ത്രം ധരിക്കാൻ ഒരാൾക്ക് അവകാശമുണ്ട്. എന്നാൽ അത് എല്ലായിടങ്ങളിലും ഒരുപോലെയാണ് എന്ന വാദത്തോട് യോജിക്കാൻ കഴിയില്ല. സ്വകാര്യതയ്ക്കുള്ള അവകാശം ചില വ്യവസ്ഥകളിലൂടെ നിയന്ത്രിക്കപ്പെട്ടിട്ടുണ്ട് എന്ന് പുട്ടസ്വാമി വിധിയിൽ



തന്നെ പ്രസ്താവിച്ചിട്ടുണ്ട്. കപിൽ സിബൽ ഉന്നയിച്ച ചോദ്യത്തിന് ഈ ഉത്തരം തന്നെ മതിയാകും.'

ഇത്രയും കേട്ട ജസ്റ്റിസ് ധൂലിയ ഈ ഉത്തരം മതിയാവില്ലെന്ന് അസന്ദിഗ്ധമായി പറഞ്ഞു. പുട്ടസ്വാമി വിധിയിൽ പറഞ്ഞ വ്യവസ്ഥകൾക്ക് സ്വയം 'സമാന്തരങ്ങൾ' സൃഷ്ടിക്കരുതെന്ന് കോടതി എ.ജിയെ താക്കീത് ചെയ്തു.

**എ.ജിയുടെ ഉപസംഹാരം**

"മൗലികാവകാശങ്ങൾ ചില വ്യവസ്ഥകളിലൂടെ ക്ലിപ്തപ്പെടുത്തപ്പെട്ടിട്ടുണ്ട്. പുട്ടസ്വാമി കേസിൽ ജസ്റ്റിസ് ചെലമേശ്വർ പറഞ്ഞത് 'സാഹചര്യങ്ങൾക്ക് അനുസരിച്ച് അവകാശങ്ങൾക്ക് നിയന്ത്രണമാവാം' എന്നാണ്. 'പൊതുതാൽപര്യത്തെ മുൻനിർത്തി സ്വകാര്യതക്കുള്ള അവകാശത്തെ നിയന്ത്രിക്കാം' എന്നും വിധിയിൽ പറയുന്നുണ്ട്. സർക്കാർ സർക്കുലറിന്റെ ശൈലി പരിശോധിച്ചാൽതന്നെ ഇത് മൗലികാവകാശത്തെ നിയന്ത്രിക്കാൻ വേണ്ടിയല്ല, മറിച്ച് വിദ്യാഭ്യാസ ചട്ടങ്ങളിലെ റൂൾ 11 നടപ്പാക്കാൻ വേണ്ടി മാത്രമാണ് എന്ന് മനസ്സിലാവും. ഇത് വിദ്യാർഥികളും സ്കൂളുകളും തമ്മിലുള്ള പ്രശ്നമാണ്. സർക്കാറുമായിട്ടല്ല പ്രശ്നം. ശിരോവസ്ത്രം ഒരു മൗലികാവകാശമാണ് എന്ന് തെളിയിക്കാൻ വിദ്യാർഥികൾക്ക് സാധിച്ചിട്ടുമില്ല. അത് 19ാം അനുച്ഛേദപ്രകാരമുള്ള അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ ഭാഗമാണ് എന്ന് തെളിയിക്കാനും അവർക്ക് കഴിഞ്ഞിട്ടില്ല. സ്വകാര്യതക്കുള്ള അവകാശം ഇപ്പോഴും അതിന്റെ വികസന ഘട്ടത്തിൽ മാത്രമാണ്. അത് എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കാൻ കഴിയില്ല. മറുഭാഗം അനാവശ്യമായ കുറെ വാദങ്ങൾ ഇവിടെ കൊണ്ടുവന്നു. ഒരു പ്രത്യേക വിഭാഗത്തിന് നേരെയുള്ള അതിക്രമമാണ് സർക്കാർ നടത്തുന്നത് എന്നാണ് അവർ പറയുന്നത്. എന്നാൽ പ്രസ്തുത വിഭാഗങ്ങളുടെ ക്ഷേമകാര്യങ്ങൾക്ക് വേണ്ടി ഒട്ടേറെ പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ട് എന്ന കാര്യം അവർ വിസ്മരിക്കുകയും ചെയ്യുന്നു."

> **പുട്ടസ്വാമി വിധി എന്നറിയപ്പെടുന്ന സ്വകാര്യതയുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയുടെ പശ്ചാത്തലം ഒരു പൗരന്റെ അടിസ്ഥാന വിവരങ്ങൾ വാട്സാപ്പ്, ഫെയ്സ്ബുക് പോലെയുള്ള സമൂഹ മാധ്യമങ്ങൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ടതാണ്. ആധാർ വിവരങ്ങൾ മൂന്നാംകക്ഷിക്ക് കൈമാറാൻ നിർബന്ധിക്കുന്നത് ഒരു പൗരന്റെ സ്വകാര്യതയുടെ മേലുള്ള കടന്നുകയറ്റമാണ് എന്നതാണ് വിധിയുടെ അന്തഃസത്ത. സുപ്രീംകോടതി ഇതിനായി ആധാരമാക്കിയത് 21ാം അനുച്ഛേദമാണ്.**

**സ്വകാര്യത നിയമവും അൽപം ചില കാര്യങ്ങളും**

പുട്ടസ്വാമി വിധി എന്നറിയപ്പെടുന്ന സ്വകാര്യതയുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയുടെ പശ്ചാത്തലം ഒരു പൗരന്റെ അടിസ്ഥാന വിവരങ്ങൾ വാട്സാപ്പ്, ഫെയ്സ്ബുക് പോലെയുള്ള സമൂഹ മാധ്യമങ്ങൾക്ക് നൽകുന്നതുമായി ബന്ധപ്പെട്ടതാണ്. ആധാർ വിവരങ്ങൾ മൂന്നാംകക്ഷിക്ക് കൈമാറാൻ നിർബന്ധിക്കുന്നത് ഒരു പൗരന്റെ സ്വകാര്യതയുടെ മേലുള്ള കടന്നുകയറ്റമാണ് എന്നതാണ് വിധിയുടെ അന്തഃസത്ത. സുപ്രീംകോടതി ഇതിനായി ആധാരമാക്കിയത് 21ാം അനുച്ഛേദമാണ്. 'നിയമംവഴി സ്ഥാപിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ചല്ലാതെ, യാതൊരാളുടെയും ജീവനോ വ്യക്തിസ്വാതന്ത്ര്യമോ ഇല്ലാതാക്കാൻ പാടുള്ളതല്ല' എന്നാണ് പ്രസ്തുത അനുച്ഛേദം വ്യക്തമാക്കുന്നത്. സ്വകാര്യത വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമായതുകൊണ്ട് അതിന് ഭരണഘടനാപരമായ സംരക്ഷണമുണ്ട് എന്നും അതുകൊണ്ട് വ്യക്തിവിവരങ്ങൾ അടങ്ങുന്ന ആധാർ രേഖകൾ മൂന്നാം കക്ഷിക്ക് നൽകുന്നത് ഒരാളുടെ വ്യക്തിസ്വാതന്ത്ര്യത്തെ (Personal Libetry) ബാധിക്കും എന്നുമാണ് വിധി വ്യക്തമാക്കുന്നത്.

സ്വകാര്യതയ്ക്ക് സംരക്ഷണം



നൽകിയത് അത് വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമായത;കൊണ്ടാണ്. വസ്ത്രം ഒരാളുടെ വ്യക്തിസ്വാതന്ത്ര്യത്തിൽ ഉൾപ്പെടുന്നു. അതിന് നിയന്ത്രണം കൊണ്ടുവരണമെങ്കിൽ നിയമം വഴി സ്ഥാപിച്ചിട്ടുള്ള നടപടിക്രമങ്ങൾ അനിവാര്യമാണ്. എന്നാൽ കർണാടക സർക്കാർ യാതൊരു നടപടിക്രമങ്ങളും പാലിക്കാതെ കേവലം ഒരു സർക്കുലറിലൂടെ വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമായ വസ്ത്രരീതികളെയും വേഷവിധാനങ്ങളെയും നിയന്ത്രിക്കാൻ ശ്രമിക്കുകയാണ് ചെയ്തിട്ടുള്ളത്. ക്രമാസമാധാന പ്രശ്നങ്ങളോ ആരോഗ്യ-ധാർമിക വിഷയങ്ങളോ ഒന്നുംതന്നെ ചൂണ്ടിക്കാണിക്കാൻ കർണാടക ധൈര്യപ്പെട്ടിട്ടില്ല. എന്നാൽ ഇതെല്ലം മൗലികാവകാശമാണെങ്കിലും ചില വ്യവസ്ഥകളിലൂടെ (Regulations)അവയെ നിയന്ത്രിക്കാൻ സർക്കാറിന് അവകാശമുണ്ട് എന്ന ധിക്കാരപരമായ നിലപാടാണ് കർണാടകക്ക് വേണ്ടി എ.ജി മുന്നോട്ട് വെക്കുന്നത്.

**എ.ജിക്ക് ശേഷം എ.എസ്.ജി**

അഡ്വക്കേറ്റ് ജനറലിന് ശേഷം അഡീഷണൽ സോളിസിറ്റർ ജനറൽ കെ.എം.നടരാജ് വാദം തുടർന്നു. നേരത്തെ എസ്.ജി തുഷാർ മേത്തയും ശേഷം എ.ജി പ്രഭുലിംഗ് നവാദ്ഗിയും പറഞ്ഞതിലപ്പുറം കാര്യമായി ഒന്നും എ.എസ്.ജിയുടെ പക്കൽ ഉണ്ടായിരുന്നില്ല. സർക്കാർ ശിരോവസ്ത്രംനിരോധിച്ചിട്ടില്ല,യൂണിഫോം നടപ്പാക്കുക മാത്രമാണ് ചെയ്തത് എന്ന പതിവ് പല്ലവിയിലൂടെ ഇരുട്ടുകൊണ്ട് ഓട്ടയടക്കുക മാത്രമായിരുന്നു ചെയ്തത്. അദ്ദേഹത്തിന്റെ വാദം ഇങ്ങനെ: "മതത്തിന്റെ അടിസ്ഥാനത്തിലുള്ള വർഗീകരണം വിദ്യാലയങ്ങളിൽ കൊണ്ടുവരുന്നത് ശരിയല്ല എന്ന് ഞങ്ങൾക്ക് നല്ല ബോധ്യമുണ്ട്. മതസ്വാതന്ത്ര്യം അനുവദിക്കുന്ന അനുച്ഛേദം 25, പാർട്ട് മൂന്നിലെ മറ്റു അനുച്ഛേദങ്ങളിലൂടെ നിയന്ത്രിക്കപ്പെട്ടിട്ടുണ്ട്. പാർട്ട് മൂന്നിലെ അനുച്ഛേദം

**എല്ലാ മൗലികാവകാശങ്ങളും നിയന്ത്രണവിധേയമാണ് എന്ന അഡീഷണൽ സോളിസിറ്റർ ജനറലിന്റെ വാദം ഭാഗികമായി മാത്രം ശരിയാണ്. അവ നിയന്ത്രണവിധേയമാകുന്ന മൂന്ന് ഘടകങ്ങൾ മാത്രമാണ് ഭരണഘടന വ്യക്തമാക്കിയിട്ടുള്ളത്. അവ പലവുരു ആവർത്തിക്കപ്പെട്ട** Public Order, Health, Moraltiy **എന്നിവയാണ്. എന്നാൽ എ.എസ്.ജി ഇതിനെ അനുച്ഛേദം 14മായി കൂട്ടിക്കെട്ടാൻ ശ്രമിക്കുന്നു. 'സമത്വം' എന്ന പദത്തിൽ കടിച്ചുതൂങ്ങിയാണ് എ.എസ്.ജി ഈ കസർത്ത് നടത്തുന്നത്. അതിനെ ജസ്റ്റിസ് ധൂലിയ ഖണ്ഡിക്കുകയും ചെയ്തു.**

14 സമത്വത്തെയാണ് ഉയർത്തിക്കാട്ടുന്നത്. സമത്വമാണ് ഞങ്ങൾ ഉയർത്തിക്കാണിക്കു ന്നത്. വിദ്യാർഥികളെ ഒരു ഗണം മാത്രമായി കാണണം. അവരെ വേർതിരിക്കുന്ന മതത്തെ വിദ്യാലയങ്ങളിലേക്ക് കൊണ്ടുവരുന്നത് സമത്വം എന്ന ആശയത്തെ ദോഷകരമായി ബാധിക്കും. വിദ്യാലയങ്ങൾ മതേതരസ്ഥാപ നങ്ങളാണ്. അവിടെ മതത്തിന്റെ പേരിലുള്ള വിഭജനം പാടില്ല. ഒരുകൂട്ടർ ശിരോവസ്ത്രവുമായി വന്നാൽ മറ്റൊരു കൂട്ടർ ഷോളുമായി കടന്നുവരും. Public Order, Health, Moraltiy എന്നീ ഉപാധികൾ പാലിച്ചാൽ മാത്രം പോരാ, അവ സമത്വം ഉൽഘോഷിക്കുന്ന അനുച്ഛേദം 14നു വിരുദ്ധമാവാൻ പാടില്ല. എല്ലാ മൗലികാവകാശങ്ങളും നിയന്ത്രണങ്ങൾക്ക് വിധേയമാണ്. മതന്യൂനപക്ഷങ്ങൾക്ക് അവരുടെ ഇഷ്ടപ്രകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താൻ അവകാശം നൽകുന്ന അനുച്ഛേദം 30 പോലും നിയന്ത്രണങ്ങൾക്ക് വിധേയമാണ്. വിദ്യാർഥികളിൽ ശാസ്ത്രീയ മനോഭാവവും അച്ചടക്കവും വളർത്തുന്നതിന് വേണ്ടി സർക്കാർ തയ്യാറാക്കിയ ചട്ടങ്ങൾ കുറ്റമറ്റതാണ്."

കെ.എം.നടരാജ് ഇത്രയും പറഞ്ഞപ്പോൾ ജസ്റ്റിസ് ധൂലിയ ഇടപെട്ടു. അനുച്ഛേദം 14നു എ.എസ്.ജി പറഞ്ഞ വ്യാഖ്യാനം ശരിയല്ല എന്നദ്ദേഹം പറഞ്ഞു. നിയമം മൂലമുള്ള സംരക്ഷണം എല്ലാവർക്കും ഒരുപോലെയാവണം എന്നുമാത്രമാണ് അനുച്ഛേദം 14ന്റെ താൽപര്യം. എല്ലാവരും ഒരുപോലെ ജീവിക്കണം എന്ന് അതിന് അർഥമില്ല. അങ്ങനെയെങ്കിൽ അനുച്ഛേദം 14 പ്രകാരം സ്കൂളുകളിൽ മാത്രമല്ല, പൊതുയിടങ്ങളിലും ശിരോവസ്ത്രം നിരോധിക്കാൻ ഈ വകുപ്പ് ഉപയോഗപ്പെടുത്തപ്പെടും. ദേശീയ ഐക്യം ഉദ്ദേശിച്ചുകൊണ്ടാണോ സർക്കാർ ശിരോവസ്ത്രം നിരോധിച്ചത് എന്ന് ജസ്റ്റിസ് ധൂലിയ ചോദിച്ചപ്പോൾ 'ശിരോവസ്ത്രം നിരോധിച്ചിട്ടില്ല, യൂണിഫോം നടപ്പാക്കുകയാണ് ചെയ്തത്' എന്ന റെഡിമെയ്ഡ് ഉത്തരം നടരാജ് വീണ്ടും ആവർത്തിച്ചു. പക്ഷേ, അന്തിമഫലം ശിരോവസ്ത്ര നിരോധനമല്ലേ, എനിക്ക് ഒരു യെസ് ഓർ നോ ഉത്തരമാണ് ലഭിക്കേണ്ടതെന്ന് ജസ്റ്റിസ് ധൂലിയ പറഞ്ഞു. വീണ്ടും പതിവു പല്ലവി മാത്രമായിരുന്നു മറുപടി.

'ഇന്ന് ശിരോവസ്ത്രം അനുവദിച്ചാൽ നാളെ ബുർഖ മൗലികാവകാശമാണെന്ന് ചിലർ വാദിച്ചു വരും. മറ്റുചിലർ ഹോമം വിദ്യാലയങ്ങളിൽ നടത്തൽ മൗലികാവകാശമാണെന്ന് പറയും. ഇന്ത്യാഗേറ്റിലോ കോടതിയിലോ ഇതെല്ലാം അനുവദിക്കാൻ നമുക്ക് കഴിയുമോ? ഈ കേസിന് വേണ്ടി ഒരു ഭരണ



**ഇന്ത്യയുടെ ഭൂപ്രദേശത്തിനകത്ത് യാതൊരാൾക്കും നിയമത്തിന്റെ മുമ്പിലുള്ള സമത്വമോ നിയമങ്ങളുടെ സംരക്ഷണമോ നിഷേധിക്കാൻ പാടുള്ളതല്ല. നിയമം ഒരാൾക്കും അപ്രാപ്യമാകാൻ പാടില്ല എന്നും എല്ലാവർക്കും നിയമപരമായ അവകാശമുണ്ടെന്നുമാണ് ഈ അനുച്ഛേദം പറയുന്നത്. ഇവിടെ ഉപയോഗിക്കപ്പെട്ട സമത്വം, നിയമം വഴി ലഭിക്കുന്ന ആനുകൂല്യങ്ങളുടെ കാര്യത്തിലുള്ള സമത്വമാണ്. ഉദാഹരണമായി സ്ത്രീകൾക്ക് ചില അവകാശങ്ങളുണ്ട്. എന്നാൽ അനുച്ഛേദം 14 സമത്വം പറയുന്നു എന്നതിന്റെ പേരിൽ സ്ത്രീകൾക്ക് പ്രത്യേക അവകാശം നൽകാൻ പാടില്ല എന്നാരും പറയില്ല.**

ഘടന ബെഞ്ച് രൂപീകരിക്കണമെന്ന വാദം തെറ്റാണ്. ഇതൊരു കേവല അച്ചടക്കവുമായി ബന്ധപ്പെട്ട കേസാണ്' എ.എസ്.ജി ഉപസംഹരിച്ചു.

**സമത്വവും 14ാം അനുച്ഛേദവും**

എല്ലാ മൗലികാവകാശങ്ങളും നിയന്ത്രണവിധേയമാണ് എന്ന അഡീഷണൽ സോളിസിറ്റർ ജനറലിന്റെ വാദം ഭാഗികമായി മാത്രം ശരിയാണ്. അവ നിയന്ത്രണവിധേയമാകുന്ന മൂന്ന് ഘടകങ്ങൾ മാത്രമാണ് ഭരണഘടന വ്യക്തമാക്കിയിട്ടുള്ളത്. അവ പലവുരു ആവർത്തിക്കപ്പെട്ട Public Order, Health, Moraltiy എന്നിവയാണ്. എന്നാൽ എ.എസ്.ജി ഇതിനെ അനുച്ഛേദം 14മായി കൂട്ടിക്കെട്ടാൻ ശ്രമിക്കുന്നു. 'സമത്വം' എന്ന പദത്തിൽ കടിച്ചുതൂങ്ങിയാണ് എ.എസ്.ജി ഈ കസർത്ത് നടത്തുന്നത്. അതിനെ ജസ്റ്റിസ് ധൂലിയ ഖണ്ഡിക്കുകയും ചെയ്തു.

എന്താണ് അനുച്ഛേദം 14 പറയുന്നത്? "The State shall not deny to any person equaltiy before the law or the equal protection of the laws within the territory of India." (ഇന്ത്യയുടെ ഭൂപ്രദേശത്തിനകത്ത് യാതൊരാൾക്കും നിയമത്തിന്റെ മുമ്പിലുള്ള സമത്വമോ നിയമങ്ങളുടെ സംരക്ഷണമോ നിഷേധിക്കാൻ പാടുള്ളതല്ല). നിയമം ഒരാൾക്കും അപ്രാപ്യമാകാൻ പാടില്ല എന്നും എല്ലാവർക്കും നിയമപരമായ അവകാശമുണ്ടെന്നുമാണ് ഈ അനുച്ഛേദം പറയുന്നത്. ഇവിടെ ഉപയോഗിക്കപ്പെട്ട സമത്വം, നിയമം വഴി ലഭിക്കുന്ന ആനുകൂല്യങ്ങളുടെ കാര്യത്തിലുള്ള സമത്വമാണ്. ഉദാഹരണമായി സ്ത്രീകൾക്ക് ചില അവകാശങ്ങളുണ്ട്. എന്നാൽ അനുച്ഛേദം 14 സമത്വം പറയുന്നു എന്നതിന്റെ പേരിൽ സ്ത്രീകൾക്ക് പ്രത്യേക അവകാശം നൽകാൻ പാടില്ല എന്നാരും പറയില്ല. സാമൂഹിക പിന്നാക്കാവസ്ഥ അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേകം സംവരണാനുകൂല്യങ്ങൾ ഭരണഘടന വ്യവസ്ഥ ചെയ്തിട്ടുണ്ട്. 'സമത്വം' പറഞ്ഞുകൊണ്ട് പ്രസ്തുത അവകാശങ്ങളെ ഹനിക്കാൻ സാധിക്കില്ല. ഒരു വിഭാഗത്തിനുള്ളിൽ തന്നെ നിയമം മൂലം ലഭിക്കേണ്ട സമത്വം നിഷേധിക്കാൻ പാടില്ല എന്നുമാത്രമെ അതിനർഥമുള്ളൂ. എല്ലാ വിഭാഗങ്ങൾക്കും ഒരുപോലെയാണ് അവകാശങ്ങൾ എന്ന് അതിനർഥമില്ല.

**എന്താണ് 30ാം അനുച്ഛേദം?**

അനുച്ഛേദം 30നു മേൽ എ.എസ്.ജി നടത്തിയിരിക്കുന്നത് കടന്നാക്രമണമാണ്. ഒരുനിലയ്ക്കും അംഗീ കരിക്കാൻ സാധിക്കാത്ത വാദങ്ങളാണ് അദ്ദേഹം നിരത്തിയത്. "All minorities, whether based on religion or language, shall have the right to establish and administer educational institutions of their choice.' എന്നാണ് അനുച്ഛേദം 30 പറയുന്നത്. മത, ഭാഷ ന്യൂനപക്ഷങ്ങൾക്ക് സ്വന്തം നിലയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കാനും അതിനെ ഭരിക്കുവാനും അവകാശമുണ്ട് എന്നർഥം. സമത്വം കാരണമാക്കി ഈ മൗലികാവകാശത്തെ എങ്ങനെ നിയന്ത്രിക്കുമെന്നാണ് എ.എസ്.ജി പറയുന്നത്? കാലാകാലങ്ങളായി മത, ഭാഷ ന്യൂനപക്ഷങ്ങൾ അനുഭവിച്ചുവന്ന അസമത്വങ്ങളെ ഇല്ലാതാക്കുന്നതിന് വേണ്ടിയാണ് ഭരണഘടനയിൽ ഇത് എഴുതിച്ചേർത്തത്. ശിരോവസ്ത്രത്തിൽ മാത്രം ഒതുങ്ങില്ല, മതന്യൂനപക്ഷങ്ങളുടെ എല്ലാ അവകാശങ്ങൾക്കുമേലും കൈ വെക്കുമെന്നാണ് എ.എസ്.ജിയുടെ ഈ പ്രസ്താവന വ്യക്തമാക്കുന്നത്.

(അടുത്തലക്കത്തിൽ:
**വിദ്യാലയങ്ങളും മതചിഹ്നങ്ങളും)**

# വ്രതം ആത്മീയതക്കും ആരോഗ്യത്തിനും

ഡോ. ടി. കെ യൂസുഫ്
: 9349798262



മനുഷ്യന്റെ ആത്മീയതയെ ശക്തിപ്പെടുത്തുന്നതിനും മൃഗീയ വാസനകൾക്ക് കടിഞ്ഞാണിടുന്നതിനും വേണ്ടിയാണ് നോമ്പ് നിർബന്ധമാക്കപ്പെട്ടിട്ടുള്ളത് എന്നാണ് ഇസ്‌ലാമിക പ്രമാണങ്ങളിൽ നിന്ന് ഗ്രഹിക്കാൻ കഴിയുന്നത്. അല്ലാഹു പറയുന്നു: ‘സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടതു പോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു, നിങ്ങൾ ഭക്തിയുള്ളവരായേക്കാം”. (ക്വുർആൻ 2:183).

മനുഷ്യരുടെ അമിതഭോജനം മതകാര്യങ്ങൾ അനുഷ്ഠിക്കുന്നതിൽ അവർക്ക് ആലസ്യമുണ്ടാക്കുകയും അതുവഴി അവരുടെ ആത്മീയ ചൈതന്യം ചോർന്നുപോകുകയും ചെയ്യും. മാനവചരിത്രം പരിശോധിക്കുകയാണെങ്കിൽ സമൂഹത്തിലെ പട്ടിണിപ്പാവങ്ങൾ പൊതുവെ പണക്കൊഴുപ്പുള്ളവരെക്കാൾ ഭക്തരും മതകാര്യങ്ങളിൽ നിഷ്ഠപുലർത്തുന്നവരുമാണന്ന് കാണാൻ കഴിയും. പ്രവാചകന്മാരെ പിൻപറ്റിയവരിൽ അധികപേരും സമൂഹത്തിലെ താഴെക്കിടയിൽ നിന്നുള്ളവരായിരുന്നല്ലോ. നമ്മുടെ നാട്ടിൽ റമദാൻ മാസത്തിൽ മാത്രം ജനങ്ങൾ കാണിക്കുന്ന ഭക്തിയും ആരാധനാതത്പരതയും മതപ്രഭാഷണങ്ങൾ കേൾക്കാനുള്ള ത്വരയും വ്രതം കാരണമായുണ്ടാകുന്ന ആത്മീയതയുടെ നിദർശനം തന്നെയാണ്.

മാനവകുലത്തിന്റെ ചരിത്രത്തിന് ഒരു ആമുഖമെഴുതി പ്രസിദ്ധനായി മാറിയ ഇബ്ൻ ഖൽദൂൻ തന്റെ വിഖ്യാതമായ ‘മുഖദ്ദിമ’യിൽ മനുഷ്യജീവതത്തിൽ വിശപ്പുണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ചും പട്ടിണിയുടെ പോഷണത്തെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്: ‘ഭൂമിയിലെ ഫലഭൂയിഷ്ഠമായ മേഖലകളിൽ ധാന്യങ്ങളും പഴങ്ങളും ധാരാളം വളരുകയും അവിടെയുള്ളവർക്ക് ജീവിതത്തിൽ സുഭിക്ഷതയുണ്ടാവുകയും ചെയ്യും. എന്നാൽ മണൽക്കാടുകളിലും തരിശുഭൂമികളിലും താമസിക്കുന്നവർക്ക് താരതമ്യേന കുറഞ്ഞ ഭക്ഷണമാണ് ലഭ്യമാകുക. ഇങ്ങനെയൊക്കെയാണെങ്കിലും ധാന്യങ്ങളും കറിക്കൂട്ടുകളും കിട്ടാനില്ലാത്ത മരുഭൂവാസികൾക്ക് സുഖസമൃദ്ധിയിൽ കഴിയുന്നവരെക്കാൾ നല്ല ശരീരാരോഗ്യവും സ്വഭാവഗുണങ്ങളും ഉള്ളതായി കാണാം അവരുടെ നിറം കൂടുതൽ തെളിഞ്ഞതും ശരീരം വെടിപ്പുള്ളതും ആകാരം കുറ്റമറ്റതും ഭംഗിയുള്ളതുമായിരിക്കും’ (മുഖദ്ദിമ പേജ് 17).

‘വിശപ്പ് സഹിക്കുന്നവരിൽ സന്തുലിതമായ സ്വഭാവഗുണങ്ങളും അറിവ് ആർജിക്കുന്നതിലും വസ്തുതകൾ നിരീക്ഷിക്കുന്നതിലും മറ്റുള്ളവരെക്കാൾ ഉന്മേഷവും ഊർജസ്വലതയും കാണപ്പെടുകയും ചെയ്യുന്നുണ്ട്. ഇതിന് കാരണം മനുഷ്യൻ കഴിക്കുന്ന ഭക്ഷണത്തിന്റെ ആധിക്യവും അതുൾക്കൊള്ളുന്ന വിനാശകരമായ അധികപ്പറ്റു

കളും ദുർനീരുകളും അവൻെറ തലച്ചോറിൽ എത്തുകയും മനസ്സിനെയും ചിന്താശക്തിയെയും അത് മന്ദീഭവിപ്പിക്കുകയും ചെയ്യുന്നതാണ്. അമിതാഹാരം മനുഷ്യൻെറ ബൗദ്ധികവികാസത്തിന് മാത്രമല്ല ദോഷം വരുത്തുന്നത്. അവൻെറ ശരീര സൗന്ദര്യത്തിനും അത് മങ്ങലേൽപിക്കുന്നുണ്ട്. ഉദാഹരണമായി, തരിശുഭൂമിയിൽ ജീവിക്കുന്ന ജന്തുക്കളായ കലമാൻ, ജിറാഫ് എന്നിവ സമൃദ്ധമായ മേച്ചിൽ പുറങ്ങളിൽ ജീവിക്കുന്ന ആട്, ഒട്ടകം എന്നിവയെക്കാൾ രൂപ ഭംഗിയും സൗന്ദര്യവും ഉള്ളവയാണ് ' (മുഖദ്ദിമ, പേജ് 18).

ഭക്ഷണസമൃദ്ധി ബുദ്ധിയിലും സൗന്ദര്യത്തിലും മാത്രമല്ല മതകാര്യങ്ങളിലും ദൈവാരാധനയിലും വരെ സ്വാധീനം ചെലുത്തുന്നുണ്ട്. നാട്ടിൻ പുറങ്ങളിലാണെങ്കിലും നഗരങ്ങളിലാണെങ്കിലും അഷ്ടിക്ക് വകയില്ലാതെ വിശപ്പും പേറി ഞെങ്ങി ഞെരുങ്ങി കഴിയുന്നവർ ഐശ്വര്യത്തിലും സുഭിക്ഷതയിലും കഴിയുന്നവരെക്കാൾ മതബോധമുള്ളവരും മതാനുഷ്ഠാനങ്ങളിൽ ഏർപ്പെടുന്നവരുമായി കാണപ്പെടുന്നുണ്ട്. പ്രപഞ്ചനാഥനും സകല സമ്പത്തുക്കളുടെ ഉടമയുമായ അല്ലാഹു തൻെറ ശ്രേഷ്ഠനായ പ്രവാചകന് വയറുനിറച്ച് ആഹാരം കഴിക്കാൻ അവസരം നൽകിയില്ല എന്ന വസ്തുതയിലും ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ട്. വിശപ്പ് വിനാശകരമായ ഒരു ശാപമായിരുന്നുവെങ്കിൽ അല്ലാഹു തൻെറ തിരുദൂതനെ അതിൻെറ പീഡനമേൽക്കാൻ അനുവദിക്കുമായിരുന്നില്ല. പട്ടിണിക്ക് ആത്മീയ രംഗത്ത് നമുക്ക് അജ്ഞാതമായ ചില പോഷണങ്ങൾ നൽകാൻ കഴിയുന്നത് കൊണ്ടായിരിക്കാം പല പ്രവാചകന്മാരെയും സാത്വികരെയും അല്ലാഹു പട്ടിണിയിൽ നിന്ന് കരകയറ്റാതിരുന്നത്. (അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ)

വിശപ്പ് താങ്ങാനോ ഭക്ഷണം കുറക്കാനോ കഴിയുക എന്നത് ആത്മീയ രംഗത്ത് മാത്രമല്ല,

**മൃഗങ്ങൾ ചെയ്യാറുള്ളത് പോലെ മനുഷ്യനും രോഗാവസ്ഥയിൽ തീറ്റ നിർത്തുകയാണങ്കിൽ ഒട്ടുമിക്ക അസുഖങ്ങളും ചികിത്സയില്ലാതെ തന്നെ ഭേദമാകാനിടയുണ്ട്. മനുഷ്യരുടെ ശാരീരിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഇന്ധനം ലഭിക്കുന്നത് അവൻ കഴിക്കുന്ന ഭക്ഷണത്തിൽ നിന്നാണെങ്കിലും ഭക്ഷണം തീരുന്നതോട് കൂടി അവൻെറ പ്രവർത്തനങ്ങൾ പാടെ നിലക്കുന്ന രൂപത്തിലല്ല അല്ലാഹു മനുഷ്യശരീരത്തെ രുപകൽപന ചെയ്തിട്ടുള്ളത്. അടിയന്തിര ആവശ്യങ്ങൾക്ക് വേണ്ടി കരൾ മിച്ചം വരുന്ന ഭക്ഷണത്തെ ഗ്ലൈക്കോജനാക്കി കരുതിവെക്കാറുണ്ട് ഇങ്ങനെ കരുതി വെച്ച ഗ്ലൈക്കോജൻ ഗ്ലൂക്കോസാക്കി മാറ്റിയാണ് ഭക്ഷണം ലഭിക്കാതെ വരുമ്പോഴുള്ള ഊർജപ്രതിസന്ധി പരിഹരിക്കാറുള്ളത്. തുടർന്നും ഭക്ഷണം ലഭിക്കാതെ മണിക്കൂറുകൾ പിന്നിട്ടാൽ ശരീരം കൊഴുപ്പിലും മാംസപേശികളിലും കൈവെച്ച് പ്രതിസന്ധി പരിഹരിക്കും.**

ആരോഗ്യരംഗത്തും വളരെ പ്രയോജനകരമാണ്. ഇവിടെയാണ് ഐഹിക പട്ടിണിയായ വ്രതം പ്രസക്തമാകുന്നത്. ഒരാൾക്ക് പട്ടിണി മരണം സംഭവിക്കുന്നത് കേവലം വിശപ്പ് അനുഭവക്കുന്നത് കൊണ്ട് മാത്രമല്ല, പ്രത്യുത മുമ്പ് അവൻ വയറുനിറച്ച് ശീലമാക്കിയതുകൊണ്ട് കൂടിയാണ്. അതുപോലെ ആദ്യമായി നോമ്പനുഷ്ഠിക്കുന്നവർക്കും ചില ശാരീരിക പ്രയാസങ്ങൾ ഉണ്ടാകാനിടയുണ്ട്. എന്നാൽ വ്രതം ശീലമാകുന്നതോടുകൂടി ഇത്തരം പ്രയാസങ്ങൾ വിട്ടുമാറുകയും അത് ആരോഗ്യദായകമായി മാറുകയും ചെയ്യും.

വ്രതം ആരോഗ്യത്തിന് ഹാനികരമായിരുന്നുവെങ്കിൽ ഇസ്ലാമിൻെറ ശത്രുക്കൾ അതിനെ ഒരായുധമാക്കി നമ്മെ വിമർശിക്കുമായിരുന്നു. എന്നാൽ ഇസ്ലാമിൻെറ എതിരാളികൾ പോലും ഇന്ന് നോമ്പിനെ പ്രശംസിക്കുകയാണ് ചെയ്യുന്നത്. സർവോപരി ആധുനിക വൈദ്യശാസ്ത്ര പഠനങ്ങളും ഗവേഷണങ്ങളും വ്രതത്തിൻെറ ആരോഗ്യശാസ്ത്ര മാനങ്ങളാണ് വെളിപ്പെടുത്തുന്നത്. നോമ്പ് അനുഷ്ഠിക്കുന്നത് ആരോഗ്യത്തിന് ഒട്ടും അപകടകരമല്ല,

പ്രകൃതി ചികിത്സയിൽ ഒട്ടനവധി അസുഖങ്ങളുടെ ശമനത്തിന് അത് അത്യാവശ്യവുമാണ്. ഭൂമുഖത്തുള്ള ഒരു ജീവിയും രോഗാവസ്ഥയിൽ ഭക്ഷണം കഴിക്കാറില്ല. മനുഷ്യനും ഒരളവോളം അങ്ങനെത്തന്നെയാണ്. അവൻ രോഗിയായിരിക്കുമ്പോൾ ഭക്ഷണത്തോട് താത്പര്യം കാണിക്കാറില്ല. രോഗിയുടെ ഉറ്റവരുടെ നിർബന്ധം കൊണ്ട് മാത്രമാണ് അവൻ വല്ലതും അകത്താക്കാറുള്ളത്. നാം കഴിക്കുന്ന ഭക്ഷണം ദഹിപ്പിക്കാൻ ശരീരം അല്പം ഊർജം ചെലവഴിക്കുകയും അധ്വാനിക്കുകയും ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് തന്നെ രോഗാവസ്ഥയിൽ ഭക്ഷണം കഴിക്കുന്നത് സ്വാഭാവിക രോഗശമനത്തിന് വിഘാതം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല.

മൃഗങ്ങൾ ചെയ്യാറുള്ളത് പോലെ മനുഷ്യനും രോഗാവസ്ഥയിൽ തീറ്റ നിർത്തുകയാണെങ്കിൽ ഒട്ടുമിക്ക അസുഖങ്ങളും ചികിത്സയില്ലാതെ തന്നെ ഭേദമാകാനിടയുണ്ട്. മനുഷ്യരുടെ ശാരീരിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഇന്ധനം ലഭിക്കുന്നത് അവൻ കഴിക്കുന്ന

**വ്രതം ആരോഗ്യദായകമാണെങ്കിലും പകലന്തിയോളം പട്ടിണികിടക്കുകയും രാത്രിയിൽ മൂക്കറ്റം തിന്നുകയും ചെയ്യുന്നവർക്ക് വ്രതത്തിന്റെ ആരോഗ്യനേട്ടങ്ങൾ ലഭിക്കണമെന്നില്ല. റമദാനിലാണങ്കിലും അല്ലെങ്കിലും ഭക്ഷണത്തെക്കുറിച്ചുള്ള ഇസ്‌ലാമിക മാർഗദർശനങ്ങൾ പാലിക്കേണ്ടതുണ്ട്. നബി(സ്വ) പറഞ്ഞു: 'ഒരു മനുഷ്യന് തന്റെ നട്ടെല്ല് നിവർത്താൻ ഏതാനും ചെറിയ ഉരുളകൾ മതി. ഇനി കൂടാതെ കഴിയില്ലെങ്കിൽ അവന്റെ ആമാശയത്തിന്റെ മൂന്നിലൊന്ന് ഭക്ഷണത്തിനും മൂന്നിലൊന്ന് വെള്ളത്തിനും മൂന്നിലൊന്ന് വായുവിനും ആയിരിക്കട്ടെ.'**

ഭക്ഷണത്തിൽ നിന്നാണെങ്കിലും ഭക്ഷണം തീരുന്നതോട് കൂടി അവന്റെ പ്രവർത്തനങ്ങൾ പാടെ നിലക്കുന്ന രൂപത്തിലല്ല അല്ലാഹു മനുഷ്യശരീരത്തെ രുപകൽപന ചെയ്തിട്ടുള്ളത്. അടിയന്തിര ആവശ്യങ്ങൾക്ക് വേണ്ടി കരൾ മിച്ചം വരുന്ന ഭക്ഷണത്തെ ഗ്ലൈക്കോജനാക്കി കരുതിവെക്കാറുണ്ട് ഇങ്ങനെ കരുതി വെച്ച ഗ്ലൈക്കോജൻ ഗ്ലൂക്കോസാക്കി മാറ്റിയാണ് ഭക്ഷണം ലഭിക്കാതെ വരുമ്പോഴുള്ള ഊർജപ്രതിസന്ധി പരിഹരിക്കാറുള്ളത്. തുടർന്നും ഭക്ഷണം ലഭിക്കാതെ മണിക്കൂറുകൾ പിന്നിട്ടാൽ ശരീരം കൊഴുപ്പിലും മാംസപേശികളിലും കൈവെച്ച് പ്രതിസന്ധി പരിഹരിക്കും.

ഒരു നോമ്പുകാരനെ സംബന്ധിച്ചേടത്തോളം അവന് തീരെ നിൽക്കക്കള്ളിയില്ലാതാകുന്നതിന് മുമ്പായി നോമ്പിന്റെ സമയം അവസാനിക്കുകയും വീണ്ടും ഭക്ഷണം കഴിച്ച് ഊർജ പ്രതിസന്ധി തീർക്കാനാവുകയും ചെയ്യും. മനുഷ്യന്റെ ദഹനേന്ദ്രിയ വ്യവസ്ഥയുമായി ബന്ധപ്പെട്ട ഒട്ടെറെ അവയവങ്ങൾക്ക് അല്പം വിശ്രമം ലഭിക്കും എന്നതാണ് നോമ്പ് കൊണ്ട് ലഭിക്കുന്ന മറ്റൊരു ഭൗതിക നേട്ടം. ഉദാഹരണമായി, വൃക്കകൾ രക്തത്തിലെ മാലിന്യങ്ങൾ അരിക്കുന്ന ജോലിയിൽ മുഴുകിയിരിക്കുകയാണല്ലോ. എത്രകണ്ട് ഭക്ഷണം അകത്താക്കുന്നുവോ അത്രകണ്ട് അതിന് ജോലിഭാരവും കൂടും. നോമ്പ് എടുക്കുമ്പോൾ വൃക്കകൾക്ക് ജോലി ഭാരം കുറയുകയും അത് മൂലം മനുഷ്യനെ ഏറെ വിഷമഘട്ടത്തിലെത്തിക്കുന്ന വൃക്ക രോഗങ്ങളിൽനിന്ന് രക്ഷ നേടാൻ സാധിക്കുകയും ചെയ്യും. പോഷകാഹാരക്കുറവ് മൂലമുള്ള രോഗങ്ങളാണ് മുമ്പ് ജനങ്ങളെ വേട്ടയാടിയിരുന്നതെങ്കിൽ ഇന്ന് ഭക്ഷ്യജന്യരോഗങ്ങളാണ് പലരെയും ബാധിക്കുന്നത്. പ്രമേഹം, പ്രഷർ, ഹൃദ്രോഗം എന്നിവ അതിനുദാഹരണമാണ്. ഭക്ഷണ നിയന്ത്രണത്തിലൂടെ ഒരളവോളം ഇവയെ നിയന്ത്രിക്കാനാവും. ഇത്തരം രോഗങ്ങൾ ബാധിക്കുന്നതിൽ പാരമ്പര്യമാണ് പ്രധാന വില്ലനെങ്കിലും വ്രതത്തിലൂടെ ഇവയുടെ പീഡകൾ കുറെയൊക്കെ ലഘൂകരിക്കാനാവും.

വ്രതം ആരോഗ്യദായകമാണെങ്കിലും പകലന്തിയോളം പട്ടിണി കിടക്കുകയും രാത്രിയിൽ മൂക്കറ്റം തിന്നുകയും ചെയ്യുന്നവർക്ക് വ്രതത്തിന്റെ ആരോഗ്യനേട്ടങ്ങൾ ലഭിക്കണമെന്നില്ല. റമദാനിലാണങ്കിലും അല്ലെങ്കിലും ഭക്ഷണത്തെക്കുറിച്ചുള്ള ഇസ്‌ലാമിക മാർഗദർശനങ്ങൾ പാലിക്കേണ്ടതുണ്ട്. നബി(സ്വ) പറഞ്ഞു: 'ഒരു മനുഷ്യന് തന്റെ നട്ടെല്ല് നിവർത്താൻ ഏതാനും ചെറിയ ഉരുളകൾ മതി. ഇനി കൂടാതെ കഴിയില്ലെങ്കിൽ അവന്റെ ആമാശയത്തിന്റെ മൂന്നിലൊന്ന് ഭക്ഷണത്തിനും മൂന്നിലൊന്ന് വെള്ളത്തിനും മൂന്നിലൊന്ന് വായുവിനും ആയിരിക്കട്ടെ.'

'നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക, അമിതമാകരുത്' എന്നാണ് ഖുർആൻ ആവർത്തിച്ച് ആവശ്യപ്പെടുന്നത്. നോമ്പ് എടുക്കുന്നവരും ഈ മാർഗനിർദേശങ്ങൾ പാലിച്ചെങ്കിൽ മാത്രമെ വ്രതത്തിലൂടെ അവർക്ക് ആത്മീയതയും ആരോഗ്യവും ആർജിക്കാനാവുകയുള്ളൂ.





# നടുറോഡിലെ മരണം

ഇബ്നു അലി എടത്തനാട്ടുകര

ഒരു സമ്മേളനത്തിന് പോകുകയായിരുന്നു ഞങ്ങൾ. മെയിൻ റോഡിലേക്ക് കേറി ഇടത്തോട്ട് പോകുന്നതിന് പകരം തെറ്റി വലത്തോട്ടാണ് പോയത്. കാർ ഓടിച്ചിരുന്ന സുഹൃത്ത് ഒരു സ്ഥലം കണ്ടപ്പോഴാണ് അക്കഥ ഓർത്തത്. കൂട്ടുകാരനും ഭാര്യയും രാത്രി വൈകി കാറിൽ മടങ്ങുകയാണ്. നല്ല മഴയും ഉണ്ട്. അതുകൊണ്ട് സാവകാശമാണ് യാത്ര. അപ്പോൾ മുന്നിൽ നിന്ന് വന്ന ഒരു ബൈക്ക് റോഡിൽ ഒരാളെ ഇടിച്ച് വീഴ്ത്തി. ഓടിച്ച ചെറുപ്പക്കാരൻ ബൈക്കിൽനിന്ന് പൊങ്ങിപ്പറന്ന് റോഡിൽ വീണു. ബൈക്കുകാരൻ പിടഞ്ഞെണീറ്റ് വീണു കിടക്കുന്ന ആളുടെ അടുത്തേക്ക് പാഞ്ഞു. അപ്പോഴേക്കും വേറെ രണ്ട് യാത്രക്കാരും എത്തി.

റോഡിൽ കിടക്കുന്നയാൾക്ക് 70ന് മുകളിൽ പ്രായം തോന്നും. വെള്ള മുണ്ടും കുപ്പായവും തൊപ്പിയും താടിയും. സുഹൃത്തിന്റെ കാറിൽ ആശുപത്രിയിൽ എത്തിക്കാൻ സഹായം തേടി. ബാക്ക് സീറ്റിലെ പായ്ക്കുകളും മറ്റും മാറ്റി അയാളെ കേറ്റി. മറ്റു രണ്ട് പേരും കൂടെ ചെന്നു. ആശുപത്രിയിൽ ആളെ പരിശോധിച്ച ഡോക്ടർ അയാൾ മരണപ്പെട്ടുവെന്നറിയിച്ചു. വന്ന മൂന്ന് പേർക്കും ആളെ അറിയില്ല. ഒരു മണിക്കൂർ നേരം അവിടെ ചെലവഴിച്ചു. പിന്നെ ഡോക്ടർ ഫോൺ നമ്പർ വാങ്ങി. ആവശ്യമുണ്ടെങ്കിൽ വിളിക്കാം എന്നും പറഞ്ഞ് അവരെ പറഞ്ഞയച്ചു.

മടങ്ങുമ്പോൾ അപകടം നടന്ന സ്ഥലത്ത് ഒരു ടൂറിസ്റ്റ് ബസ് കിടക്കുന്നു. ബസിൽ സ്ത്രീകളും കുട്ടികളുമൊക്കെയുണ്ട്. കുറച്ച് പേർ പുറത്തിറങ്ങി ആരെയോ തിരയുന്ന പോലെ. സുഹൃത്ത് വണ്ടി നിർത്തി കാര്യം അന്വേഷിച്ചു. മരിച്ച ആളെയാണ് അവരന്വേഷിക്കുന്നതെന്ന് മനസ്സിലാക്കിയ സുഹൃത്ത് കാര്യങ്ങൾ വിശദീകരിച്ചു.

അവർ ഒരു യാത്ര പോയതാണ്. മടക്കത്തിൽ എന്തോ ഒരാവശ്യത്തിന് ബസ് നിർത്തി. കുറച്ച് പേർ പുറത്തിറങ്ങിയിരുന്നു. എല്ലാവരും കേറി എന്ന് കരുതി ബസ് വിട്ടു പോയി. കുറച്ച് കഴിഞ്ഞാണ് ആ പ്രായമുള്ളയാൾ ബസ്സിലില്ല എന്നറിഞ്ഞത്. അപ്പോൾ ബസ് തിരികെ വന്ന് ആളെ തിരയുകയാണ്.

മനുഷ്യന്റെ കാര്യം ഇത്രയേയുള്ളൂ. സന്തോഷത്തിൽ ഒരു യാത്ര പോയതാണ്. യാത്രയിൽ ഇടക്ക് ഒറ്റപ്പെട്ടു, നടുറോട്ടിൽ ചെറിയ ബൈക്ക് മരണ രൂപത്തിൽ എത്തി. അനാഥ ജഡമായി കുറച്ച് നേരം ആശുപത്രിയിലും! അതെ, ഇത്രയേ ഉള്ളൂ മനുഷ്യന്റെ കാര്യം. ഏതെങ്കിലും രൂപത്തിൽ മുന്നിൽ ചാടി വീണു കീഴടക്കിയേക്കാവുന്ന മരണത്തെ പ്രതീക്ഷിച്ചിരിക്കാം നമുക്കും. അതിൽ നിന്ന് ആർക്കും രക്ഷപ്പെടാനാകില്ലല്ലോ. അതിന് മുമ്പ് വിശ്വാസവും കർമങ്ങളും നന്നാക്കിയവർ രക്ഷപ്പെട്ടു.

WISDOM students

27 ാമത്

ഹൃദയം തുറക്കാം,
ക്വുർആൻ പഠിക്കാം

# ക്വുർആൻ വിജ്ഞാന പരീക്ഷ

## 2023 ഏപ്രിൽ 6 വ്യാഴം

**സിലബസ്**

- സൂറ : അൽ ഫുർഖാൻ (അദ്ധ്യായം 25)
- സൂറ : അശ്ശുഅറാഅ് (അദ്ധ്യായം 26)

മുഹമ്മദ് അമാനി മൗലവിയുടെ ക്വുർആൻ വിവരണത്തിൽ നിന്ന്

1 ലക്ഷം രൂപയുടെ സമ്മാനങ്ങൾ

Scan QR Code For Registration
guide.wisdomislam.org

പഠന ക്ലാസ്സുകൾക്ക് സന്ദർശിക്കുക..
WisdomGlobalTV

7560 902 902

CV Complex, PV Swami Road, Kozhikode
wisdomstudents wisdomglobaltv

peaceradio

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
25 MARCH 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


നല്ല നാളേക്കായ് ഇന്ന് പഠിക്കാം

SCHOOL OF Qur'an
READ. LEARN. EVOLVE

2023-24
രജിസ്ട്രേഷൻ ആരംഭിച്ചു



അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി
ഏപ്രിൽ 30

## സവിശേഷതകൾ:

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- ഗ്രേഡ് ഒന്നിൽ 172 സ്ലോട്ടുകളിലായി അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്...
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോഅപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോവിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ

☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം

☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം

☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ

☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

☆ അപേക്ഷകർ www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷ ഫോം പൂരിപ്പിക്കുക.

**Head Office:**
Jamia Al-Hind Al-Islamiyya, Vadi Al Hikma, Jamia Campus,
Mini Ootty - Oorakam, Malappuram - Kerala - India - PIN 676519
Mob: +91 8606788882, WhatsApp: 9072646000
mail@schoolofquran.in www.schoolofquran.in

**SCHOOL OF QURA'N CENTERS:**

I KASARAGODE: 8089192273 I KANHANGAD: 9605210101 I THALIPARMBA: 8606776770 I KINAVAKKAL: 9995334766 I VADAKARA:9995494598
I KAPPAD: 9846808230 I PARAPPANAGADI: 9544924596 I TIRUR: 9633099992 I THOTTASSERYARA: 8606600555 I CHATTIPARAMBA: 9496526220
I KOTTAKKAL: 9995798755 I EDATHANATTUKARA: 9495467259 I MANJERI: 9846872999 I AREEKODE: 9447926082 I VENGIDANGU: 9048869220
I MARANJERY: 9946739215 I KOLLAM: 80895 46729 I KAYAMKULAM: 89434 64478 I ATTINGAL: 9497714521 I KODUVAYUR: 9745287883 I KOLLAYIL: 9747258263
I OTHAYI: 9497 650100 I PALAPPETTY: 9207942750 I WANDOOR: 9544610220 I ANCHAL: 9048739182 I KANNANALLOOR: 9961493999 I KUNJATHUR: 8089619272

I COIMBATORE: 9080475224 I ERODE: 9942958888 I SALEM: 9865167864 I METTUPALAYAM: 8300886551 I POLLACHI: 9940838413 I UDAMALPET: 9865051917